നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 9 Issue - 1 January 2020

2020

നിന്റെ ആത്മാവ് ശുഭമായിരിക്കട്ടെ

പേജ് 9

Editorial

കെണികളുണ്ട് സൂക്ഷിക്കുക

കെണി ഒരുക്കി കാത്തിരിക്കുന്ന ഒരു വേട്ടക്കാരനോ കൃഷിക്കാരനോ തന്റെ കെണിയിൽ ഒരു ജീവി വീണു എന്നു കാണുമ്പോൾ സന്തോഷത്താൽ തുള്ളിച്ചാടും. എന്നാൽ കെണിയിൽ വീണ ജീവിയുടെ കാര്യമോ? അതിന്റെ പ്രാണൻ പൊലിഞ്ഞതു തന്നെ. ഏതെങ്കിലും നിശ്ചിത ലക്ഷ്യവുമായി നടന്നു നീങ്ങുമ്പോഴായിരിക്കും ഒളിച്ചുവെച്ചിരിക്കുന്ന കെണിയിൽ പതിക്കുക. നിറയെ കെണികളുള്ള ചുറ്റുപാടുകളിലൂടെയാണ് നമ്മുടെ വിശ്വാസയാത്ര എന്നറിയാമോ?

പാവം ജീവികൾക്കു കെണിയുടെ സാന്നിധ്യം തിരിച്ചറിയാൻ പറ്റിയെന്നു വരില്ല, മുന്നറിയിപ്പുകൾ അവർക്കു ലഭ്യമല്ലല്ലോ. എന്നാൽ മനുഷ്യരെ സംബന്ധിച്ച് വിവേകബുദ്ധിയും തിരിച്ചറിവുകളും മുന്നറിയിപ്പുമെല്ലാം ഉള്ളതിനാൽ കെണികളെ ഒഴിഞ്ഞുമാറാനോ അതിജീവിക്കാനോ കഴിയും. എന്നാൽ അശ്രദ്ധകൊണ്ടോ അവിവേകം നിമിത്തമോ കെണിയിൽ വീണാൽ പെട്ടതുതന്നെ. തന്ത്രപൂർവ്വം കെണി ഒരുക്കുന്നതിൽ സമർഥനായ പിശാച് ഏദെൻ തോട്ടം മുതൽ അതു പരീക്ഷിച്ചു വിജയിച്ച ചരിത്രമുള്ളവനായതിനാൽ ദൈവവചനത്തിലെ മുന്നറിയിപ്പുകൾ സശ്രദ്ധം നാം കരുതിക്കൊള്ളേണം. കർത്താവിനോടുകൂടെയുള്ള നിത്യത ലക്ഷ്യമാക്കി നടന്നു മുന്നേറുന്ന നമ്മുടെ ലക്ഷ്യം തെറ്റിക്കാൻ സാധ്യതയുള്ള ചില കെണികളെ വിശദമായി വിശദീകരിക്കുന്നുണ്ട് ഈ ലക്കത്തിലെ സന്ദേശത്തിൽ. ദുർലാഭമോഹികളായ മനുഷ്യർ ഒരുക്കുന്ന കെണികളെ പരാമർശിക്കുന്ന ഇതര ലേഖനങ്ങളും ഈ ലക്കത്തിലുണ്ട്.

ഒരു പുതുവർഷത്തിലേക്കാണ് നാം പ്രവേശിച്ചിരിക്കുന്നത്. വരും ദിവസങ്ങളെക്കുറിച്ചു കൃത്യമായ ലക്ഷ്യങ്ങളുണ്ടായിരിക്കുന്നതു നല്ലതാണ്. ലക്ഷ്യങ്ങൾ നേടിയെടുക്കാൻ അവലംബിക്കുന്ന മാർഗങ്ങൾ തികഞ്ഞ ദൈവീക പദ്ധതികൾ ആയിരിക്കേണം. ദൈവത്തെയും ദൈവവചനത്തെയും മുൻനിർത്തിയുള്ള പദ്ധതികളല്ലെങ്കിൽ ചതിക്കുഴികൾ സുനിശ്ചിതമാണ്. ചതിവുകളെ ചതിവുകളായും, നഷ്ടങ്ങളെ നഷ്ടങ്ങളായും അപ്പോഴപ്പോൾ ബോധ്യപ്പെടുന്നില്ലെങ്കിൽ ഒടുവിലായിരിക്കും ഫലം ബോധ്യപ്പെടുക. ആത്യന്തിക നഷ്ടത്തിൽ കൊണ്ടെത്തിക്കുന്ന കെണികളുടെ തുടക്കം ആകർഷകമായി തോന്നിക്കുന്ന എന്തെങ്കിലും നന്മ ആയിരിക്കും. കാണ്മാൻ നല്ലതോ, തിന്മാൻ രുചിയുള്ളതോ, ഉന്നത പദവികളിലേക്കു നടത്തുന്നതോ ആയ 'ഇര'കളെ കണ്ടെത്തുമ്പോൾ നേട്ടം എന്നായിരിക്കും തോന്നുക. പിറകിൽ ഒളിഞ്ഞിരിക്കുന്ന കെണി ഒടുവിലേ മനസ്സിലാകൂ. ദൈവരാജ്യവും അതിന്റെ മഹത്വവും ലക്ഷ്യം വെക്കുന്ന നമ്മുടെ മുമ്പിൽ ശത്രു വിന്യസിക്കുന്ന 'ഇര' ഈ ലോകത്തിന്റെ മഹത്വം ആയിരിക്കും. അവയെ, ദൈവം ഒരുക്കിയ നന്മ, വാഗ്ദത്ത നിവർത്തി എന്നൊക്കെ ഓമനപ്പേരിട്ട് ആശ്ലേഷിക്കരുത്. ദൈവം ഒരുക്കുന്നതും നമ്മുടെ ഭൗതിക താല്പര്യങ്ങൾ തേടിപ്പിടിക്കുന്നതും തമ്മിൽ തിരിച്ചറിയാൻ കഴിയണം. ജീവിതത്തിന്റെ ആവശ്യനിവർത്തികൾക്കപ്പുറത്ത്, ആർഭാടങ്ങളിലായിരിക്കും മിക്കപ്പോഴും ചതിക്കുഴികൾ ക്രമീകരിക്കപ്പെട്ടിരിക്കുന്നത്.

ദൈവനാമമഹത്വവും നമ്മുടെ പ്രത്യാശയും മുൻനിർത്തി പദ്ധതികളെ ആസൂത്രണം ചെയ്യാനായാൽ, ആ വിധത്തിൽ നമ്മുടെ വരുംദിനങ്ങളെ സെറ്റുചെയ്യാൻ കഴിഞ്ഞാൽ ജീവിതം ശുഭപര്യവസായി ആകും; കർത്താവിന്റെ വരവു താമസിച്ചാൽ 2020 അനുഗ്രഹസമ്പൂർണ്ണമാകും. ശുഭകരമായ ആത്മികജീവിതം നയിക്കാൻ കഴിയുന്ന ഒരു പുതുവത്സരം ഏവർക്കും ആശംസിക്കുന്നു.

പുസ്തകം 9 ലക്കം 1
ജനുവരി 2020

ഈ ലക്കത്തിൽ

അധികം പ്രാർഥിക്കേണ്ട ദിനങ്ങൾ 4
ജോയ് എം. തോമസ്

അറിയാതെ അഹങ്കാരം പറയുന്നുവോ? 7
സാജു മാത്യു

നിന്റെ ആത്മാവ് ശുഭമായിരിക്കട്ടെ 9
ഡോ: ജെസ്സി ജയ്സൺ

ശൗൽ അഭിമുഖീകരിച്ച നേർവീഥി 12
കാനം അച്ചൻ

വാർത്താവീഥി 14

അബദ്ധം പിണയരുത് 15
കെ.വി. സാമുവൽ

സന്തുഷ്ടിയുടെ മന:ശാസ്ത്രം 17
സുജിത് സൈമൺ

രക്ഷയിൽ വളർത്തുന്ന ദൈവകൃപ 20
ചെയ്സ് ജോസഫ്

നാം ഏല്പിച്ചുകൊടുക്കുന്നവ ദൈവം... 22
ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

വനിതാ വീഥി 25
എൽസി ജോയ്

ശിഷ്യത്വത്തിനു നൽകേണ്ട വില 27
ജോയ് എം. തോമസ്

തിരിച്ചറിവില്ലാത്ത ലോകത്തെ വിവേചിച്ചറിയണം 31
കെ.വി. രാജു

മാനേജിങ് എഡിറ്റർ
ജോയ് എം. തോമസ്

എഡിറ്റർ
കെ.വി. രാജു

കൺസൾട്ടന്റ് എഡിറ്റർ
എം.സി. കുര്യൻ

മാനേജർ
പി.വി. വർഗീസ്

അഡ്വൈസറി ബോർഡ്
സുവി. പി.ഐ. ഏബ്രഹാം
പാസ്റ്റർ ബാബു ചെറിയാൻ
പാസ്റ്റർ കെ.ജെ. മാത്യു
ഡോ. മാത്യു ഫിന്നി
ഡോ. സി.റ്റി. ലൂയിസ്കുട്ടി

ഗ്രാഫിക്സ്
ഷൈൻ കെ. സാമുവൽ

Address :

Righteous Path Publication Trust
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.

Office : 8547916678
Editor : 9447764084

www.nerveedhi.com
e-mail:
editornerveedhi@gmail.com
nerveedhi@yahoo.com

Edited, Printed and Published by K.V Raju on behalf of the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam -686019.

Annual Subscription Rs. 200.00



ജോയ് എം. തോമസ്

അധികം പ്രാർഥിക്കേണ്ട ദിനങ്ങൾ

2020 -ന്റെ ആദ്യ ദിനങ്ങളിലൂടെ നമ്മൾ യാത്ര ആരംഭിച്ചിരിക്കുന്നു. പിന്നിട്ട ദിനങ്ങളിലേക്കും വർഷങ്ങളിലേക്കും തിരിഞ്ഞു നോക്കുമ്പോൾ നമുക്കൊരുമിച്ചു പറയുവാൻ കഴിയും - ദൈവം വിശ്വസ്തൻ! നാം അവനോടു അവിശ്വസ്തരായിത്തീർന്നപ്പോഴും ദൈവം നമ്മോടു വിശ്വസ്തനായിരുന്നു. ദൈവത്തിന്റെ വിശ്വസ്തത വർണ്ണിച്ചുതുടങ്ങിയാൽ ദൈവത്തോടുള്ള നന്ദി നമ്മുടെ ഹൃദയത്തിൽ നിറഞ്ഞൊഴുകും. നന്ദിയുള്ള ഹൃദയത്തിൽ നിന്നു മാത്രമേ വിശ്വസ്തത മുളയ്ക്കുകയുള്ളൂ. ദൈവത്തോടു വിശ്വസ്തരാകുവാനുള്ള അഭിവാഞ്ച നമ്മിൽ വളർന്നാൽ വരുന്ന ദിനങ്ങളിലെ നമ്മുടെ ജീവിതം കൂടുതൽ ഫലപ്രദവും ഉദ്ദേശപൂർണ്ണവുമായിരിക്കും എന്നതിനു സംശയം വേണ്ട.

അധികം പ്രാർഥിക്കേണ്ട ദിനങ്ങളാണ് നമ്മുടെ മുമ്പിലുള്ളത്. കർത്താവ് അരുളിച്ചെയ്ത ചില വചനങ്ങളിലേക്കു നിങ്ങളുടെ ശ്രദ്ധ ഞാൻ ക്ഷണിക്കുകയാണ്. "നിങ്ങളുടെ ഹൃദയം അതിഭക്ഷണത്താലും മദ്യപാനത്താലും ഉപജീവന ചിന്തകളാലും ഭാരപ്പെട്ടിട്ടു ആ ദിവസം നിങ്ങൾക്കു പെട്ടെന്നു കെണിപോലെ വരാതിരിപ്പാൻ സൂക്ഷിച്ചുകൊൾവീൻ. അതു സർവ്വ ഭൂതലത്തിലും വസിക്കുന്ന ഏവർക്കും വരും. ആകയാൽ ഈ സംഭവിപ്പാനുള്ള എല്ലാത്തിനും ഒഴിഞ്ഞുപോകുവാനും മനുഷ്യപുത്രന്റെ മുമ്പിൽ നില്പാനും നിങ്ങൾ പ്രാപ്തരാകേണ്ടതിനു സദാ കാലവും ഉണർന്നും പ്രാർഥിച്ചും കൊണ്ടിരിപ്പിൻ" (ലൂക്കോസ് 21 : 34 - 36)

പുതിയനിയമ കാലയളവിനെ അന്ത്യകാലമായിട്ടാണ് ദൈവവചനത്തിൽ രേഖപ്പെടുത്തിയിരിക്കുന്നത്. ഈ അന്ത്യകാലത്തിന്റെ അന്ത്യകാലയളവിലാണ് നാം ജീവിക്കുന്നത് എന്നതു എത്രയും ഗൗരവത്തോടുകൂടി നാം ഓർമ്മിക്കേണ്ടതാണ്. അന്ത്യകാലത്തിന്റെ അന്ത്യം യേശുക്രിസ്തുവിന്റെ വരവാണ്. അതിനു മുമ്പായി സംഭവിക്കേണ്ട കാര്യങ്ങൾ സംഭവിച്ചുകൊണ്ടിരിക്കും. ഈ സംഭവങ്ങളുടെ വലിയ സമ്മർദ്ദം ലോക ജനതകളുടെ മേൽ ഉണ്ടാകുമ്പോൾ നാം അതിൽ നിന്നും ഒഴിഞ്ഞുപോകുവാൻ ചെയ്യേണ്ടതു ഉണർന്നു പ്രാർഥിക്കുക എന്നതാണ്.

നാം സൂക്ഷ്മതയുള്ളവരാകേണ്ട മൂന്നു പ്രധാന കാര്യങ്ങൾ - അതിഭക്ഷണം, മദ്യപാനം, ഉപജീവനചിന്തകൾ. ഇവയിൽ ഒന്നും നമ്മെ ഭാരപ്പെടുത്താതെ വണ്ണം നാം സൂക്ഷിക്കേണ്ടതു വളരെ ആവശ്യം. സർവ്വഭൂതലത്തിലും വസിക്കുന്ന ഏവർക്കും ബാധകമാകുന്ന വിഷയമാണിതെന്നു കർത്താവു നമ്മെ ഓർമ്മിപ്പിച്ചിരിക്കുന്നു. മനുഷ്യന്റെ ജീവിതശൈലിയുടെ ഭാഗമായിത്തീരുന്നവയാണിവകൾ എന്നു നാം മനസ്സിലാക്കണം. ഇവ നമുക്കു കെണിയാകാതിരിക്കുവാൻ നാം സൂക്ഷ്മതയുള്ളവരും ഉണർന്നു പ്രാർഥിക്കുന്നവരുമാകണം.

ഒന്നാമത്തെ വിഷയം അതിഭക്ഷണമെന്നതാണ്.

"അമിതമായിട്ട് എന്തും" എന്നതാണ് ഇവിടത്തെ ആശയം. ഭക്ഷണം നമുക്കു അത്യാവശ്യമാണ്. എന്നാൽ അമിതഭക്ഷണം അനാവശ്യവും ആപത്തുമാണ്. ശലോമോൻ നൽകുന്ന ഉപദേശം ശ്രദ്ധിക്കുക. "മകനേ, തേൻ തിന്നുക;

അതു നല്ലതല്ലോ; തേങ്കട്ട നിന്റെ അണ്ണാക്കിനു മധുരമത്രേ'' (സദൃശ്യവാക്യങ്ങൾ 29 : 13). എന്നാൽ തേൻ ഭക്ഷിക്കുന്നതിനും ഒരു പരിധി ഉണ്ടായിരിക്കണം. നല്ലതാണെന്നു പറഞ്ഞു അമിതമായി തിന്നുവാൻ പാടില്ല. ശലോമോൻ തന്നെ അതു നമ്മോടു വ്യക്തമാക്കുന്നു. "നിനക്കു തേൻ കിട്ടിയാൽ വേണ്ടുന്നതേ ഭുജിക്കാവൂ; അധികം നിറഞ്ഞിട്ടു ഛർദ്ദിപ്പാൻ ഇടവരരുത്" (സദൃശ്യവാക്യങ്ങൾ 25:16) "അമൃതും അധികമായാൽ വിഷം എന്നുള്ള പഴഞ്ചൊല്ലും നമുക്ക് അറിവുള്ളതാണല്ലോ!

നോഹയുടെ കാലത്തു "തിന്നുക കുടിക്കുക" എന്നതു ജനങ്ങളുടെ ജീവിതശൈലി ആയിരുന്നു. കർത്താവിന്റെ വരവിന്റെ സമയത്തും ഈ ജീവിതശൈലിയിൽ ജനങ്ങൾ ഒഴുകും എന്ന മുന്നറിയിപ്പ് കർത്താവു തന്നിട്ടുണ്ടല്ലോ (മത്തായി 24 : 38). അതിഭക്ഷണവും മദ്യപാനവും ഒരുമിച്ചു പോകുന്നവയാണ്(carousing and drunkenness). ഇതിനെതിരെ ശലോമോൻ നൽകുന്ന മുന്നറിയിപ്പ് ശ്രദ്ധിക്കുക. "നീ വീഞ്ഞു കുടിക്കുന്നവരുടെ കൂട്ടത്തിലും മാംസഭോജനപ്രിയരുടെ ഇടയിലും ഇരിക്കരുത്. കുടിയനും അതിഭക്ഷകനും ദരിദ്രരായ്ത്തീരും" (സദൃശ്യവാക്യങ്ങൾ 23 : 20, 21). നമ്മുടെ ചുറ്റുപാടുകളിലേക്കു ശ്രദ്ധിച്ചാൽ കർത്താവു നമ്മെ ഓർമ്മിപ്പിക്കുന്ന ഈ അപകടം എത്രമാത്രം സത്യമാണ് എന്നു മനസ്സിലാകും. ആഘോഷങ്ങൾക്കും ആർഭാടങ്ങൾക്കും, ആഡംബരത്തിനും ഉണ്ടായിക്കൊണ്ടിരിക്കുന്ന വർധനവു നാം കാണുന്നില്ലേ? ഇതിൽ ഒരു മത്സരം തന്നെയല്ലേ നടന്നുകൊണ്ടിരിക്കുന്നത്? ഈ ഒഴുക്കിൽ ഒരിക്കൽ ദൈവകൃപ അനുഭവിച്ചവരും ഒഴുകി തുടങ്ങിയോ? നാം വളരെ ഗൗരവമായി ചിന്തിക്കേണ്ട വിഷയമാണിത്. നാം ഉണർന്നു പ്രാർഥിക്കേണ്ടിയിരിക്കുന്നു.

രണ്ടാമത്തെ വിഷയം മദ്യപാനമാണ്.

മദ്യപാനം മനുഷ്യനെ അടിമപ്പെടുത്തുന്നതും സുബോധം നഷ്ടപ്പെടുത്തുന്നതുമാണ്. "വീഞ്ഞു കുടിച്ചു മത്തരാകരുത്, അതിനാൽ ദുർന്നടപ്പു ഉണ്ടാകുമല്ലോ'' (എഫേസ്യർ 5 : 18) എന്ന പ്രബോധനം ശ്രദ്ധിക്കുക. നമ്മെ അടിമപ്പെടുത്തുന്നതും തെറ്റായ വഴികളിലേക്കു തിരിക്കുവാൻ കാരണവുമായ എല്ലാം എന്ന ആശയത്തിലാണ് 'മദ്യപാനം' എന്ന പ്രയോഗത്തെ നാം കാണേണ്ടത്. ഇന്റർനെറ്റ്, ഫെയ്സ്ബുക്ക് തുടങ്ങിയുള്ളവയും ഉല്ലാസത്തിനും സമയം പോക്കിനുമുള്ള

ആഘോഷങ്ങൾക്കും ആർഭാടങ്ങൾക്കും, ആഡംബരത്തിനും ഉണ്ടായിക്കൊണ്ടിരിക്കുന്ന വർധനവു നാം കാണുന്നില്ലേ? ഇതിൽ ഒരു മത്സരം തന്നെയല്ലേ നടന്നുകൊണ്ടിരിക്കുന്നത്? ഈ ഒഴുക്കിൽ ഒരിക്കൽ ദൈവകൃപ അനുഭവിച്ചവരും ഒഴുകി തുടങ്ങിയോ?

ഗെയിംസ്വരെയും ഇതിനുള്ളിൽ വരുന്നുണ്ട്. പാപം എന്നു പറയുന്നതു നമ്മുടെ ലക്ഷ്യം തെറ്റിക്കുന്നതെന്തുമാണ്. അതിനാൽ ഏതെല്ലാം വിഷയത്തിൽ അടിമപ്പെട്ടു (addict) പോകുന്നുണ്ട് എന്നു ശ്രദ്ധിക്കേണ്ടതു വളരെ അത്യാവശ്യമാണ്. ക്രിസ്തുവിനോടുള്ള ഏകാഗ്രതയും നിർമ്മലതയും വിട്ടു നമ്മുടെ ഹൃദയം വഷളായി പോകുന്നതു കാണാനാണ് പിശാച് നമ്മോടു പോരാടിക്കൊണ്ടിരിക്കുന്നത്. (2 കൊരിന്ത്യർ 11:3). അതിനാൽ ഓരോരുത്തരും തങ്ങളുടെ ജീവിതത്തെ പരിശോധിക്കയും തങ്ങളുടെ ഹൃദയം കർത്താവിനോടു ഏകാഗ്രതയും നിർമ്മലതയും ഉള്ളതായിരിക്കേണ്ടതിനു ഉണർന്നു പ്രാർഥിക്കയും ചെയ്യേണ്ടതു അത്യാവശ്യമായിരിക്കുന്നു.

ഉപജീവനചിന്തകളാണ് മൂന്നാമത്തെ വിഷയം.

ജീവിതത്തെക്കുറിച്ചുള്ള ചിന്താകുലങ്ങളും ഉത്കണ്ഠകളും എല്ലാവരുടെയും ജീവിതത്തിൽ ഉണ്ട്. എന്നാൽ ദൈവമക്കൾക്ക് ദൈവത്തിന്റെ കരുതലിൽ ഉള്ള വിശ്വാസവും ഉറപ്പും ഉപജീവനചിന്തകൾക്കു കടിഞ്ഞാണിടുന്നതാണ്. വർധിച്ചുവരുന്ന ആവശ്യങ്ങളും വർധിച്ചുവരുന്ന ചിലവുകളും ഉപജീവനചിന്തകൾക്കു ആക്കം കൂട്ടുന്നു. എല്ലാവർക്കും വൈദ്യുതിയാൽ പ്രവർത്തിക്കുന്ന വീട്ടുപകരണങ്ങൾ ഇന്ന് ഉണ്ട്. സ്മാർട്ട് ഫോണുകൾ ഇല്ലാത്ത വ്യക്തികൾ ചുരുക്കം. ഒരു വീട്ടിൽ ഒരു നാലുചക്രവാഹനമെങ്കിലും അതിനോടൊപ്പം ഇരുചക്രവാഹനങ്ങളും. പെട്രോളിനും ഡീസലിനും ദിനന്തോറും എന്ന പോലെയുള്ള വിലവർധനവ് എല്ലാറ്റിന്റെയും വിലക്കയറ്റത്തിനു വഴിയൊരുക്കുന്നു. കാലാവസ്ഥാമാറ്റങ്ങളും

കാർഷിക ഉല്പന്നങ്ങൾക്കു പ്രതികൂലമായിത്തീരുന്നു. ഇങ്ങനെ പല കാരണങ്ങളാൽ ദിനന്തോറുമുള്ള ചിലവുകൾ വർധിക്കുന്നു. മറ്റൊരു വശത്തു മാരകരോഗങ്ങളുടെ വർധനവും ചികിത്സാചിലവുകളുടെ വർധനവും വിദഗ്ദ ചികിത്സയുടെ ദൗർലഭ്യവും. കുട്ടികളുടെ വിദ്യാഭ്യാസം ഇന്നു ഏറ്റവും ചിലവുള്ളതായിരിക്കുന്നു. ഈ സാഹചര്യ സമ്മർദ്ദങ്ങൾ എല്ലാം ഭൂതലത്തിൽ വസിക്കുന്ന എല്ലാവർക്കും അനുഭവപ്പെടുന്നവയാണല്ലോ. ഈ സമ്മർദ്ദങ്ങൾ എല്ലാം ഒരു കെണിയാണ്.

തിരക്കുകളുടെ ലോകമാണ് നമ്മുടെ ചുറ്റും. നാമും തിരക്കിന്റെ (busy) ബലിയാടുകൾ ആകുകയാണ്. തമ്മിൽ തമ്മിലുള്ള ബന്ധങ്ങൾ കുറയുന്നു. സ്വന്തം കാര്യങ്ങൾ, അത്യാവശ്യസ്വഭാവമുള്ളതു ഏറെയാകുമ്പോൾ മറ്റുള്ളവരുടെ ക്ഷേമത്തിൽ ശ്രദ്ധിപ്പാൻ നമുക്കു കഴിയുന്നില്ല. നല്ല ആഗ്രഹങ്ങൾ എല്ലാം മനസ്സിൽ സൂക്ഷിച്ചു കൊണ്ടു നടക്കുന്നു. പക്ഷേ പ്രവൃത്തിപഥത്തിൽ എത്തിക്കുവാൻ കഴിയുന്നില്ല. ഉള്ളിലുള്ള സ്നേഹം പോലും പ്രകടിപ്പിക്കുവാൻ കഴിയുന്നില്ല. ഒറ്റപ്പെടലിന്റെ വേദന ഓരോരുത്തരുടെയും സ്വകാര്യദു:ഖമായിത്തീർന്നുകൊണ്ടിരിക്കുന്നു. സ്നേഹവാനായ ദൈവത്തിന്റെ സ്നേഹം ഉൾക്കൊള്ളുവാനും ആസ്വദിക്കുവാനും കഴിയാത്ത നിലയിൽ നാം തിരക്കുകൾക്കു അടിമപ്പെട്ടുപോയി. വളരെ അപകടകരമായ ഈ അവസ്ഥയെക്കുറിച്ചു നാം ബോധവാന്മാരാകേണ്ടിരിയിക്കുന്നു.

മത്സരജീവിതശൈലിയാണ് നമ്മെ തിരക്കിന്റെ കാരാഗൃഹത്തിൽ ആക്കിയത്. വിദ്യാഭ്യാസരംഗവും മത്സരലോകമാണ്. ഭാവിയെ സുരക്ഷിതമാക്കുവാനുള്ള മത്സര ഓട്ടത്തിൽ കുട്ടികൾക്കുള്ള കോച്ചിംഗിനു അതുല്യസ്ഥാനം വന്നുപോയി. പഠന തിരക്കുകൾക്കിടയിൽ മാതാപിതാക്കൾക്കും കുട്ടികൾക്കും ഒരേപോലെ പ്രാർഥനാജീവിതം അന്യപ്പെട്ടുപോകുന്നു. സഭാ പ്രാർഥനകൾ പലതും ചടങ്ങുകളായി ചുരുങ്ങുന്നു. അതിനാൽ അതിൽ സംബന്ധിച്ചില്ലെങ്കിലും തെറ്റില്ല എന്ന ചിന്ത അധികം പേരിലും വളർന്നിരിക്കുന്നു. എന്തോ പന്തികേട് എല്ലാ രംഗത്തും നാം കാണുന്നില്ലേ? എന്താണ് ഈ അവസ്ഥക്കു ഒരു പ്രതിവിധി.

കർത്താവു പറയുന്നു, "ഉണർന്നും പ്രാർഥിച്ചും കൊണ്ടിരിപ്പിൻ." മനുഷ്യപുത്രന്റെ വരവു ഇനി

നമ്മുടെ സുരക്ഷ കർത്താവിൽ മാത്രമാണെന്നു മനസ്സിലാക്കി കർത്താവിനോടു പറ്റിനില്ക്കുവാൻ തീരുമാനിക്കാം. കർത്താവിന്റെ സ്നേഹം ഉൾക്കൊണ്ട് ആസ്വദിക്കുമ്പോഴാണ് ജീവിതം ആനന്ദകരമാകുന്നതെന്ന യാഥാർത്ഥ്യം മനസ്സിലാക്കി കർത്താവിനായി സമർപ്പിതരാകാം.

സംഭവിക്കുവാൻ പോകുന്ന ഏറ്റവും വലിയ സംഭവമാണ്. കർത്താവിന്റെ വരവിനെ പ്രതീക്ഷിക്കാത്ത ഒരു ജീവിതശൈലി എല്ലാവരെയും അടിമപ്പെടുത്തി കഴിഞ്ഞതിനാൽ 'നിനയ്ക്കാത്ത നാഴികയിൽ മനുഷ്യപുത്രൻ വരും' എന്ന കർത്താവിന്റെ മുന്നറിയിപ്പിനു പ്രസക്തി ഏറി. പ്രിയ സഹോദരങ്ങളെ നമുക്കു ഉണരാം. ചുറ്റുപാടുകളെക്കുറിച്ചു ജാഗ്രതയുള്ളവരാകാം. കർത്താവിന്റെ വരവിൽ പ്രത്യാശ അർപ്പിച്ചു ജീവിതത്തെ ഉദ്ധരിക്കാം. നമ്മുടെ സുരക്ഷ കർത്താവിൽ മാത്രമാണെന്നു മനസ്സിലാക്കി കർത്താവിനോടു പറ്റിനില്ക്കുവാൻ തീരുമാനിക്കാം. കർത്താവിന്റെ സ്നേഹം ഉൾക്കൊണ്ട് ആസ്വദിക്കുമ്പോഴാണ് ജീവിതം ആനന്ദകരമാകുന്നതെന്ന യാഥാർത്ഥ്യം മനസ്സിലാക്കി കർത്താവിനായി സമർപ്പിതരാകാം.

പ്രാർഥന ഒരു ചടങ്ങോ, ആചാരമോ അനുഷ്ഠാനമോ ഒന്നുമല്ല. ദൈവവുമായുള്ള നമ്മുടെ ആത്മ ബന്ധമാണ്. നിരന്തര ബന്ധം! കർത്താവുമായുള്ള നമ്മുടെ ബന്ധം ദൃഢമാകുമ്പോൾ പ്രാർഥന നമ്മുടെ ജീവിതശൈലിയായിത്തീരും. എന്തിനും,ഏതിനും ദൈവത്തിൽ ആശ്രയിക്കുന്ന, ദൈവത്തിനുപ്രസാദമായതു മാത്രം തിരഞ്ഞെടുത്തു ജീവിക്കുന്ന ഒരു ജീവിത ശൈലിയാണ് പ്രാർഥന ഉളവാക്കുന്നത്. അപ്പോൾ ജീവിതത്തിൽ ഏറെ സുരക്ഷിതത്വ ബോധം നമ്മെ ഭരിക്കുകയും ജീവിതം ആനന്ദകരവും സമാധാനമുള്ളതും ആയിരിക്കയും ചെയ്യും. അപ്പോൾ വിശുദ്ധ ജീവിതം സ്വാഭാവികമായും നമ്മുടെ ജീവിതത്തിന്റെ സവിശേഷതയായിത്തീരുകയും നാം കർത്താവിന്റെ മുമ്പിൽ നില്ക്കുവാൻ പ്രാപ്തരായി മാറുകയും ചെയ്യും. പ്രിയപ്പെട്ടവരെ, ഇതു പ്രാർഥിക്കേണ്ട ദിനങ്ങൾ!



സാജു മാത്യു

അറിയാതെ അഹങ്കാരം പറയുന്നുവോ?

"ആകയാൽ നിന്റെ ദൈവമായ യഹോവ നിനക്ക് ആ നല്ല ദേശം അവകാശമായി തരുന്നതു നിന്റെ നീതി നിമിത്തം അല്ല എന്ന് അറിഞ്ഞുകൊള്ളുക, നീ ദുശാഠ്യമുള്ള ജനമല്ലോ." (ആവർത്തനം 9 : 6)

യിസ്രായേൽമക്കൾ മിസ്രയീം വിട്ടിട്ട് ഏകദേശം നാല്പതു സംവത്സരം ആകുന്നു. ഇതുവരെയും കനാൻ നാട്ടിലേക്കു അവർ പ്രവേശിച്ചില്ല. ഒരു പക്ഷെ നാലുമാസം കൊണ്ട് അവർക്കു മിസ്രയീമിൽ നിന്നും കനാൻ നാട്ടിലെത്താമായിരുന്നു. എന്നാൽ നാല്പതു വർഷം ദൈവം അവരുടെ കനാൻ പ്രവേശനത്തെ വെച്ചുതാമസിപ്പിച്ചു. ഈ വർഷങ്ങളത്രയും അവർ മരുഭൂമിയിലായിരുന്നു. എന്നാൽ ഇപ്പോൾ (ഈ സമയത്ത് ആവർത്തനം 9 : 1) അവർ കനാനിലേക്കു പ്രവേശിക്കുകയാണ്.

യിസ്രായേൽ മാനുഷികനിലയിൽ ഒരു ബലഹീന ജനതയാണ്. നാനൂറു സംവത്സരം മിസ്രയീമിൽ അടിമകൾ. പിന്നെ നാല്പതു വർഷം മരുഭൂമിയിൽ ദേശാടനക്കാർ. സുരക്ഷിതമായ ഒരു സൈന്യമില്ല, അടരാടുവാൻ ആയുധങ്ങളില്ല, പോരാളിയായ ഒരു സൈന്യാധിപനുമില്ല. യിസ്രായേൽ കീഴടക്കുവാൻ പോകുന്ന രാജ്യങ്ങൾ അങ്ങനെയല്ല. അവരേക്കാൾ വലിപ്പവും ബലവുമുള്ള ജാതികളെയും ആകാശത്തോളം ഉയർന്ന മതിലുള്ള വലിയ പട്ടണങ്ങളെയും വലിപ്പവും പൊക്കവുമുള്ള അനാക്യരെന്ന ജാതിയെയും (ആവർത്തനം 9 : 1, 2) ആണ് അവർ കീഴടക്കാൻ പോകുന്നത്. ചില്ലറക്കാരല്ല അവർ. എത്ര വലിയവരാണവർ എന്നത് യിസ്രായേൽമക്കൾ തന്നെ കണ്ടറിഞ്ഞിട്ടുള്ളതാണ് (സംഖ്യാ 13). "അനാക്യരുടെ മുമ്പാകെ നിൽക്കുന്നവൻ ആർ'' എന്നൊരു ചൊല്ലുതന്നെ അന്നു മധ്യപൂർവ ദേശത്തു നിലനിന്നിരുന്നു (ആവർത്തനം 9 : 2).

തങ്ങളെക്കാൾ ശക്തിയും ബലവുമുള്ളവരെ കീഴടക്കുവാൻ കഴിഞ്ഞാൽ സ്വഭാവികമായും നമ്മുടെ മനസ്സിൽ തോന്നാനിടയുള്ള രണ്ടു കാര്യങ്ങളുണ്ട്.

ഒന്ന്. "എന്റെ ശക്തിയും എന്റെ കയ്യുടെ ബലവുംകൊണ്ട് ഇതെല്ലാം നേടി" (ആവർത്തനം 8 : 17).

രണ്ട്. ഇതൊന്നും എന്റെ ശക്തിയും എന്റെ കയ്യുടെ ബലവുമല്ല... അനാക്യരുടെ മുമ്പിൽ ഞാൻ എന്തുള്ളൂ... എല്ലാം ദൈവത്തിന്റെ പ്രവൃത്തിയാണ്.... പിന്നെ, എന്റെ ദൈവം എനിക്കു വേണ്ടി ഇതെല്ലാം ചെയ്യും... ഞാൻ മറ്റുള്ളവരെപ്പോലെയൊന്നുമല്ല. ഞാൻ നീതിമാനായി ദൈവസന്നിധിയിൽ ജീവിച്ചു... ദൈവം എന്നെ സഹായിക്കാതിരിക്കുമോ?

ഈ രണ്ടു ചിന്താഗതികളെയും മോശെ ഇവിടെ ചോദ്യം ചെയ്യുകയാണ്. ദൈവം യിസ്രായേലിനു കനാൻ ദേശത്തെ കൊടുക്കുന്നത് ഈ രണ്ടു കാരണത്താലുമല്ല എന്നു മോശെ അസന്നിഗ്ധമായി പറയുന്നു. ഒന്നാമതു കനാനിലെ ജനങ്ങളുടെ മേലുള്ള യിസ്രായേലിന്റെ വിജയം അവരുടെ സൈനീക വിജയമല്ല. സൈന്യം കനാനിൽ പ്രവേശിക്കും മുമ്പ് ദൈവമായ യഹോവ ദഹിപ്പിക്കുന്ന അഗ്നിയായി യിസ്രായേല്യരുടെ മുമ്പിൽ കടന്നുപോയി കനാന്യസൈന്യത്തെ തകർത്ത് താഴ്ത്തി നിസഹായരാക്കി അവരെ യിസ്രായേലിനു ഏല്പിച്ചു കൊടുക്കുകയായിരുന്നു. അതുകൊണ്ടാണു അവരെ നീക്കിക്കളയുവാനും ക്ഷണത്തിൽ നശിപ്പിക്കുവാനും യിസ്രായേലിനു കഴിഞ്ഞത് (ആവർത്തനം 9 : 3). അതിനാൽ യിസ്രാ

യേലിനു അവരുടെ ശക്തിയിലോ കയ്യുടെ ബല ത്തിലോ പുകഴുവാനൊന്നുമില്ല.

രണ്ടാമത്തെ അവകാശവാദപ്രകാരം ദൈവ മാണു അവരെ സഹായിച്ചത്. എന്നാൽ ദൈവം സഹായിക്കാൻ കാരണം തങ്ങൾ നീതിമാന്മാരാ യതുകൊണ്ടാണ്. ഇതും മോശെ നിഷേധിക്കു ന്നു. പ്രവൃത്തിയിൽ തങ്ങൾ നീതിമാന്മാരാ ണെന്നു മാത്രമല്ല, തങ്ങൾ ഹൃദയപരമാർഥികളാ ണെന്നും അവർ പറയുന്നു. എന്നാൽ മോശെ പറഞ്ഞു, "ഇല്ല, നിന്റെ നീതി നിമിത്തവും നിന്റെ ഹൃദയപരമാർഥത നിമിത്തവും അല്ല, ആ ജാതി യുടെ ദുഷ്ടത നിമിത്തവും, അബ്രഹാം, യിസഹാ ക്ക്, യാക്കോബ് എന്ന നിന്റെ പിതാക്കന്മാരോടു യഹോവ സത്യം ചെയ്ത വചനം നിവർത്തിക്കേ ണ്ടതിനും അത്രേ നിന്റെ ദൈവമായ യഹോവ അവരെ നിന്റെ മുമ്പിൽ നിന്നും നീക്കിക്കളയു ന്നത്" (ആവർത്തനം 9 : 4). യിസ്രായേലിന്റെ നീതിക്കുള്ള പ്രതിഫലമായി ദൈവം അവർക്കു കനാൻനാടു കൊടുക്കുകയല്ല പ്രത്യുത, കനാന്യജാതികളുടെ ദുഷ്ടതയ്ക്കുള്ള ശിക്ഷ യായി അവരെ ആ നാട്ടിൽ നിന്നും ഓടിച്ചുകള യുകയാണെന്നു സാരം.

ഇതൊരു മുന്നറിയിപ്പുകൂടിയാണ്. "നിന്റെ ദൈവമായ യഹോവയെ നീ മറക്കുകയും അന്യ ദൈവങ്ങളെ പിൻതുടർന്നു അവയെ സേവിച്ചു നമസ്കരിക്കുകയും ചെയ്താൽ യഹോവ നിങ്ങ ളുടെ മുമ്പിൽ നിന്നും നശിപ്പിക്കുന്ന ജാതികളെ പ്പോലെതന്നെ നിങ്ങളും നശിച്ചുപോകും...." (ആ വർത്തനം 8 : 19, 20)

എന്നാൽ, ദുഷ്ടരായ കനാന്യരെ നീക്കിക്കള യുവാൻ യിസ്രായേലിനു എന്തുകൊണ്ട് അവ സരം ലഭിച്ചു? അവർ നീതിമാന്മാരായതുകൊ ണ്ടാണോ? അല്ല, അതിനും മോശെയ്ക്കു ഉത്ത രമുണ്ട്. നിന്റെ പിതാക്കന്മാരോടു ദൈവം ചെയ്ത ഉടമ്പടിയെ അവൻ മറന്നുകളയുന്നില്ല. എനിക്കു ആശ്രിതനായ ഒരു വിശ്വസ്ത കാര്യ സ്ഥൻ ഉണ്ടായിരുന്നുവെന്നിരിക്കട്ടെ. എന്റെ റബ്ബർതോട്ടങ്ങളും കൃഷിയിടങ്ങളുമൊക്കെ ഭംഗി യായി നോക്കി നടത്തിയിരുന്ന ആ വ്യക്തിയെ എന്റെ ബിസിനസ്സ് കാര്യങ്ങളിൽ പോലും ഞാൻ കൂട്ടാളിയാക്കി. അത്രയ്ക്കു വിശ്വസ്തനായിരുന്നു അയാൾ. എന്നാൽ അയാളുടെ എല്ലാ കഴിവു കൾക്കും വിശ്വസ്തതയ്ക്കും അപവാദമായിരുന്നു അയാളുടെ മകൻ. ചെറുപ്പത്തിലേ അവൻ ധൂർത്തുപുത്രനായി. പഠനം സ്കൂൾ തലത്തിൽ വെച്ചേ നിർത്തി. കൂട്ടുകൂടി കള്ളുകുടിയും അടി പിടിയും ഒക്കെ തുടങ്ങി. അപ്പന്റെ പണം മോഷ്ടിച്ചുകൊണ്ടുപോകുവാൻ പോലും അവനു മടിയില്ല. ഉത്തരവാദിത്വമില്ലാത്ത ജീവിതം. അവന്റെ ജീവിതം കണ്ട് എനിക്കും ദു:ഖമായി

അങ്ങനെയിരിക്കെ ഞാൻ ഒരു ഫാക്ടറി തുട ങ്ങി. എനിക്കു ഒരു പ്രൊഡക്ഷൻ മാനേജരെ വേ ണം. കമ്പനി മാനേജുമെന്റിൽ ബിരുദങ്ങളും ജോലി പരിചയവും എല്ലാമുള്ള പല യുവാക്കളും ജോലിക്കായി അപേക്ഷിച്ചു. കൂട്ടത്തിൽ എന്റെ ആശ്രിതന്റെ മകന്റെ അപേക്ഷയും ലഭിച്ചുവെന്നു വയ്ക്കുക, ആരെ നിയമിക്കണം. എന്റെ മുമ്പിൽ വലിയൊരു ചോദ്യചിഹ്നം വന്നുനില്ക്കുന്നു. കമ്പനിയുടെ മെച്ചപ്പെട്ട നടത്തിപ്പ് ഒരു വശത്ത്... മറുവശത്ത് എന്റെ ആശ്രിതനോടും അവന്റെ തല മുറയോടുമുള്ള പ്രീതി.

ഒടുവിൽ ഞാൻ തീരുമാനിച്ചു, എന്റെ ആശ്രി തന്റെ മകന് ഒരു അവസരം കൊടുക്കണം. കമ്പ നിയുടെ വളർച്ച മന്ദഗതിയിലായേക്കാം. അല്പ മൊക്കെ സാമ്പത്തിക നഷ്ടവും ഉണ്ടായേക്കാം. എന്നാൽ, ഒരു അവസരം ലഭിച്ചാൽ എന്റെ ആശ്രി തന്റെ മകൻ നന്നായേക്കാം. പുതിയ ജോലിയും പുതിയ അന്തരീക്ഷവും അവനൊരു രൂപാന്തരം വരുത്താം. അവൻ പഴയ കൂട്ടുകെട്ടുകളെ ഉപേ ക്ഷിച്ചു മിടുക്കനായേക്കാം.

യിസ്രായേൽ മക്കൾക്കും ദൈവം ഇതുപോ ലൊരു അവസരം നൽകുകയാണ്. കനാൻനാടു ദൈവം യിസ്രായേൽ മക്കൾക്കു കൊടുക്കുന്ന പ്രതിഫലമല്ല, ഔദാര്യമാണ്. മിസ്രയീമിൽ ദൈവ നിഷേധികളായി വിഗ്രഹാരാധികളായി ദുരാഗ്രഹി കളായി കിടന്ന യിസ്രായേലിനെ തന്റെ ഭുജബ ലത്താൽ വിടുവിച്ച് കനാൻ നാടിന്റെ അവകാശം ഏല്പിച്ചുകൊടുക്കുമ്പോൾ ദൈവം അവരിൽ നി ന്നും വലിയൊരു രൂപാന്തരം പ്രതീക്ഷിക്കുന്നുണ്ട്.

എന്റെ ആശ്രിതന്റെ മകനു ഞാൻ കൊടുത്ത ജോലി അവൻ നന്നാകാനുള്ള അവസരമാണ്. എന്നാൽ അവൻ അതിനെ ഔദാര്യമായി മനസ്സി ലാക്കാതെ," ലോകം മുഴുവനും തിരക്കിയിട്ടും എന്നെപ്പോലെ യോഗ്യനായ, കാളിഫൈഡായ ഒരുത്തനെയും ഞങ്ങളുടെ ഉടമസ്ഥനു കണ്ടെ ത്താനായില്ല. എന്റെ കഴിവുകളുടെ ബാഹുല്യ മാണ് ഈ കസേരയിൽ ഞാൻ ഇരിക്കാനുള്ള കാ രണം. പിന്നെ എന്റെ അപ്പനെപ്പോലെ ഞാനും

ശേഷം പേജ് 30 ▶



ഡോ: ജെസ്സി ജയ്സൺ

നിന്റെ ആത്മാവ് ശുഭമായിരിക്കട്ടെ

വർഷാന്ത്യങ്ങൾക്കും വർഷാരംഭങ്ങൾക്കും വലിയ പ്രത്യേകത കളെന്താണുള്ളത്? എടുത്തുപറയത്തക്കതായി ഒന്നുമില്ല. എങ്കിലും ഒരു യാത്രയുടെ ചില പ്രധാന ഘട്ടങ്ങളായോ ഓരോ വർഷാവസാനവും ആയുസ്സിന്റെ പാതയിലെ ഓരോ മൈൽകുറ്റികളായോ കരുതുന്നതിൽ തെറ്റില്ല. അങ്ങനെയെങ്കിൽ തിരിഞ്ഞുനോട്ടങ്ങളുടെയും, ലക്ഷ്യനിർണ്ണ യങ്ങളുടെയും അമൂല്യമായ സന്ദർഭങ്ങളാണവ. റിയർ വ്യൂ മിറർ ഏതൊരു വാഹനത്തിലുമെന്നപോലെ, ബൈനോക്കുലർ കപ്പിത്താന്റെ കയ്യിലെന്നപോലെ നമുക്കും ജീവിതയാത്രയിൽ ഈ നോട്ടങ്ങൾ ആവ ശ്യമായി വരുന്നു. പുതുവർഷത്തിലേക്ക് ഒരേയൊരു ആശംസ നൽക ട്ടെ, "നിങ്ങളുടെ ആത്മാവ് ശുഭമായിരിക്കുന്നതുപോലെ നിങ്ങൾ സക ലത്തിലും ശുഭമായും സുഖമായും ഇരിക്കട്ടെ."

അപ്പോസ്തലനായ യോഹന്നാൻ ഗായോസിന് എഴുതിയ ഈ വാക്കു കൾക്ക് (3 യോഹന്നാൻ 2) എന്നത്തേതിലുമേറെ മാനസിക സംഘർഷ ങ്ങൾ നിറഞ്ഞ ഇക്കാലത്ത് പ്രസക്തിയുള്ളതായി തോന്നുന്നു. ശാരീ രിക സൗഖ്യവും, സാമ്പത്തിക ഭദ്രതയും, സാമൂഹ്യസമാധാനവുമൊ ക്കെയാണ് മനുഷ്യന് ആന്തരിക ശുഭത നൽകുന്ന മുഖ്യഘടകങ്ങളായി നാം കാണുന്നത്. ഇവ ഓരോന്നും വളരെ പ്രധാന്യമുള്ളതു തന്നെ. എന്നാൽ, ദൈവവചനം കൃത്യമായി പഠിക്കുന്ന ഒരു വ്യക്തിക്കറിയാം, ജീവിതത്തിന്റെ സീസണുകൾ (ഋതുക്കൾ) മാറിവരുമ്പോൾ മേൽപ്പറഞ്ഞി രിക്കുന്ന ഓരോ കാര്യത്തിലും വലിയ വ്യതിയാനങ്ങൾ സംഭവിക്കാമെ ന്ന്. വചനമാകുന്ന പാറമേൽ അടിസ്ഥാനമിട്ട് ജീവിതം പണിയുന്നവർ മറ്റൊന്നുകൂടെ അറിയുന്നു, ഇതിലൊക്കെ പ്രതിസന്ധികൾ വർധിക്കു മ്പോഴും ഉറച്ചുനിൽക്കുവാൻ ശക്തി തരുന്ന ഒരു ആന്തരിക ശുഭത അഥവാ കരുത്ത് ദൈവമക്കൾക്ക് സ്വായത്തമാണ്.

പ്രശ്നങ്ങളില്ലാത്തവരെയല്ല നാം വിശ്വാസികൾ എന്ന് വിളിക്കുന്ന ത്; പ്രശ്നങ്ങൾക്കു മുമ്പിൽ ദൈവത്തിൽ മനസ്സുറപ്പിക്കുന്നവരെയാണ്. പോയവർഷത്തിൽ ഓരോ പ്രതിസന്ധിയിലും പ്രാർഥന കുറഞ്ഞുപോ യവരായിരുന്നെങ്കിൽ പുതുവർഷത്തിൽ എല്ലാ സുഖദു:ഖങ്ങളിലും ക്രൂശിന്റെ ചുവട്ടിൽ നിന്നു മാറാത്തവരായി നിൽപ്പാൻ സർവ്വശക്തൻ നമ്മെ സഹായിക്കട്ടെ. "ജീവിതത്തിൽ പിടിച്ചുനിൽക്കുവാൻ കഴിയു

പ്രശ്നങ്ങളില്ലാത്തവരെയല്ല നാം വിശ്വാസികൾ എന്ന് വിളിക്കുന്നത്; പ്രശ്നങ്ങൾക്കു മുമ്പിൽ ദൈവത്തിൽ മനസ്സുറപ്പിക്കുന്നവരെയാണ്. പോയവർഷത്തിൽ ഓരോ പ്രതിസന്ധിയിലും പ്രാർഥന കുറഞ്ഞുപോയവരായിരുന്നെങ്കിൽ പുതുവർഷത്തിൽ എല്ലാ സുഖദു:ഖങ്ങളിലും ക്രൂശിന്റെ ചുവട്ടിൽ നിന്നു മാറാത്തവരായി നിൽപ്പാൻ സർവ്വശക്തൻ നമ്മെ സഹായിക്കട്ടെ.

ന്നില്ല...” “തരണം ചെയ്യുവാൻ ശക്തിയില്ല...” എന്നൊക്കെയുള്ള നൂറുകണക്കിനു ഫോൺവിളികൾ കേൾക്കുമ്പോൾ തെറ്റിദ്ധരിക്കരുത്, ദാരിദ്ര്യമോ കടുത്ത രോഗമോ ഒക്കെയാവുമെന്ന്. വാക്കുകളുടെ ഉടമകളിൽ 80 ശതമാനത്തിലധികവും ജീവിതത്തിൽ എല്ലാ സുഖസൗകര്യങ്ങളും, ജോലിയും, കുടുംബവുമൊക്കെയുള്ളവരാണ്. എന്നാൽ നഷ്ടപ്പെട്ടത് ആന്തരിക ശുഭതയാണ്. ആത്മാവിലെ സൗഖ്യമാണ്; സ്വസ്ഥതയുള്ള ഉറക്കമാണ്.

ആത്മാവിന്റെ ജീവൻ

നേട്ടങ്ങളുടെ അടിസ്ഥാനത്തിൽ ജീവിതത്തെ വിലയിരുത്തുന്നവർ, സമ്പത്തുകളുടെ മാനദണ്ഡത്തിൽ ബന്ധങ്ങൾക്ക് രൂപം നൽകുന്നവർ, പദവികളുടെ വെളിച്ചത്തിൽ മാത്രം പരസ്പര ബഹുമാനം കാട്ടുന്നവർ - ഇങ്ങനെ ഒരു കച്ചവട സംസ്കാരം നമ്മുടെയെല്ലാമുള്ളിൽ എങ്ങനെയോ വളരുമ്പോൾ ശ്രദ്ധിക്കേണ്ടതൊന്നുണ്ട്. മത്തായി 16 : 26 ലെ യേശുവിന്റെ വചനങ്ങൾ ‘‘ഒരുവൻ സർവ്വലോകവും നേടീട്ടും തന്റെ ജീവനെ നഷ്ടപ്പെടുത്തിയാൽ അവന് എന്തു പ്രയോജനം?” എന്നു വെച്ചാൽ പുറമേ ജീവിത സുഖങ്ങളെല്ലാമുള്ളപ്പോൾത്തന്നെ ജീവൻ നഷ്ടപ്പെടുന്ന അവസ്ഥയുടെ സാധ്യത നിലനിൽക്കുന്നു എന്നതു തന്നേ. അനുഗമിക്കുന്നവനെക്കുറിച്ച്, മുമ്പുള്ള വാക്യങ്ങളിൽ പറയുന്നത്, ഓരോരുത്തനും തന്റെ ക്രൂശ് എടുക്കേണ്ടതുണ്ട് എന്നു തന്നെയാണ്. ഇത്തരത്തിൽ തന്നെത്താൻ ത്യജിച്ച് തന്റെ ജീവനെ കളയുന്നവൻ അതിനെ കണ്ടെത്തും എന്ന് ഉറപ്പിച്ച് പ്രസ്താവിക്കുന്നു. എല്ലാം നേടിയാലും ആത്മാവിലെ ജീവൻ നഷ്ടപ്പെട്ടാൽ പ്രയോജനമില്ല എന്ന ചിന്ത നേതൃത്വങ്ങൾക്കും, ഉന്നതർക്കും, ശുശ്രൂഷകർക്കും, സാധാരണ വിശ്വാസികൾക്കും ഒരുപോലെ നൽകപ്പെട്ടിരിക്കുന്നു. ഈ ആന്തരിക ജീവനെക്കുറിച്ചുള്ള മനോഹരമായ മറ്റൊരു ഉദ്ധരണി ലൂക്കോസ് 12 : 15 -ൽ കാണുന്നതിങ്ങനെയാണ്, ‘‘ഒരുത്തനു സമൃദ്ധി ഉണ്ടായാലും അവന്റെ വസ്തുവകയല്ല അവന്റെ ജീവന് ആധാരമായിരിക്കുന്നത്.” അങ്ങനെയെങ്കിൽ ദൈവവചനം പ്രതിപാദിക്കുന്ന ഈ ജീവൻ ഭൗതിക സുഖങ്ങളെ ആധാരമാക്കിയുള്ളതല്ല; പ്രതിസന്ധികളുടെ അഭാവവുമല്ല. പിന്നെയോ, ദൈവം നൽകുന്ന ഏതനുഭവത്തിലും - സുഖമോ ദു:ഖമോ, പരാജയമോ വിജയമോ, നഷ്ടങ്ങളോ നേട്ടങ്ങളോ, ഉയർച്ചകളോ താഴ്ചകളോ അവഗണനയോ അംഗീകാരമോ - ദൈവത്തിൽ പ്രത്യാശവെച്ച് ഉറച്ചിരിക്കുന്ന മനസ്സിന്റെ അവസ്ഥയാണ്.

ശൂനേമിലെ ധനികയായ സ്ത്രീ ദൈവപുരുഷനായ ഏലീശയെ കാണുവാൻ വരുമ്പോൾ ഗേഹസിയുടെ ചോദ്യത്തിന് മറുപടിയായി “സുഖം തന്നേ” എന്ന് പറയുന്നത് “It is well with my soul'' എന്ന അർഥത്തിലാണ്. തന്റെ ജീവിതത്തിലെ ഏറ്റം വലിയ ദു:ഖം അനുഭവിച്ചുകൊണ്ടിരിക്കുമ്പോഴും താൻ സ്നേഹിച്ചു സേവിക്കുന്ന ദൈവത്തെ ശരണമാക്കുന്ന ഒരു തീരുമാനമായിരുന്നു അവളുടെ പ്രാണനിൽ സൗഖ്യം നൽകിയത് (2രാജക്കന്മാർ 4 : 25, 26). മൂന്നു കാര്യങ്ങൾ അവൾക്കു പ്രാപ്തമായി, ആ ആന്തരിക ജീവനാൽ: (1) ശരിയായ ഇടത്ത് സഹായം തേടിപോകുവാനുള്ള തീരുമാനം (2) ദൈവാശ്രയം നഷ്ടപ്പെടുത്തുവാൻ സാധ്യതയുള്ള സാഹചര്യങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും കാര്യം മറച്ചുവെക്കുവാനുള്ള തീരുമാനം (3) തന്റെ പ്രശ്നത്തിന്റെ ഉത്തരവാദിത്തം പൂർണ്ണമായും ദൈവത്തിൽ തന്നെ ഭരമേൽപ്പിക്കുവാനുള്ള തീരുമാനം. ആത്മാവു ശുഭമായിരുന്നാൽ മനുഷ്യൻ സകലത്തിലും ശുഭമായിരിക്കും എന്ന പ്രമാണം അവളിൽ അന്വർഥമായി. എന്റെ മനസ്സ് ഇടിഞ്ഞിരിക്കുന്നു എന്നു വ്യസനിക്കുന്ന സങ്കീർത്തനക്കാരന്റെ പ്രാണനിൽ അനുഭവിച്ച ദൈവാശ്രയം “എന്റെ മനസ്സ് ഉറച്ചിരിക്കുന്നു” എന്നു പാടുവാൻ (സങ്കീർത്തനം 57) അവന് ചൈതന്യം നൽകി.

മനോവ്യഥ (Soul-sickness) കാർന്നു തിന്നുന്ന വ്യക്തികളാണ് ഓരോ ദിവസവും നമ്മുടെ മുന്നിലൂടെ കടന്നു പോകുന്നത്. നാം തന്നേ, പലപ്പോഴും ക്രിസ്തുവിന്റെ ജീവൻ ഉള്ളിലനുഭവിക്കുവാൻ കഴിയാത്തവരായിത്തീരുന്നില്ലേ? ജീവൻ ചോർത്തിക്കളയുന്ന ഘടകങ്ങളിൽ ചിലതെങ്കിലും തിരിച്ചറിഞ്ഞാൽ നന്നായിരിക്കും.

ജീവൻ അപഹരിക്കുന്ന ഘടകങ്ങൾ

(1) ഭൂതകാല ചിന്തകൾ:- പരിഭവങ്ങൾ, മുറിപ്പെടുത്തുന്ന ഓർമ്മകൾ, പരാജയങ്ങൾ, കുറ്റബോധങ്ങൾ, നഷ്ടബോധങ്ങൾ ഇവയൊക്കെ നാലു വശത്തുനിന്നും വടമിട്ട് വലിക്കുന്നതുപോലെ മനുഷ്യമനസ്സുകളെ കീഴ്പ്പെടുത്തി ആത്മസുഖം നഷ്ടപ്പെടുത്തുന്നവയാണ്. ഗോത്രപിതാവായ യാക്കോബിന് അനേക വർഷങ്ങൾ ചൈതന്യം നഷ്ടപ്പെട്ടിരുന്നത് തന്നെ സ്നേഹിക്കുവാൻ ആരുമില്ലാഞ്ഞിട്ടോ, ജീവിക്കുവാൻ മാർഗമില്ലാത്ത

തുകൊണ്ടോ ആയിരുന്നില്ല എന്നു നമുക്കറിയാം. ഇന്നും ആത്മാവിൽ നമ്മെ അസ്ഥിരമാക്കുന്നതിൽ ഭൂതകാല അനുഭവങ്ങളും, അവയുടെ ഓർമ്മകളെ നാം കൈകാര്യം ചെയ്യുന്ന വിധവും ഏറെ പങ്കുവഹിക്കുന്നുണ്ട്. കഴിഞ്ഞുപോയ ആ കാലത്തെ മാറ്റുവാൻ കഴിയില്ല എന്നതു തിരിച്ചറിഞ്ഞുകൊണ്ട് അതിനെ നേരിടുവാൻ കരുത്തു പകരുന്ന, അനുഭവങ്ങൾ മാറ്റിയെടുക്കുവാൻ ശക്തനായ ക്രിസ്തുനാഥനിലേക്ക് വിഷയം കൈമാറ്റം ചെയ്കയാണ് വേണ്ടത്.

(2) **ഭാവികാല ചിന്തകൾ:** ഇനിയും വന്നെത്തിയിട്ടില്ലാത്ത ഭാവിയെക്കുറിച്ചുള്ള ഒരിക്കലും നിലയ്ക്കാത്ത ഭയവും, ഭീതിയും, ആകുലതയും ആശങ്കയും നമ്മുടെ ആത്മാവിന്റെ സൗഖ്യം അപ്പാടേ അപഹരിക്കുവാൻ പര്യാപ്തമാണ്. ദൈവജനത്തിന്റെ അപചയവും ശത്രുവിന്റെ ഭീഷണിയുമെല്ലാം ഒത്തുചേർന്ന് കരുത്തനായ പ്രവാചകൻ ഏലിയാവിനെ ചൂരച്ചെടിയുടെ കീഴിലെത്തിച്ചത് കടുത്ത മാനസിക സമ്മർദ്ദത്തിനടിമയായി, അകത്തെ ജീവൻ കൈമോശം വന്നവനായാണ്. ദൈവസാന്നിധ്യം അവനെ പുനർജ്ജീവിപ്പിക്കുവാൻ ഇടയായെങ്കിൽ അതിന്റെ കാരണം, അവൻ നിരാശയിലേക്ക് കൂപ്പുകുത്തുമ്പോഴും ''ഇപ്പോൾ മതി, യഹോവേ'' എന്നു തന്റെ ജീവന്റെ ഉറവിടത്തിലേക്ക് തന്നെ തിരിഞ്ഞു എന്നതാകാം (2 രാജാക്കന്മാർ 19 : 4). ഭാവി ദിനങ്ങളൊന്നും നമ്മുടെ കയ്യിലല്ല എന്നും, ശരണമാക്കിയാൽ ദൈവം എന്റെ ഭാവിയുടെ കാര്യം മാറ്റി എഴുതുമെന്നുമുള്ള ധൈര്യം ആത്മാവിൽ ജീവൻ പകരുന്നു."

(3) **വർത്തമാനകാല ചിന്തകൾ:**

'ഞാൻ തന്നെ എന്റെ ജീവിതം നിയന്ത്രിച്ചെങ്കിലേ കാര്യം ശരിയാകൂ' എന്ന ചിന്ത ഇന്നത്തെ കാലഘട്ടത്തിന്റെ സമ്മാനമാണ്. ദൈവത്തിലുള്ള നങ്കൂരം ഇല്ലാതാക്കി സ്വയാശ്രയത്തിൽ എത്തപ്പെടുമ്പോൾ നമ്മുടെ പരിശ്രമം കൊണ്ടു മാത്രം വിജയം സാധ്യമാകുന്നു എന്ന മിഥ്യാധാരണയിലെത്തുന്നു. ജീവിതമൂല്യങ്ങളും മുൻഗണനകളും അതിനനുസരിച്ച് മാറുന്നു. പാട്ടോടും പ്രാർഥനയോടും അതിരാവിലെ ഉണർന്ന് ദൈവമുഖം ഉത്സാഹത്തോടെ അന്വേഷിച്ച തലമുറയിൽ നിന്ന്, സമൂഹമാധ്യമങ്ങളിൽ സംതൃപ്തി കണ്ടെത്തുന്നവരായി മാത്രം നാം മാറിക്കഴിഞ്ഞു. സകലവും അവനിൽ നിന്നും അവനാലും അവങ്കലേക്കും എന്ന ദൈവീക ദർശനം; സകലവും എന്നിൽ നിന്നും, എന്നാലും എന്നിലേക്കും എന്ന് മനസ്സിൽ മാറ്റിയെഴുതുക വഴി ആന്തരിക ജീവൻ നഷ്ടപ്പെടുവാൻ നാം തന്നെ സാഹചര്യമൊരുക്കുന്നു. ഘട്ടം ഘട്ടമായി ദൈവ-കേന്ദ്രീകൃത ജീവിതത്തിൽ നിന്ന് വലിച്ചകറ്റുന്ന സാമൂഹ്യമാധ്യമങ്ങൾ, ചിന്തകൾ, ബന്ധങ്ങൾ, ശീലങ്ങൾ ഇവയ്ക്ക് ജീവിതം അടിയറവയ്ക്കുവാൻ ദൈവജനവും മടിക്കാതിരിക്കുമ്പോൾ ഒന്നിനും തൃപ്തിപ്പെടുത്തുവാൻ കഴിയാത്ത മാനസികാവസ്ഥയിൽ നാമെത്തിച്ചേരുകയാണ്.

പാട്ടോടും പ്രാർഥനയോടും അതിരാവിലെ ഉണർന്ന് ദൈവമുഖം ഉത്സാഹത്തോടെ അന്വേഷിച്ച തലമുറയിൽ നിന്ന്, സമൂഹമാധ്യമങ്ങളിൽ സംതൃപ്തി കണ്ടെത്തുന്നവരായി മാത്രം നാം മാറിക്കഴിഞ്ഞു.

അപ്പോസ്തലൻ ഫിലിപ്പിയർ 3 : 14 -ൽ എഴുതുന്നു, ഒന്നു ഞാൻ ചെയ്യുന്നു, പിമ്പിലുള്ളത് മറന്നും, മുമ്പിലുള്ളതിന് ആഞ്ഞുംകൊണ്ട് ക്രിസ്തുയേശുവിൽ ദൈവത്തിന്റെ പരമവിളിയുടെ വിരുതിനായി ലാക്കിലേക്കോടുന്നു." ഇത് ഭൂത, ഭാവി, വർത്തമാനകാലാനുഭവങ്ങളിലെ ചിന്തകൾ സംബന്ധിച്ച ഒരു തെരഞ്ഞെടുപ്പാണ്. ഫിലിപ്പിയർ 4:8 "ഒടുവിൽ സഹോദരന്മാരേ, സത്യമായത് ഒക്കെയും, ഘനമായതൊക്കെയും, നീതിയായതൊക്കെയും, നിർമ്മലമായതൊക്കെയും, രമ്യമായതൊക്കെയും, സൽഗുണമോ പുകഴ്ചയോ അതൊക്കെയും ചിന്തിച്ചുകൊൾവീൻ" എന്ന ആഹ്വാനം പുതുവർഷത്തിൽ ഒരു തീരുമാനമാകട്ടെ. മാറാ എന്ന് സ്വയം വിളിച്ച് ഉള്ളിൽ മരണത്തെ പുൽകുന്ന നൊവോമിക്കുപോലും ജീവൻ നൽകുവാൻ അത്രയേറെ കൂരിരുട്ടിൽ ഒറ്റപ്പെട്ടുപോയ രൂത്തിന് കഴിഞ്ഞത് യഹോവയിങ്കലേക്ക് അവളുടെ മനസ്സ് ആശ്രയിച്ച് ഉറച്ചിരുന്നു എന്നതിനാലാണ്. ഈ ജീവൻ, ആത്മാവു ശുഭമായിരിക്കുന്ന അനുഭവം പുതുവർഷത്തിൽ നമുക്കു മാത്രമല്ല നമ്മുടെ സഭകൾക്കും, ചുറ്റുപാടുകൾക്കും പ്രത്യാശയുടെ കിരണങ്ങൾ നൽകുവാൻ പ്രാപ്തമാകട്ടെ!



കാനം അച്ചൻ

ശൗൽ അഭിമുഖീകരിച്ച നേർവീഥി

ഒരു പാപി വിശുദ്ധനായിത്തീരാനുള്ളതിനെക്കാളും കൂടുതൽ ബുദ്ധിമുട്ട് ഒരു വിശുദ്ധൻ കൂടുതൽ വിശുദ്ധനാകാനും നീതിമാൻ അധികം നീതി ചെയ്യാനും വേണ്ടിയുള്ളതാണെന്നു ഞാൻ പറയുമ്പോൾ പെട്ടെന്നു അതു മനസ്സിലാകണമെന്നില്ല. വെളിപ്പാടു പുസ്തകത്തിൽ ഈ അന്ത്യശാസനം നൽകിക്കൊണ്ടാണ് പരിശുദ്ധാത്മാവ് സഭയോട് ഇടപെടുന്നത്. തങ്ങൾക്കുണ്ടെന്ന് അഭിമാനിക്കുന്ന ആത്മീയ പാരമ്പര്യമാണ് പലർക്കും പുരോഗതിക്കു തടസ്സമായി നിൽക്കുന്നത്. ഒരു സാധുവായ ശമര്യാസ്ത്രീയോടു കർത്താവ് ആത്മരക്ഷയുടെ വെളിച്ചത്തിൽ സംസാരിക്കുകയാണ്. മനഃപ്പൂർവമല്ലാതെ പാപജീവിതത്തിലും അതുപോലെ ജാതീയ ആരാധനയിലും അവൾ കുടങ്ങിക്കിടക്കുകയാണ്. എന്നാൽ, അതിലൊന്നും തൊടാതെ അവൾ പറയുകയാണ്, 'നിങ്ങൾ യെരൂശലേമിൽ ആരാധിക്കുന്നു, ഞങ്ങൾ (ശമര്യർ) ഇവിടെ (ഗെരീസിം മല)ആരാധിക്കുന്നുവെന്ന്. നോക്കുക, ആരാധനയിലെ തെറ്റും ശരിയും വിഷയമല്ല. ഞങ്ങൾക്കും ഉണ്ട് ആരാധന ഞങ്ങൾക്കുമുണ്ട് പള്ളി, ഞങ്ങൾക്കുമുണ്ട് പട്ടക്കാർ അങ്ങനെ പോകുന്നു ഒരു കൂട്ടരുടെ സ്വയംസമാധാനിപ്പിക്കൽ. പൗലൊസിനെ ചോദ്യംചെയ്ത സഹസ്രാധിപൻ പൗലൊസ് ഒരു റോമാപൗരൻ ആണെന്നു കേട്ടപ്പോൾ അത്ഭുതപ്പെട്ടു. പൗലൊസ് പൗരത്വമുള്ള ഒരുകുടുംബത്തിൽ പിറന്നവനാണ്. സഹസ്രാധിപൻ ഏറിയ മുതൽമുടക്കു കൊടുത്ത് അതു വാങ്ങിച്ചവനാണ്. എങ്ങനെയായാലും തന്റെ കൈയിലും ഉണ്ട് ഒരു പദവി.

രക്ഷിക്കപ്പെട്ടവനാണോ എന്നു ചിലരോടു ചോദിക്കുമ്പോൾ പള്ളിയിൽ പോകാറുണ്ട്, മകൻ അച്ചനാണ്, വീട് പള്ളിയോടു തൊട്ടിരിക്കുന്നു. അങ്ങനെ പലരും സമാധാനം കണ്ടെത്തുന്നു. പക്ഷേ, ഈ മുടന്തൻന്യായങ്ങൾ ഉന്നയിക്കുന്ന ആളുകൾ കാര്യത്തിന്റെ അന്തഃസത്ത മനസ്സിലാക്കുന്നില്ല. ക്രിസ്തുവിനെ രക്ഷകനായി വരിച്ചിട്ടുണ്ടോ എന്ന ചോദ്യത്തിനു ഉണ്ടെങ്കിൽ ഉണ്ട്, ഇല്ലെങ്കിൽ ഇല്ല എന്ന ഒറ്റ വാക്കിലുള്ളമറുപടിയേയുള്ളൂ.

യോഹന്നാൻ സ്നാപകൻ ആത്മാവുനിറഞ്ഞ് വിട്ടുവീഴ്ചകൂടാതെ അശുദ്ധജീവിതത്തിനും അശുദ്ധാരാധനയ്ക്കും നേരെ ഗർജിക്കുമ്പോൾ അനുതാപം അനുഭവപ്പെട്ട ജനം ഒരു കപടമുഖവും വെച്ചുകെട്ടാതെ ഞങ്ങൾ എന്തുചെയ്യണമെന്നു കലവറ കൂടാതെ സമർപ്പിക്കയാണു ചെയ്തത്. അതാണു മാനസാന്തരം. ഇനി ക്രിസ്ത്യാനിയാകുന്നത് എങ്ങനെയെന്നു നോക്കാം, പരിശുദ്ധാത്മശക്തിയിൽ പ്രാർഥിക്കുന്ന ജനം മർക്കൊസിന്റെ വീട്ടിൽ ആത്മലഹരിയിൽ തിളച്ചുമറിയുകയാണ്. ഇതിന്റെ മുൻപിൽ ജനം ഓടിക്കൂടി. ഇതു ദൈവപ്രവൃത്തിയാണെന്നും ഇവിടെ തട്ടിപ്പുകളൊന്നും വിലപ്പോകില്ലെന്നും ജനത്തിനു ബോധ്യപ്പെട്ടു. അവർ ചോദിച്ചു, 'ഞങ്ങൾ എന്തുചെയ്യണ'മെന്ന്. കലവറകൂടാത്ത ചോദ്യം. മറുപടി അതുപോലെതന്നെ യാതൊരു വെച്ചുകെട്ടും തട്ടിപ്പും കൂടാത്ത മറുപടി. നിങ്ങളിൽ ഓരോരുത്തൻ യേശുക്രിസ്തുവിനെ രക്ഷകനായി സ്വീകരിക്കണം. അന്നും ഇന്നും രക്ഷയ്ക്കുള്ള പദ്ധതി ഒന്നുതന്നെയാണ്. ശിശുസ്നാനവും കുർബാനയും മൂറോൻ തൈലവും ആവകയൊന്നും ദൈവവചനത്തിൽ ഇല്ല. ലളിതമായ ഒറ്റരക്ഷാമാർഗം മാത്രമേ സഭയിലുള്ളൂ. അതു ക്രിസ്തുവെന്ന ഏക വാതിലാണ്.

നമ്മുടെ ചിന്തയിലേക്കു വരാം. തർസൊസുകാരൻ ശൗൽ കള്ളുംകുടിച്ച് ഉഴപ്പിനടക്കുന്ന ഒരു

നീചപാപിയല്ല. താൻ ന്യായപ്രമാണം നന്നായി അറിഞ്ഞവനും ആചരിക്കുന്നവനുമാണ്. അതിനെതിരായി കാണുന്നതിനോടെല്ലാം ഏറ്റുമുട്ടാനാണ് തന്റെ ശ്രമം. പക്ഷേ, ഇവിടെ ഒരുകാര്യം സംഭവിച്ചു. ശരിയെന്നു താൻ ധരിച്ചത് തെറ്റാണെന്നു തനിക്കു മനസിലായില്ല. അതു തനിക്കു മനസിലാക്കിക്കൊടുക്കാനാണ് സ്വർഗീയദർശനം അവന്റെ കണ്ണിലടിച്ചത്. ഒരു ചെറിയ ചോദ്യോത്തരം അവിടെ നടന്നു. 'കർത്താവേ, നീ ആരാകുന്നു?' എന്ന ഈ ചോദ്യം യഹോവയോടായിരുന്നു. പക്ഷേ, മറുപടി പറഞ്ഞത് യേശുക്രിസ്തുആയിരുന്നു. ഈ ഒറ്റക്കാര്യംകൊണ്ട് താൻ ധരിച്ചുവെച്ചിരുന്ന കാര്യങ്ങൾ അബദ്ധമാണെന്നു തനിക്കു മനസിലായി. സത്യം മനസിലായ ഉടനെ ഇന്നു ചിലരെപ്പോലെ താൻ ഉരുണ്ടുകളിക്കയല്ല ചെയ്തത് മറിച്ച്, 'ഞാൻ എന്തുചെയ്യണം' എന്നു യേശുവിനോടു ചോദിക്കുകയായിരുന്നു. അവിടെ മുതൽ വഴിതെളിഞ്ഞു. നീ നേർവീഥിയിലേക്കു പോകുക, അവിടെ യൂദാ എന്ന ഭക്തന്റെ വീട് ഒരുക്കിയിട്ടുണ്ട്. ഈ പ്രകാശം മുൻപിൽ പിടിച്ചുകൊണ്ട് കൈപിടിച്ചു നടത്തുന്ന ചിലരുടെ സഹായത്തോടെ താൻ നേർവീഥിയിലെ ആ ഭവനത്തിലെത്തി. ദൈവം ഒരാളെ സന്ദർശിക്കുമ്പോൾ ആ തുടക്കം തെറ്റാതെ സൂക്ഷിക്കണം. നേർവീഥിയെന്ന വാക്ക് നല്ലൊരു തുടക്കമാണ്. നല്ല ജീവിതത്തെയും നല്ല വിശ്വാസത്തെയും ഒക്കെ അതു സൂചിപ്പിക്കുന്നു.

സഭയെ ഉപദ്രവിച്ച ശൗലിനെ കണ്ണുമങ്ങിയവനായി യൂദായുടെ വീട്ടിൽ ഇരുത്തിയ കർത്താവ് ഒരു ഭക്തനായ അനന്യാസ് എന്ന മനുഷ്യനെ സന്ദർശിച്ചു. അയാൾ വലിയ സെന്റർപാസ്റ്ററോ, സ്വാധീനശക്തിയുള്ള നേതാവോ ഒന്നുമല്ല. ദൈവം കല്പിച്ചാൽ അതുപോലെ ചെയ്യുന്ന ഒരു പ്രാർഥനാമനുഷ്യനാണ്. നീ ചെന്ന് ആ ശൗലിനെ സ്നാനപ്പെടുത്തുക എന്നാണ് കല്പന. ഇന്നാണെങ്കിൽ വലിയ പാസ്റ്ററുടെ ഡയറി നോക്കി അയാളുടെ സൗകര്യംനോക്കി സ്നാനം നിശ്ചയിക്കും. അനന്യാസിനു വേണമെങ്കിൽ ഒരു കൊച്ചു പ്രാർഥന നടത്താൻ അവസരം കിട്ടിയേക്കാം. ദൈവപദ്ധതി അതൊന്നുമല്ല, തന്റെ അയോഗ്യത ഒരു തടസ്സമായി കാണിക്കാൻ അനന്യാസ് ശ്രമിക്കുമ്പോൾ ദൈവകല്പന കർശനമായി അവന്റെ മുൻപിൽ വീണു. 'നീ പോക, ഞാനാണ് നിന്നെ അയയ്ക്കുന്നത്' എത്ര നല്ലൊരു രംഗം.

ശൗലിന്റെ അടുത്തപടികൂടി നോക്കാം. അനന്യാസും ശൗലുമായി കൂടിക്കണ്ടു. ദൈവം നടത്തിയ വഴികൾ ചുരുക്കിപ്പറഞ്ഞു. സ്നാനത്തെക്കുറിച്ച് പരാമർശിച്ചു. സ്നാനത്തിനു മറ്റൊരു ഘടകവും അനന്യാസ് ഉയർത്തിക്കാണിച്ചില്ല. ശൗലേ, വിശ്വസിക്കുന്നെങ്കിൽ ആകാം. ആ ശബ്ദം മുഴങ്ങി. ശൗൽ കലവറ കൂടാതെ കർത്താവിനെ വിശ്വസിച്ചു. അന്നു മുതൽ അക്ഷരികമായും ആത്മീയമായും കണ്ണുതെളിഞ്ഞ ഒരു പൗലൊസായി താൻ കർത്താവിന്റെ പോർക്കളത്തിൽ ഇറങ്ങി.

നമ്മുടെ പ്രിയപ്പെട്ട നേർവീഥിയും വഴിതെറ്റിനടക്കുന്ന അനേകരെ ക്രിസ്തുവിങ്കലേക്കു കൈപിടിച്ചു നടത്തുന്ന ഒരു നേർവീഥിയായി പരിണമിക്കട്ടെ എന്നുമാത്രം ഞാൻ പ്രാർഥിക്കുന്നു. ഇതിൽകുറഞ്ഞ ഒരു ദൗത്യം നമുക്കില്ല. ദൈവത്തിനു സ്തോത്രം.

നന്ദിയോടെ...

ഈ പുതുവർഷം നമ്മുടെ പ്രവർത്തനത്തിന്റെ ഒമ്പതാമതു വർഷമാണ്. പോയ എട്ടു വർഷങ്ങളെ ഫലപ്രദമാക്കിയ ദൈവത്തിനു മഹത്വം അർപ്പിക്കുന്നതോടൊപ്പം എല്ലാവിധ സഹകരണങ്ങളും നല്കി പ്രോത്സാഹിപ്പിച്ച സഹകാരികളോടും, എഴുത്തുകാരോടും, സാമ്പത്തിക കൂട്ടായ്മകാണിച്ചവരോടും പ്രിയ വായനക്കാരോടും ഹൃദയം നിറഞ്ഞ നന്ദി അറിയിക്കയും ചെയ്യുന്നു. തുടർന്നും ഏവരുടെയും പ്രാർഥനയും സഹകരണവും പ്രതീക്ഷിക്കുന്നു. നിത്യതയ്ക്കായി ദൈവജനത്തെ സജ്ജരാക്കുക എന്നതാണ് നമ്മുടെ ദൗത്യം. നേർവീഥി മാസിക മാത്രമല്ല, നമ്മൾ പ്രസിദ്ധീകരിച്ചിട്ടുള്ള പുസ്തകങ്ങളും ഇതേ ലക്ഷ്യത്തിലുള്ളവയാണ്. അവ വിശ്വാസികളുടെ കയ്യിലെത്തുക എന്നത് പ്രധാനമായ കാര്യമാണല്ലോ. മാസികയും പുസ്തകവും നിങ്ങളുടെ സ്നേഹിതർക്കു പരിചയപ്പെടുത്തണം. സെമിനാറുകളോ പ്രമോഷണൽ മീറ്റിംഗുകളോ ക്രമീകരിക്കുവാൻ സാധിക്കുമെങ്കിൽ അറിയിക്കുക.

പത്രാധിപ സമിതി

സംഘർഷങ്ങൾ പെരുകുന്നു സൗഹൃദങ്ങൾ പൊലിയുന്നു

ദേശീയതലത്തിലും അന്തർദേശീയ തലത്തിലും സംഘർഷപൂരിതമായ അന്തരീക്ഷമാണു നിലനില്ക്കുന്നത്. ഭാരതത്തിന്റെ രാഷ്ട്രീയ സാമൂഹിക അന്തരീക്ഷത്തെ പ്രക്ഷുബ്ധമാക്കിയിരിക്കുന്ന വിഷയങ്ങളിൽ പൗരത്വ ഭേദഗതി നിയമമാണ് ഇപ്പോൾ ഏറ്റം സങ്കീർണ്ണമായിട്ടുള്ളത്. നിർബന്ധ ബുദ്ധിയോടെ സർക്കാർ പാസ്സാക്കിയ നിയമത്തെ നഖശിഖാന്തം എതിർത്ത് പ്രതിപക്ഷം നിരത്തിലിറങ്ങിയിരിക്കയാണല്ലോ. ഇരുകൂട്ടരും പുറത്തു പറയുന്ന കാര്യങ്ങളേക്കാൾ അധികവും മറച്ചുവെച്ചിരിക്കുന്ന രഹസ്യ അജണ്ഡകളാണുള്ളിൽ ഉള്ളതെന്നു കൂലങ്കുക്ഷമായി കാര്യങ്ങൾ അപഗ്രഥിക്കുന്നവർക്കറിയാം.

രാഷ്ട്രീയം എന്ന പദം തന്നെ വിപരീതാർഥം ധ്വനിപ്പിക്കുന്ന ഒന്നായി മാറിയിട്ടുണ്ട്. ജനസേവനത്തിന്റെയും ജനസേവകരുടെയും വേദിയായിരുന്നു ഒരുകാലത്ത് രാഷ്ട്രീയം. സ്വാതന്ത്ര്യ സമരവും, പിന്നീടു രാജ്യവികസന പദ്ധതികളും ആസൂത്രണം ചെയ്തു നടപ്പിലാക്കിയവരായിരുന്നു ജനം ആദരിച്ച രാഷ്ട്രീയക്കാർ. ഈ തലമുറയിലെ രാഷ്ട്രീയക്കാർ ആ നിരയിലേക്കു ഉയരുന്നവരാണോ? ഇത്തരം രാഷ്ട്രീയത്തിന്റെ അനുകരണങ്ങൾ ദൈവസഭാ നേതൃത്വങ്ങളിലേക്കുപോലും വ്യാപരിക്കുന്നത് കാലഘട്ടത്തിന്റെ പ്രത്യേകതയായി കണ്ടാൽ മതിയോ?

അഫ്ഗാനിസ്ഥാൻ, പാക്കിസ്ഥാൻ, ബംഗ്ലാദേശ് എന്നീ രാജ്യങ്ങളിൽനിന്നും 2014 വരെ എത്തിയിട്ടുള്ള അഭയാർഥികളെ സംരക്ഷിക്കുവാനുള്ള ബില്ലാണു നിയമമാക്കിയത് എന്ന് സർക്കാർ അവകാശപ്പെടുമ്പോൾ അതിൽ നിന്നും ഒരു മതവിഭാഗത്തെ ഒഴിവാക്കിയതിലാണു പ്രശ്നം. അതിനും വിശദീകരണങ്ങൾ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടെങ്കിലും അവയെ മുഖവിലയ്ക്കെടുക്കാൻ പ്രതിപക്ഷവും മുറിവേറ്റ മതവിഭാഗത്തിന്റെ വക്താക്കളും തയ്യാറാവുന്നില്ല. പ്രസ്തുത മതവിഭാഗം ന്യൂനപക്ഷമായിരുന്ന ചിലരാജ്യങ്ങളിൽ ജനസംഖ്യാ വർധനവിലൂടെ ക്രമേണ നിർണായക ശക്തിയായും പീന്നീടു ഭൂരിപക്ഷമായും തീർന്ന ചരിത്രം ആശങ്കയോടെ കാണുന്നവരുണ്ട്.

ആസാമിൽ 2013-14 കാലയളവിൽ ഉണ്ടാക്കിയ പൗരത്വരജിസ്റ്ററിന്റെ ചുവടുപിടിച്ച് സമാനമായ ഒരു രജിസ്റ്റർ രാജ്യത്താകമാനം ഉണ്ടാക്കുന്നതിനുള്ള പുറപ്പാടും ആശങ്കയുണർത്തുന്നു. ഈ വിഷയത്തിൽ ഗവണ്മെന്റിന്റെ ഉദ്ദേശ ശുദ്ധി പരക്കെ സംശയിക്കപ്പെടുന്നു. വിദേശ രാജ്യങ്ങളും അവരുടെ ആശങ്ക മറച്ചുവെയ്ക്കുന്നില്ല. രാജ്യം ഭരിക്കുന്ന രാഷ്ട്രീയ കക്ഷികളുടെ മതാധിഷ്ടിത നിലപാടുകളാണു ജനത്തെ ആശങ്കയിലാഴ്ത്തുന്നത്. മതാധിഷ്ടിതമായ രാജ്യഭരണ സങ്കല്പങ്ങൾ വിഭാഗീയതയും വിദ്വേഷവും വളമിട്ടു വളർത്തുമെന്നതിനു സംശയമില്ല. ഇപ്പോൾത്തന്നെ മതനേതൃത്വം രാജ്യഭരണം നിയന്ത്രിക്കുന്ന രാജ്യങ്ങളിൽ ഇതര മതസ്തരുടെ ക്ലേശങ്ങൾക്ക് ഉദാഹരണം കണ്ടെത്തുവാൻ പ്രയാസമില്ലല്ലോ. യേശുക്രിസ്തു വിഭാവനം ചെയ്യുന്ന സ്നേഹ സാമ്രാജ്യമല്ലല്ലോ ലോക മതങ്ങളുടെ കാഴ്ചപ്പാട്.

ഇതെഴുതുമ്പോൾ അന്താരാഷ്ട്രതലത്തിൽ അമേരിക്കയും ഇറാനും തമ്മിലാരംഭിച്ചിരിക്കുന്ന സംഘർഷം ഏതളവുവരെ പോകുമെന്ന ആശങ്കയിലാണു ലോകം. മതങ്ങളുടെയും രാജ്യങ്ങളുടെയും അമരക്കാർ ചരിത്രത്തെ ചലിപ്പിക്കുന്നത് സ്നേഹത്തിലേക്കും സൗഹൃദത്തിലേക്കുമല്ല എന്നത് വ്യക്തം. അന്ത്യനാളുകളിൽ സംഭവിക്കുമെന്നു വചനം മുന്നറിയിപ്പു നല്കുന്ന സംഭവങ്ങളും അത്തരം ഒരു കാലഗതിയുമല്ലേ കാണുന്നത്. സമാധാനം സമാധാനം എന്നു പറയുന്നവരും സമാധാനത്തിനുള്ള പുരസ്ക്കാരങ്ങളും നിലവിലുണ്ടെങ്കിലും അവയൊന്നും വ്യാപകമായ ഫലപ്രാപ്തി നല്കുന്നവയായി കാണപ്പെടുന്നില്ല. സംഘർഷങ്ങൾ പെരുകുന്ന കാലമാണിതെന്നതിനാൽ സമാധാനം സ്ഥാപിക്കപ്പെടുന്ന മശിഹൈക രാജ്യത്തിനായി നമുക്കു പ്രത്യാശയോടെ കാത്തിരിക്കാം.



കെ.വി. സാമുവൽ

അബദ്ധം പിണയരുത്

വിളുപ്പവഴിയിൽ പണമുണ്ടാക്കാനും, പ്രശസ്തരാകാനും, ചിരകാലസ്വപ്നങ്ങളുടെ സാക്ഷാൽക്കാരത്തിനുമൊക്കെ ഉതകുന്ന തരത്തിൽ, പല തരത്തിൽ മോഹിപ്പിക്കുന്ന വാഗ്ദാനങ്ങൾ നൽകുന്ന, വഞ്ചനകൾ ഇക്കാലത്ത് ധാരളമുണ്ട്. എനിക്ക് അടുത്തു പരിചയമുള്ള ഒരാൾക്ക് ഈ അടുത്തയിടക്ക് ആകർഷകമായ വലിയ ഒരു തുകക്ക് ലോട്ടറിയടിച്ചെന്ന അറിയിപ്പും സമ്മാന തുകയ്ക്കുള്ള ചെക്കിന്റെ പകർപ്പ് ഉൾപ്പെടെയുള്ള സന്ദേശങ്ങളും തുടർമാനമായി വന്നു. മറ്റാരാൾക്ക് ഒന്നിലധികം വിദേശരാജ്യങ്ങളിൽ നിന്നും ഉയർന്ന ശമ്പളവും ആനുകൂല്യങ്ങളുമടങ്ങുന്ന ജോലികളുടെ ഓഫറുകൾ ലഭിച്ചു. തുടർന്ന് ബന്ധപ്പെട്ടപ്പോഴാണ് ഇവയെല്ലാം വൻചതിക്കുഴികളാണെന്ന് തിരിച്ചറിഞ്ഞത്. ഇത്തരം പ്രലോഭനങ്ങളടങ്ങുന്ന സന്ദേശങ്ങൾ മൊബൈൽ ഫോണിലൂടെയും ഇമെയിലിലൂടെയും മറ്റും വരുന്നത് ഇന്ന് സാധാരണമാണ്. പരീക്ഷിച്ച് പണം നഷ്ടപ്പെടുത്തിയവരുമുണ്ട്, നാണക്കേടു ഭയന്ന് മറച്ചുവെക്കുകയാണ് അത്തരക്കാർ. പെട്ടെന്നു ധനികനാകാനുള്ള മോഹം അപകടം വിളിച്ചു വരുത്തും. ആത്മീയ ലോകത്തും നമ്മുടെ ആത്യന്തികലക്ഷ്യം തെറ്റിക്കുന്ന ആകർഷകമായ പല പാക്കേജുകളും പിശാചൊരുക്കും.

ഉത്തരധ്രുവത്തിലെ മഞ്ഞു മേഖലയിൽ താമസിക്കുന്ന എസ്ക്കിമോകൾക്ക് ലഭിക്കുന്ന ഏകമാംസാഹാരം മഞ്ഞു കരടികൾ (Polar bear) ആണ്. അവയെ പിടിക്കുന്ന രീതി വളരെ വിചിത്രമായതാണ്. ഇരുവശങ്ങളിലും നല്ല മൂർച്ചയുള്ളതും, കൂർത്തതുമായ കത്തികളിൽ രക്തം പുരട്ടി കരടികൾ വരാനിടയുള്ള സ്ഥലങ്ങളിൽ വെച്ചിട്ട് അവർ ഒളിച്ചിരിക്കും. കരടി രക്തത്തിന്റെ ഗന്ധം തേടിപ്പിടിച്ചെത്തി, രക്തം പൊതിഞ്ഞ കത്തിയിൽ ആസ്വദിച്ചു നക്കിത്തുടങ്ങും. കൊടുംതണുപ്പിൽ മരവിച്ചിരിക്കുന്ന സ്വന്തം നാവ് മുറിയുന്നത് പാവം കരടി തിരിച്ചറിയാതെ, നാവിൽനിന്നും ഊർന്നിറങ്ങുന്ന ചോര ആസ്വദിച്ചു കുടിച്ചുകൊണ്ടേയിരിക്കും. ആസ്വാദനത്തിന്റെ ആദ്യ പടി കഴിഞ്ഞാൽ, സ്വന്തം ജീവരക്തമാണ് ആസ്വദിക്കുന്നതെന്ന് അത് തിരിച്ചറിയുകയേയില്ല. ഒടുവിൽ ശക്തനായിരുന്ന കരടി പ്രജ്ഞയറ്റു വീഴും. എസ്ക്കിമോ ഓടി വന്ന് കരടിയെ പിടിച്ചെടുത്ത്, ബാക്കിയുള്ള രക്തം അടുത്ത കരടിയെ പിടിക്കുവാനായി സംഭരിക്കുകയും, അതിനെ കൊന്നുതിന്നുകയും ചെയ്യുന്നു. പ്രശംസാവാക്കുകൾ , ഉപഹാരങ്ങൾ, മോഹനവാഗ്ദാനങ്ങൾ, സ്ഥാനമാനങ്ങൾ എന്നു വേണ്ട, നമ്മുടെ ബലഹീനതകൾ എന്തൊക്കെയാണോ, അതെല്ലാമായി പിശാച് കെണി ഒരുക്കിയെന്നു വരും. വഞ്ചിക്കപ്പെടരുത്! അപകടമാണ്!

നമ്മുടെയെല്ലാം ബലഹീനതകൾ പിശാചിനറിയാം. അതുകൊണ്ടാണല്ലോ, പിശാചിന്റെ തന്ത്രങ്ങളോട് എതിർത്തു നില്ക്കാൻ കഴിയേണ്ടതിന്, ദൈവത്തിന്റെ സർവ്വായുധവർഗ്ഗം ധരിക്കണമെന്ന് പരിശുദ്ധാത്മാവ് മുന്നറിയിപ്പു നൽകിയിരിക്കുന്നത് (എഫെസ്യർ 6 :11). ഹവ്വ ആദാമിനോടൊപ്പമില്ലാത്ത ഒരു അവസരത്തിനായി സാത്താൻ കാത്തിരുന്നു. ഒടുവിൽ, മനുഷ്യനെ അനുസരണക്കേടിലേക്കും, പാപത്തിലേക്കും, നാശത്തിലേക്കും തള്ളിയിട്ട് തകർത്തുകളഞ്ഞത് നമുക്കറിയാം.

ഏശാവ് വയലിൽനിന്നും വിശന്നു വരുന്ന അവസരം മുതലാക്കി, യാക്കോബ് ഒരു പായസമുണ്ടാക്കി. കേവലം ഒരു ഊണിനു തന്റെ ജ്യേഷ്ഠാ

വകാശം വിറ്റുകളഞ്ഞ്, ഏശാവ് അഭക്തനായിത്തീർന്നു (എബ്രാ : 12 : 16).

ശലോമോൻ രാജാവിനുണ്ടായിരുന്ന വിശേഷപ്പെട്ട ജ്ഞാനവും ബുദ്ധിയും, വിവേകവും, കാര്യപ്രാപ്തിയുമെല്ലാം രാജാക്കന്മാരുടെ ഒന്നാം പുസ്തകം 4-ാം അധ്യായത്തിൽ സവിസ്തരം രേഖപ്പെടുത്തിയിട്ടുണ്ട്, അവൻ മൂവായിരം സദൃശ്യവാക്യം പറഞ്ഞു; അവന്റെ ഗീതങ്ങൾ ആയിരത്തഞ്ച് ആയിരുന്നു. അവന്റെ കീർത്തി സകല ജാതികളിലും പരന്നു. ശലോമോന്റെ ജ്ഞാനത്തെപ്പറ്റി കേട്ട സകല ഭൂപാലകന്മാരുടെയും അടുക്കൽനിന്ന് നാനാ ജാതിക്കാരായ പലരും അവന്റെ ജ്ഞാനം കേൾപ്പാൻ വന്നു. സകല പൂർവ്വദിഗ്വാസികളുടെയും, ജ്ഞാനത്തേക്കാളും, മിസ്രയീമ്യരുടെ ജ്ഞാനത്തെക്കാളും ശലോമോന്റെ ജ്ഞാനം ശ്രേഷ്ഠമായിരുന്നു . യഹോവക്ക് അതിമനോഹരമായ ഒരു ആലയം പണിതു. ലോകത്തിൽ യാതൊരു രാജാവിനും ലഭിച്ചിട്ടില്ലാത്തവിധം ശലോമോന്റെ സമ്പത്ത് വളരെ ഉന്നതമായിരുന്നു. പക്ഷേ, യിസ്രായേലിന്റെ രാജാക്കന്മാർ പാലിക്കേണ്ടതായി ആവർത്തന പുസ്തകം 17-ാം അധ്യായം 14-20 വരെ വാക്യങ്ങളിൽ ദൈവം നിഷ്ക്കർഷിച്ചിരുന്ന വ്യവസ്ഥകൾ ശലോമോൻ അപ്പാടെ ലംഘിച്ചു.


എന്തായിരുന്നു ആ പ്രമാണങ്ങൾ? രാജാവിന് കുതിര അനവധി ഉണ്ടാകരുത്. കുതിരകളെ സമ്പാദിക്കാൻ ജനം മിസ്രയീമിൽ പോകാൻ ഇടവരരുത്. അനേകം ഭാര്യമാരെ എടുക്കരുത്. പൊന്നും വെള്ളിയും അധികം സമ്പാദിക്കരുത്. ന്യായപ്രമാണത്തിന്റെ ഒരു പകർപ്പ് എപ്പോഴും കയ്യിൽ സൂക്ഷിക്കുകയും അതു വായിക്കുകയും ചെയ്യണം. നിർഭാഗ്യവശാൽ ശലോമോൻ ഇതെല്ലാം ലംഘിച്ചു. അന്യജാതിക്കാരുൾപ്പെടെ ആയിരത്തിലധികം വരുന്ന തന്റെ ഭാര്യമാരെ പ്രസാദിപ്പിച്ചപ്പോൾ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിഞ്ഞില്ല. എബ്രായലേഖനം 11-ാം അധ്യായത്തിൽ വിവരിച്ചിരിക്കുന്ന വിശ്വാസവീരന്മാരുടെ പട്ടികയിൽ ഇടംപിടിക്കുവാൻ തനിക്കു കഴിയാതെ പോയി.

രാജകീയ പുരോഹിതവർഗമാകുന്ന പുതിയ നിയമ വിശ്വാസികൾ ഓരോരുത്തരും ദൈവീക പ്രമാണങ്ങളിൽ നിലനിലൽക്കുന്നുവെങ്കിൽ മാത്രമേ, ഒടുവിൽ ലജ്ജിതരാകാതെ കിരീടം പ്രാപിക്കുകയുള്ളു. പണ്ട് കുമ്പനാട് എന്ന വിഖ്യാതമായ സ്ഥലത്ത്, ആണ്ടുതോറും ബ്രദറൺ കൺവൻഷൻ നടന്നുവന്നിരുന്ന സ്ഥലത്തിനടുത്ത്, മതിലില്ലാത്ത ഒരു കിണറുണ്ടായിരുന്നതായി, പരേതനായ പാസ്റ്റർ റ്റി. സി. ഈശോ പറഞ്ഞ് കേട്ടിട്ടുണ്ട്. അവിടെ വർഷംതോറും കൺവൻഷൻ സമയത്ത്, അല്പം പ്രായമുള്ള ഒരു മനുഷ്യൻ സ്വമേധയാ വന്ന് ആ കിണറിനടുത്ത് ഇരുന്ന്, അതുവഴി വരുന്ന ഒരാളും ആ കിണറ്റിൽ വീഴാതെ വഴിതിരിച്ചു വിടുമായിരുന്നു. ഒരു ദിവസം യോഗം നടന്നുകൊണ്ടിരിക്കുമ്പോൾ, വലിയ ഒരു ശബ്ദവും നിലവിളിയും കേട്ടു. മറ്റൊന്നുമായിരുന്നില്ല, പലരേയും വഴിതിരിച്ചു വിട്ട ആ നല്ല മനുഷ്യൻ, ഇരുന്നയിരുപ്പിൽ ഒന്ന് ഉറങ്ങിപ്പോയതിനാൽ, ആ കിണറ്റിലേക്ക് വീണതായിരുന്നു. പിന്നെ ആളുകൾ ഓടിക്കൂടി ഒരുവിധത്തിൽ അയാളെ കരക്കു കയറ്റുകയായിരുന്നു. ഇതൊരു സംഭവകഥയാണ്.

'ഒറ്റാലിൽ കിടന്നതുമില്ല; കിഴക്കുനിന്നു വന്നതുമില്ല ' എന്നൊരു പഴമൊഴിയുണ്ട്. പാടശേഖരങ്ങളിൽ മീൻപിടിക്കുവാൻ ഉപയോഗിക്കുന്ന ഒരു ഉപകരണമാണല്ലോ ഒറ്റാൽ. ഒരാൾ സാമാന്യം വലിപ്പമുള്ള ഒരു മീനിന്റെ മുകളിൽ ഒറ്റാൽ വെച്ച് അതിനെ പിടിച്ചെടുത്തു കൊണ്ടിരിക്കുമ്പോഴല്ലേ കിഴക്കുഭാഗത്തു നിന്ന് അതിനേക്കാൾ വലിപ്പമുള്ള വേറൊരു മീൻ വരുന്നത് കണ്ണിൽ പെട്ടത്. സമർത്ഥനായ ആ മീൻപിടുത്തക്കാരൻ ഒറ്റാലിലുണ്ടായിരുന്നതിനെ വിട്ടിട്ട്, കിഴക്കുനിന്ന് വന്നതിനെ ലക്ഷ്യമാക്കി ഒറ്റാൽ നീട്ടിവെച്ചു. പക്ഷേ, ലക്ഷ്യം തെറ്റി; ആ മീൻ വഴുതി രക്ഷപ്പെട്ടുകളഞ്ഞു. പലർക്കും പറ്റിപ്പോയ ഒരു അബദ്ധമാണ് ഒടുവിൽ പഴമൊഴിയായത്.

പ്രിയരേ ! നമ്മുടെ വിളിയും തെരഞ്ഞെടുപ്പും അധികം ഉറപ്പാക്കുവാൻ ശ്രമിക്കുക(2 പത്രോസ് 1:10). വിശ്വാസത്യാഗം സംഭവിച്ചു കൊണ്ടിരിക്കുന്ന ഈ തലമുറയിൽ, നമ്മുടെ ആദ്യവിശ്വാസവും, ദൈവം നമ്മെ വിളിച്ച ഉന്നതമായ വിളിയുടെ മഹത്വവും തിരിച്ചറിഞ്ഞ്, പരാജയങ്ങളിൽനിന്നും കരകയറുവാൻ നമുക്ക് ഉത്സാഹിക്കാം. എഫെസോസ് സഭക്ക് പരിശുദ്ധാത്മാവ് നൽകിയ ആലോചനപോലെ: നീ ഏതിൽനിന്നു വീണിരിക്കുന്നു എന്നു ഓർത്തു മാനസാന്തരപ്പെട്ടു ആദ്യത്തെ പ്രവൃത്തി ചെയ്ക; അല്ലാഞ്ഞാൽ ഞാൻ വരികയും നീ മാനസാന്തരപ്പെടാഞ്ഞാൽ നിന്റെ നിലവിളക്കു അതിന്റെ നിലയിൽനിന്നു നീക്കുകയും ചെയ്യും (വെളിപ്പാട് 2 :5).

ആകയാൽ താൻ നില്ക്കുന്നു എന്നു തോന്നുന്നവൻ വീഴാതിരിപ്പാൻ നോക്കിക്കൊള്ളട്ടെ. (1 കൊരിന്ത്യർ 10 : 12)





സുജിത് സൈമൺ

സന്തുഷ്ടിയുടെ മന:ശാസ്ത്രം

സന്തുഷ്ട ഹൃദയം നല്ലൊരു ഔഷധമാകുന്നു. തകർന്ന മനസ്സോ അസ്ഥികളെ ഉണക്കുന്നു (സദൃശവാക്യങ്ങൾ 17 : 22).

മനുഷ്യജീവിതം സുഖദു:ഖ സമ്മിശ്രമാണ്. എന്നാൽ ചിലർ ജീവിതത്തിലേറെയും ദു:ഖത്തിലും നൈരാശ്യത്തിലും പെട്ടുഴലുന്നു. ചിലർ സദാ സന്തുഷ്ടരും സംതൃപ്തരുമായി കാണപ്പെടുന്നു. സുഖ ദു:ഖാനുപാതം പലർക്കും പലതരത്തിലാകുന്നു. എന്താണ് ഒരു വ്യക്തിയെ സന്തുഷ്ടിയുടെ പാരമ്യത്തിൽ എത്തിക്കുന്നത്? പണമാണോ? വിദ്യാഭ്യാസമാണോ? പ്രസിദ്ധിയാണോ? ആഡംബരങ്ങളാണോ? ഇവയൊന്നും സ്ഥായിയായ സന്തുഷ്ടി നൽകുന്നില്ല എന്ന് ശാസ്ത്രീയ പഠനങ്ങൾ വ്യക്തമാക്കുന്നു. ആരാണ് ഹാപ്പി ആയിട്ടുള്ളത് എന്ന ചോദ്യത്തിനുത്തരം തേടി നടത്തിയ ശാസ്ത്രീയ അന്വേഷണങ്ങളുടെയും പഠനങ്ങളുടെയും ഫലമായി കണ്ടെത്തിയ ചില വസ്തുതകൾ വളരെ ശ്രദ്ധേയമാണ്.

പ്രായമായവരാണ് യുവാക്കളേക്കാൾ കൂടുതൽ സന്തുഷ്ടരായി കാണപ്പെടുന്നത്. അതിൽ ദൈവവിശ്വാസികൾ വിശ്വാസികളല്ലാത്തവരേക്കാൾ കൂടുതൽ സന്തുഷ്ടരായി കാണപ്പെടുന്നു. ദൈവവിശ്വാസവും, വിശ്വാസാധിഷ്ഠിതമൂല്യങ്ങളും, പരസ്പര സ്നേഹവും, സാമൂഹ്യക്ഷേമ പ്രവർത്തനങ്ങളും സന്തുഷ്ടി പ്രദാനം ചെയ്യുമെന്ന് വിവിധ പഠനങ്ങൾ വ്യക്തമാക്കിയിട്ടുണ്ട്. സൗഹൃദങ്ങൾ വളരെയേറെ സന്തുഷ്ടി പ്രദാനം ചെയ്യുന്നു. 2002 –ൽ ഇല്ലിനോയ്സ് യൂണിവേഴ്സിറ്റിയിൽ (University of Illinois) മന:ശാസ്ത്രജ്ഞരായ എഡ്വേർഡ് ഡൈനറും, സെലിഗ് മാനും നടത്തിയ ഒരു പഠനത്തിൽ ഏറ്റവും ഉന്നതമായ സന്തുഷ്ടിയനുഭവിച്ച വിദ്യാർഥികളുടെ പൊതുവായ സവിശേഷതകൾ കണ്ടെത്തുകയുണ്ടായി. സുഹൃത്തുക്കളും കുടുംബവുമായിട്ടുള്ള ഊഷ്മളമായ ബന്ധങ്ങളും അവരോടൊത്തു സമയം ചെലവിടാനുള്ള അർപ്പണബോധവുമായിരുന്നു അവയിൽ ഏറ്റവും പ്രധാനമായവ. നല്ല സാമൂഹ്യ സൗഹൃദങ്ങളും, അടുത്ത വ്യക്തിബന്ധങ്ങളും സാമൂഹ്യപിന്തുണയും വളർത്തിയെടുക്കുകയാണ് ഹാപ്പി ആകാൻ ആഗ്രഹിക്കുന്നവർ പ്രധാനമായും ചെയ്യേണ്ടത് എന്ന് ഡൈനർ അഭിപ്രായപ്പെടുന്നു.

ദീർഘനേരം ടി.വി., മൊബൈൽ കാണുന്ന സ്വഭാവം ഒരിക്കലും

സുഹൃത്തുക്കളും കുടുംബവുമായിട്ടുള്ള ഊഷ്മളമായ ബന്ധങ്ങളും അവരോടൊത്തു സമയം ചെലവിടാനുള്ള അർപ്പണബോധവുമായിരുന്നു ഏറ്റവും പ്രധാനമായവ.

സന്തുഷ്ടി പ്രദാനം ചെയ്യുന്നില്ല എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. മൂന്നു മണിക്കൂറിൽ കൂടുതൽ ടി.വി. കാണുന്നവർ, പ്രത്യേകിച്ച് സീരിയലുകൾ പതിവായി കാണുന്നവർ, ടി.വി. യുടെ മുന്നിൽ കുറഞ്ഞ സമയം ചെലവഴിക്കുന്നവരെ അപേക്ഷിച്ച് വളരെ അസന്തുഷ്ടരാണ് എന്ന് കാണാൻ കഴിഞ്ഞു. സന്തുഷ്ടിയുടെ തീവ്രത വർധിപ്പിക്കാൻ ഏറ്റവും നല്ല മാർഗം ഉപകാരസ്മരണാസന്ദർശനമാണ്. നമുക്ക് കടപ്പാടുള്ള, നമ്മെ സഹായിച്ചിട്ടുള്ള വ്യക്തികളെ നന്ദിപൂർവ്വം ഓർക്കുന്നത് അത്ഭുതകരമായ ആനന്ദാനുഭവം ലഭിക്കുന്നതിന് കാരണമാകുന്നു. മറിച്ച് മനുഷ്യൻ കൂടുതൽ കൂടുതൽ പഠനത്തിന്റെയും സ്വാർത്ഥതയുടെയും പടവുകൾ കയറുമ്പോൾ താൻ വളർന്നു വന്ന സാഹചര്യങ്ങളും തന്നെ സഹായിച്ചവരെ പോലും വിസ്മരിക്കുകയും അവരോടുള്ള ബഹുമാനവും കടപ്പാടും അസ്തമിക്കുകയും ചെയ്യുന്നു. അവന്റെ ശ്രദ്ധ ഇനിയും ഇല്ലാത്തതിലേക്കു തിരിക്കുകയും, ഈ ഇല്ലായ്മാബോധം അവനിൽ അസംതൃപ്തി ജനിപ്പിക്കുകയും ചെയ്യുന്നു.

ദി പർസ്യൂട്ട് ഓഫ് ഹാപ്പിനെസ് (The Pursuit of Happiness) എന്ന പ്രശസ്ത ഗ്രന്ഥത്തിന്റെ കർത്താവും മന:ശാസ്ത്ര ഗവേഷകനുമായ ഡേവിഡ് ജി മയർ (David G. Myer) ഹാപ്പി ആയിട്ടുള്ള ആളുകളുടെ പ്രധാനപ്പെട്ട നാല് സവിശേഷതകൾ കണ്ടെത്തിയത് ഇപ്രകാരമാണ്.

1) **ആത്മാഭിമാനം:**

ആത്മാഭിമാനം ഉള്ള വ്യക്തികൾ സ്വയം ഇഷ്ടപ്പെടുന്നവരാണ്. അവർ സ്വന്തം കഴിവുകളിലും നന്മയിലും ഏറെ വിശ്വാസമുള്ളവരാവും. അവർ സ്വന്തം വ്യക്തിത്വം നിലനിർത്തുവാൻ ആഗ്രഹിക്കുന്നു. മൂല്യബോധത്തിലും സ്വഭാവ വിശേഷങ്ങളിലും, കഴിവുകളിലും അഭിമാനം കൊള്ളുകയും സന്തോഷിക്കുകയും ചെയ്യുന്നവരാണവർ. മറ്റുള്ളവരുടെ വിമർശനങ്ങളും, പഴിവാക്കുകളും അവരെ തളർത്തുന്നില്ല, നിരാശരാക്കുന്നില്ല, രോഷാകുലരാക്കുന്നില്ല, അവരിൽ അപകർഷതാബോധം വളർത്തുന്നുമില്ല. ആത്മാഭിമാനത്തോടുകൂടിയ ഒരു വ്യക്തി ജീവിതപ്രശ്നങ്ങളെ നന്നായി കൈകാര്യം ചെയ്യുന്നതിന് കൂടുതൽ ശേഷിയുള്ളവനാണ്.

ആത്മാഭിമാനം അഥവാ സ്വയം മതിപ്പ് ഒരു വ്യക്തിയിൽ താനേ രൂപപ്പെടുന്നു. കുടുംബമാണ് ഇതിന് ഏറ്റവും വലിയ പങ്ക് വഹിക്കുന്നത്. ബാല്യകാലാനുഭവങ്ങളും വളരെ പ്രധാനപ്പെട്ട ഘടകങ്ങളാണ്. ഒരു കുട്ടിയുടെ ആത്മവിശ്വാസം വളർത്തുന്നതിന് മാതാപിതാക്കളും കുടുംബാംഗങ്ങളും ബോധപൂർവ്വമായി ശ്രമിക്കണം. ചെറിയ ചെറിയ വിജയങ്ങളിലും നേട്ടങ്ങളിലും കഴിവുകളിലും അവരെ അഭിനന്ദിക്കുകയും അംഗീകരിക്കുകയും ചെയ്യുക. അവരെ കുടുംബ സദസുകളിൽ അവഗണിക്കുന്ന പ്രവണത അവരുടെ ആത്മാഭിമാനത്തെ സാരമായി ബാധിക്കും.

2) **ശുഭാപ്തിവിശ്വാസം:**

പ്രത്യാശയും ശുഭാപ്തിവിശ്വാസവുമാണ് ഏതു പ്രതിസന്ധികളിലും സന്തോഷത്തോടെ ജീവിക്കുവാൻ പ്രേരണ നൽകുന്നത്. പ്രത്യാശ നഷ്ടപ്പെടുമ്പോൾ മനുഷ്യൻ മാനസിക സംഘർഷങ്ങൾക്ക് അടിമപ്പെടുന്നു. ശോഭനമായ ഭാവി സ്വപ്നം കാണുന്നവന് സന്തുഷ്ടിയുടെ മധുരാനുഭവം ലഭ്യമാകുന്നു. ഇപ്പോഴത്തെ അവസ്ഥയല്ല, മറിച്ച് ഭാവിയെപ്പറ്റിയുള്ള ശുഭപ്രതീക്ഷയാണ് മനുഷ്യ സന്തുഷ്ടിക്ക് കാരണമായിത്തീരുന്നത് എന്ന് ശാസ്ത്രീയ പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. ശുഭാപ്തി വിശ്വാസം മനുഷ്യന് അനന്തമായ പ്രചോദനം നൽകുന്നു. പ്രശ്നങ്ങളെയും പ്രതിസന്ധികളെയും നേരിടുന്നതിന് കരുത്ത് പകരുന്നു. ശുഭാപ്തി വിശ്വാസത്തിന്റെ അഭാവമാണ് അസന്തുഷ്ടിയുടെ

അടിസ്ഥാനകാരണം. ശുഭാപ്തി വിശ്വാസം വിജയത്തിലേക്കുള്ള ചവിട്ടുപടിയാണ്. തോമസ് ആൽവാ എഡിസന്റെ ശുഭാപ്തി വിശ്വാസമാണ് നിരന്തര പരാജയങ്ങളെ വെല്ലുവിളിച്ചുകൊണ്ട് മുന്നേറാൻ അദ്ദേഹത്തിന് ശക്തി പകർന്നത്.

3) **ബഹിർമുഖത്വം:**

അന്തർമുഖരും ബഹിർമുഖരുമായ വ്യക്തികളെ നമുക്ക് കാണുവാൻ കഴിയും. അന്തർമുഖർ അവനവനിലേക്ക് തന്നെ ഒതുങ്ങുന്നു. സാമൂഹ്യബന്ധങ്ങളിൽ അവർ തല്പരരല്ല. എന്നാൽ ബഹിർമുഖർ സാമൂഹ്യബന്ധങ്ങളിലും സാമൂഹ്യ പ്രവർത്തനങ്ങളിലും തല്പരരായിരിക്കും. ബഹിർമുഖരാണ് ജീവിതത്തിൽ കൂടുതൽ നേട്ടങ്ങൾ കൈവരിക്കുകയും സന്തുഷ്ടി അനുഭവിക്കുകയും ചെയ്യുന്നത്. പുതിയ സൗഹൃദങ്ങളും ആഴമേറിയ ബന്ധങ്ങളും സ്ഥാപിക്കുന്നതിൽ ബഹിർമുഖർ മുൻപന്തിയിലാണ്. ബഹിർമുഖരാണ് കൂടുതൽ സന്തുഷ്ടരും സംതൃപ്തരുമായി കാണപ്പെടുന്നത് എന്ന് പഠനങ്ങൾ വ്യക്തമാക്കുന്നു. ▶

നിങ്ങൾ യുദ്ധസന്നദ്ധരോ?

പഴയനിയമത്തിലും പുതിയനിയമത്തിലും യുദ്ധത്തേയും യുദ്ധതന്ത്രങ്ങളേയും പറ്റി വിശദീകരിച്ചിട്ടുണ്ട്. ചിലയിടത്ത് യുദ്ധചരിത്രങ്ങൾ വിശദമായിത്തന്നെ രേഖപ്പെടുത്തിയിരിക്കുന്നു. പുതിയനിയമത്തിലുമുണ്ട് യുദ്ധവും, യുദ്ധ തന്ത്രങ്ങളും, യുദ്ധായുധങ്ങളും. എന്നാൽ അതു പഴയനിയമ യുദ്ധങ്ങളിൽ നിന്നും ഏറെ വ്യത്യസ്തമാണ്. പഴയനിയമ കാലത്ത് യിസ്രായേലിന്റെ ശത്രുക്കൾ അയൽ രാജ്യങ്ങളും, രാജാക്കന്മാരും, പടയാളികളുമായിരുന്നു. എന്നാൽ നമുക്കു പോരാട്ടമുള്ളത് ജഡരക്തങ്ങളോടല്ല, അദൃശ്യ ലോകത്തെ അദൃശ്യശക്തികളോടാണ്. അതായത്, വാഴ്ചകളോടും, അധികാരങ്ങളോടും, ഈ അന്ധകാര ലോകാധിപതികളോടും. ഓർക്കുക അധികാരികളോടല്ല അധിപതികളോടുമല്ല പോരാട്ടം. അതായത് ഇന്ന് അധികാരക്കസേരകളിലിരിക്കുന്ന അരോടും യുദ്ധം ചെയ്യാനോ സമരം ചെയ്യാനോ നമുക്കു നിയോഗമില്ല. സകല അനീതിയ്ക്കും പിന്നിൽ പ്രവർത്തിക്കുന്ന വാഴ്ചകളോടും അധികാരങ്ങളോടും അവയുടെ ആജ്ഞാനുവർത്തികളായ അദൃശ്യരായ പൈശാചിക സേനയോടുമാണ്. ഈ ആത്മിക യുദ്ധത്തിൽ അണിയേണ്ട യൂണിഫോം, പ്രതിരോധ സംവിധാനങ്ങൾ, ആക്രമണായുധങ്ങൾ എല്ലാം വിശദമാക്കിയിട്ടുണ്ട് വചനത്തിൽ (എഫെസ്യർ 6:13-17). ഈ യുദ്ധം ആത്മിക യുദ്ധമാകയാൽ ശരീരത്തിനു പറ്റുന്ന മുറിവുകളോ മരണംതന്നെയോ കാര്യമാക്കേണ്ടതില്ല, എന്നാൽ ആത്മാവിനു ക്ഷതം സംഭവിക്കുന്ന എല്ലാം പരാജയമായി കാണേണ്ടതുണ്ട് (മത്തായി 10.28). നാം യുദ്ധസന്നദ്ധരോ? യുദ്ധഭൂമിയിൽ കാഴചക്കാരില്ല, പോരാളികളേ ഉള്ളൂ. കായിക മത്സരങ്ങൾ യുദ്ധ സമാനമാണെങ്കിലും അവയെക്കുറിച്ചു പോരാട്ടങ്ങൾ എന്നു പറയാറുണ്ടെങ്കിലും അവ യുദ്ധങ്ങളല്ല. അതിനു കാഴ്ചക്കാരായും പ്രോത്സാഹിപ്പിക്കുന്ന അനുഭാവികളായും കൂടെക്കൂടാം. എന്നാൽ യുദ്ധഭൂമിയിൽ അനുഭാവികൾക്കും കൈ അടിച്ചു പ്രോത്സാഹിപ്പിക്കുന്നവർക്കും ഇടമില്ല. ആയുധമേന്തുന്നവരെയാണു വേണ്ടത്.

▶ സന്തുഷ്ടിയുടെ മനഃശാസ്ത്രം

4) **ആത്മനിയന്ത്രണം:**

ആത്മനിയന്ത്രണം സ്വയം നിയന്ത്രണമാണ്. വ്യക്തിജീവിതത്തിലെ അച്ചടക്കമാണ്, ചിട്ടയായ ജീവിതമാണ്, സന്തുഷ്ടിയുടെ അടിസ്ഥാനഘടകം. ഓരോരുത്തരുടെയും ഭാവിയുടെ ഉത്തരവാദിത്വം അവനവൻ തന്നെ ഏറ്റെടുക്കുന്നതിന് ആത്മനിയന്ത്രണം സഹായിക്കുന്നു. സാഹചര്യങ്ങളുടെ സമ്മർദ്ദങ്ങൾക്കോ വിധിയുടെ വിളയാട്ടത്തിനോ വിട്ടുകൊടുക്കാനുള്ളതല്ല തന്റെ ഭാവി എന്ന് ഉറച്ച് വിശ്വസിക്കുകയും അവയെ അതിജീവിക്കുവാൻ മാർഗങ്ങൾ തേടുകയും ചെയ്യുന്നു. അവർ പ്രതിസന്ധികളിൽ തളരുകയില്ല. പരാജയങ്ങളിൽ നിരാശരാവില്ല. പ്രശ്നങ്ങളും വെല്ലുവിളികളും അവർക്ക് വളർച്ചയ്ക്കുള്ള അസുലഭ അവസരങ്ങളാണ്. സ്വയം ശക്തി പ്രാപിക്കാനുള്ള ഉപാധികളാണ്. അവർ വിധിയെ പഴിക്കാറില്ല, ദൗർഭാഗ്യത്തെ ശപിക്കാറില്ല. സ്വന്തം ഭാവിയുടെ നിയന്ത്രണം ദൈവത്തിലാശ്രയിച്ചുകൊണ്ട് അവർ ഏറ്റെടുക്കുന്നു. അതവർക്ക് സന്തുഷ്ടി നൽകുന്നു.

ഒരാളുടെ സന്തുഷ്ടി അയാളുടെ മാനസികാവസ്ഥയെ ആശ്രയിച്ചിരിക്കുന്നു. മനസ്സിൽ ശുഭ ചിന്തകൾ നിറയുമ്പോൾ സന്തുഷ്ടിയുടെ മഴവില്ല് വിരിയുന്നു. ഇതേ ആശയം തന്നെയാണ് ബൈബിളിലും വ്യക്തമാക്കുന്നത്. ഒരു മനുഷ്യൻ അവന്റെ ഹൃദയത്തിലെ ചിന്തകൾ പോലെയായിരിക്കും. അതുകൊണ്ട് നമ്മുടെ മനസ്സിൽ ക്ഷണിക്കപ്പെടാതെ തള്ളിക്കയറുന്ന എല്ലാ ചിന്തകളേയും നിരീക്ഷിക്കുക, അശുഭചിന്തകളെ ബോധപൂർവ്വം ശുഭചിന്തകളാക്കി മാറ്റുക. അശുഭചിന്തകളുടെ അർഥമില്ലായ്മ മനസ്സിലാക്കി, അവയെ ചോദ്യം ചെയ്യുക, മനസ്സിൽ ശുഭചിന്തകൾ ബോധപൂർവ്വം നിറയ്ക്കുക. അശുഭചിന്തകളെ നിഷ്കാസനം ചെയ്യുക, ഇതൊരു ശീലമാക്കി മാറ്റുക. ചിന്തകളെ നിരീക്ഷിക്കാൻ തുനിയുമ്പോൾ തന്നെ ജീവിതത്തിൽ സന്തുഷ്ടകരമായ മാറ്റത്തിനു തുടക്കം കുറിക്കപ്പെടും.



ചെയ്സ് ജോസഫ്

രക്ഷയിൽ വളർത്തുന്ന ദൈവകൃപ

കഷ്ടത പ്രത്യാശയെ ഉളവാക്കുന്നു എന്ന സൂചനകൾ റോമാലേഖനത്തിലും കൊരിന്ത്യലേഖനത്തിലും വീണ്ടും വീണ്ടും ആവർത്തിക്കുന്നതു കാണാം. കഷ്ടത ഈ ലോകത്തിന്റെ മായക്കാഴ്ചകളുടെ യഥാർത്ഥ അവസ്ഥ നമുക്ക് കാണിച്ചുതരുന്നു.

മൂന്നാം വാക്യം പറയുന്നു. കഷ്ടത സഹിഷ്ണുതയെയും സഹിഷ്ണുത സിദ്ധതയെയും സിദ്ധത പ്രത്യാശയെയും ഉളവാക്കുന്നു. കഷ്ടത സഹിക്കുന്നവർക്കു സഹനം എന്ന പ്രത്യേക വരം ലഭിക്കുന്നു. സഹിക്കാൻ ഉള്ള കഴിവ് മാത്രമല്ല സഹിഷ്ണുത. മറ്റുള്ളവരോട് നാം വളർത്തിയെടുക്കുന്ന മനോഭാവവും കൂടി ആണ്. സഹിഷ്ണുത ഉള്ളവർക്ക് ആരെയും സഹിക്കാം, ആരെയും കരുതാം, ആരെക്കുറിച്ചും പരാതി പറയാതിരിക്കാം. മനുഷ്യനിൽ നിന്നും വിശുദ്ധീകരണത്തിന്റെ പാഠങ്ങൾ പഠിക്കുവാൻ അവർക്കു കഴിയും. ഈ സഹിഷ്ണുതയിൽ നിന്നാണ് സിദ്ധത ഉളവാക്കുന്നത്. സിദ്ധത എന്ന വാക്കു ഇത്തിരി അവ്യക്തമായ ഒരു പടം പോലെ തോന്നിയേക്കാം. എന്നാൽ അത് ദൈവവുമായുള്ള നമ്മുടെ ബന്ധത്തിലെ ഏറ്റവും പ്രധാന ഘടകങ്ങളിൽ ഒന്നായ സമാധാനത്തെ ആണ് കുറിക്കുന്നത്. സിദ്ധത ആണ് നമ്മെ പിതാവിന്റെ സന്നിധിയിൽ എത്താൻ തിടുക്കം ഉള്ളവർ ആക്കി മാറ്റുന്നത്.

സിദ്ധത എന്ന വാക്കിനു സാധാരണ നൽകുന്ന അർഥം സ്വഭാവം എന്നാണ്. എന്നാൽ അത് വെറും സ്വഭാവം' അല്ല, ദൈവത്തിന്റെ അംഗീകാരം ഉള്ള സ്വഭാവം ആണ്. അപ്പോൾ സ്വാഭാവികമായും ഉയരുന്ന ഒരു ചോദ്യം ദൈവം മനുഷ്യന്റെ സ്വഭാവത്തെ എപ്പോൾ എങ്കിലും അംഗീകരിക്കുമോ എന്നതാണ്. അപ്പോൾ അധ്യായത്തിന്റെ ഒന്നാം വാക്യത്തിലേക്ക് മടങ്ങി വരാം. വിശ്വാസത്താൽ നമ്മെ ദൈവം നീതികരിക്കുന്നു എന്നതാണ് ഈ ബന്ധത്തിന് അടിസ്ഥാനം.

പ്രവൃത്തി നോക്കിയാൽ നാം ഇന്നും അയോഗ്യരും ശത്രുക്കളും ആണ്. എന്നാൽ വിശ്വാസത്താൽ നീതീകരിക്കാനുള്ള ദൈവത്തിന്റെ തീരുമാനം നമുക്ക് സമാധാനം ഒരുക്കി.

രക്ഷയുടെ നിസ്തുല്യത, അവിശ്വസനീയത

നാം ഇതുവരെ മനസ്സിലാക്കിയത് മനുഷ്യന്റെ നിസ്സഹായതയെയും അടിമത്തത്തെയും കുറിച്ചാണ്. ഒരു പ്രവൃത്തിയും ദൈവത്തിനു പ്രസാദമാകുംവിധം ചെയ്യുവാൻ അവനു കഴിവില്ല. അതുകൊണ്ട് ദൈവം അവനെ രക്ഷിക്കാൻ തീരുമാനിച്ചാൽ അത് സൗജന്യമായി ചെയ്യുക എന്നതു മാത്രമാണ് വഴി. എന്തെങ്കിലും മനുഷ്യപ്രവൃത്തി രക്ഷയിൽ ഉൾപ്പെടുത്തിയാൽ അത് അവനു സ്വയം പുകഴ്ത്തുവാനും ദൈവത്തോട് വിലപേശുവാനും കാരണം ആയിത്തീരും. ഇപ്പോൾത്തന്നെ ദൈവം നമ്മോടു ഒരു കടം വീട്ടാൻ ഉള്ള ആൾ ആണെന്നും അത് അവൻ നമുക്ക് വീട്ടും എന്നൊക്കെ നാം പാടി പോകാറുണ്ട്. പക്ഷെ ദൈവം എല്ലാം സൗജന്യമായി മനുഷ്യന് നൽകിക്കൊണ്ട് സ്വയം പുകഴുവാൻ ഉള്ള മനുഷ്യന്റെ അവസരങ്ങളെ ഇല്ലാതാക്കുന്നു. മനുഷ്യനെ രക്ഷിക്കാൻ ഉള്ള ദൈവത്തിന്റെ തീരുമാനം തികച്ചും അവന്റെ സ്നേഹത്തിന്റെ വെളിപ്പെടുത്തൽ മാത്രമാണ്. അത് വ്യവസ്ഥകൾഇല്ലാത്തതും ഒരിക്കലും അവസാനിക്കാത്തതും ആണ്. പൗലോസ് പറയുന്നു, ദൈവം ശത്രുകൾ ആയിരിക്കുമ്പോൾതന്നെ നമുക്കു വേണ്ടി തന്റെ പുത്രനെ തന്നത് നമ്മോടുള്ള അവന്റെ സ്നേഹത്തെ വെളിപ്പെടുത്തുന്നതിനാണ്. ദൈവത്തിനു തന്റെ

സ്നേഹത്തെ വെളിപ്പെടുത്തുവാൻ യാതൊരു ഗുണവും നന്മയും ഇല്ലാത്ത നമ്മെ തെരഞ്ഞെടുക്കുക എന്നതായിരുന്നു ദൈവത്തിന്റെ നീതി. അങ്ങനെ അല്ലായിരുന്നു എങ്കിൽ അവന്റെ കൃപാമഹത്വം വ്യക്തമായി വെളിപ്പെടുകയില്ലായിരുന്നു. ദൈവം നമ്മെ രക്ഷിക്കുന്നതിലൂടെ നമ്മോടുള്ള കടം വീട്ടുകയല്ല, പ്രത്യുത, അവന്റെ സ്നേഹത്തിന്റെ നിലവാരം നമുക്കു കാണിച്ചുതരികയാണ്.

എന്തുകൊണ്ടാണ് നമ്മുടെ പ്രത്യാശയ്ക്കു ഭംഗം വരാത്തത് എന്ന് അഞ്ചാം വാക്യത്തിൽ പൗലോസ് വ്യക്തമാക്കുന്നു. പരിശുദ്ധാത്മാവു നമ്മുടെ ഹൃദയങ്ങളിൽ പകർന്നുകൊണ്ടിരിക്കുന്ന, വെളിപ്പെടുത്തിക്കൊണ്ടിരിക്കുന്ന വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹം മാത്രമാണ് നമ്മുടെ പ്രത്യാശ ഇളകാത്തതു ആകാനുള്ള കാരണം. ആ അഗപ്പേ സ്നേഹം നമ്മുടെ വീണ്ടെടുപ്പിന്റെ ഒരു നേർക്കാഴ്ചയാണ്. ഈ സ്നേഹം നമ്മിലേക്കും നമ്മിൽ നിന്നും പകർന്നു കൊണ്ടേയിരിക്കുന്ന ദൈവീക ഗുണം ആണ്. ഈ സ്നേഹത്തിന്റെ ഒഴുക്കാണ് നമ്മുടെ പ്രത്യാശയെ ഉറപ്പിക്കുന്നത്. ദൈവം നമ്മെ ഏതു വ്യവസ്ഥകൾ ഇല്ലാത്ത സ്നേഹത്താൽ സ്നേഹിക്കുന്നുവോ അതേ സ്നേഹം തന്നെയാണ് മറ്റുള്ളവർക്ക് നൽകുവാൻ നമ്മോടു ആവശ്യപ്പെടുന്നത്.

ആറാം വാക്യത്തിൽ നാം കാണുന്നത് ക്രിസ്തു തക്കസമയത്തു അഭക്തർക്കു വേണ്ടി മരിച്ചു എന്നാണ്. ക്രിസ്തു നമുക്കുവേണ്ടി മരിക്കുമ്പോൾ നാം അഭക്തരും പാപികളും ആണ്. ആദം ആണ് നമ്മുടെ പ്രതിനിധി. നാം ആദാമ്യസന്തതികൾ എന്ന നിലയിൽ ബലഹീനരും പാപം അല്ലാതെ ഒന്നും ചെയ്യാൻ കഴിവില്ലാത്തവരുംആണ്.

ആരെയാണ് സ്നേഹിക്കാൻ കൊള്ളാവുന്നത്? ഗുണവാൻ, നീതിമാൻ, ശത്രു...?

പൗലോസ് പറയുന്നത് ആരെങ്കിലും ഈ ലോകത്തിൽ മരിക്കുമെങ്കിൽ അത് ഒരു ഗുണവാനുവേണ്ടി ആയിരിക്കും. നമുക്ക് ഗുണമുള്ളവരെ സ്നേഹിക്കാനും അവർക്കു വേണ്ടി ചിലവിടുവാനും മനുഷ്യർ തയ്യാർ ആയേക്കാം. എന്നാൽ നീതിമാൻ എല്ലായിടത്തും തള്ളപ്പെടുന്നവനും ലോകത്തിൽ ഒരു ശല്യക്കാരൻ ആയി വ്യാഖ്യാനിക്കപ്പെടുന്നവനും ആകാൻ ആണ് സാധ്യത. പൊതുസമൂഹം നിലനിന്നു പോകുന്നത് പല അവിശുദ്ധ വിട്ടുവീഴ്ചകളിലൂടെയും ആണ്. അത് ഒരു നീതിമാന്റെ ജീവിതത്തെ ദുസ്സഹമാക്കുന്നു. അവൻ എല്ലായിടത്തും ഒറ്റപ്പെട്ടവൻ ആയേക്കാം. എന്നാൽ ശത്രുവിന് വേണ്ടി ആർ മരിക്കും? നീതിമാന്റെ സ്ഥിതി തന്നെ പ്രയാസം ആണ്. നമ്മുടെ കൈയ്യിൽ ദൈവത്തെ പ്രസാദിപ്പിക്കാൻ ഉതകുന്ന നീതി ഇല്ല. ദൈവത്തിനു നമ്മെ കൊണ്ട് ഒരു ഗുണവുമില്ല. ദൈവം നമ്മെ രക്ഷിച്ചില്ലായിരുന്നു എങ്കിലും ഒരു നഷ്ടവും ഉണ്ടാകാൻ ഇല്ലായിരുന്നു.

നമ്മെക്കാൾ ശ്രേഷ്ഠരായ ദൂതന്മാർ വീണുപോയപ്പോളും ദൈവത്തിന്റെ രക്ഷാകരമായ വീണ്ടെടുപ്പ് കാണാൻ ആയില്ല. എന്നാൽ നമ്മെ പൗലോസ് വിളിക്കുന്നത് ദൈവത്തിന്റെ സ്വാഭാവിക ശത്രുക്കൾ എന്നാണ്. ദൈവം തന്റെ സ്നേഹത്തെ പ്രദർശിപ്പിക്കുവാൻ തെരഞ്ഞെടുത്തത് ശത്രുക്കളെ ആണ് എന്നതാണ് രക്ഷയുടെ അവിശ്വസനീയതയുടെ അടിസ്ഥാനം. നമ്മെക്കൊണ്ട് ദൈവത്തിനു എന്തെങ്കിലും ഗുണം ഉണ്ടാവും എന്നോ ഉണ്ടായിട്ടുണ്ട് എന്നോ വിചാരിക്കുന്ന അനേകർ ഇന്നുണ്ട്. അവർ പലപ്പോളും പ്രാർഥനകളിൽ ദൈവത്തോട് വില പേശുന്നതും അവകാശം ചോദിക്കുന്നതും പ്രതിഫലം ആവശ്യപ്പെടുന്നതും ഒക്കെ കാണാം. ദൈവം തരുന്ന നല്ല ദാനങ്ങൾ നന്ദിയോടെ വാങ്ങി അവനു സ്തോത്രം ചെയ്യുക എന്നല്ലാതെ യാതൊരു അവകാശവാദങ്ങൾക്കും മനുഷ്യൻ യോഗ്യൻ അല്ല എന്ന് പൗലോസ് തന്റെ എല്ലാ ലേഖനങ്ങളിലും ആവർത്തിക്കുന്നു. ഇത് ദൈവത്തെക്കുറിച്ചുള്ള ഏറ്റവും സത്യമായ വെളിപ്പെടുത്തൽ ആണ്.

നാം രക്ഷപ്പെടുന്നത് അവന്റെ കോപത്തിൽ നിന്നാണ്. സ്നേഹത്തിന്റെ പ്രദർശനത്തിലൂടെ ദൈവം അവന്റെ കോപത്തിൽ നിന്നും നമ്മെ രക്ഷിച്ചു. നാം ഓർക്കേണ്ട ഒരു കാര്യം ദൈവത്തിന്റെ കോപവും വിശുദ്ധമാണ് എന്നതാണ്. അവൻ വെറുക്കുന്നത് പാപത്തെ ആണ്. പാപം ചെയ്യുന്നവൻ ദൈവത്തിനു ശത്രുവും ആണ്. ദൈവം നമ്മോടു തന്റെ കോപത്തെ പ്രദർശിപ്പിക്കുന്നതിനും പൂർണ്ണ സ്വാതന്ത്ര്യം ഉള്ളവൻ ആയിരുന്നു. അപ്പോളും അവൻ പരിശുദ്ധനും ആരാധനയ്ക്കു യോഗ്യനും ആയിരിക്കുമായിരുന്നു. എന്നാൽ അവൻ നമ്മോടു അവന്റെ കരുണയെ പ്രദർശിപ്പിക്കാൻ ആണ് തെരെഞ്ഞെടുത്തത്. അത് പൂർണ്ണമായും ദൈവകൃപ ആണെന്ന് പൗലോസ് പറയുന്നു. കോപത്തിൽ നിന്ന് വിടുവിക്കപ്പെട്ടതു അവന്റെ സ്നേഹത്താൽ മാത്രമാണ് എന്നതാണ് നമ്മെ പ്രത്യാശ ഉള്ളവർ ആക്കി മാറ്റുന്നത്. അവന്റെ സ്നേഹത്താൽ ഉള്ള വാഗ്ദത്തങ്ങൾ ആണ് നമ്മുടെ പ്രത്യാശയെ സ്ഥിരമാക്കുന്നത്.



ഫ്രാൻസിസ് ഫ്രാൻഗിപ്പെൻ

നാം ഏല്പിച്ചുകൊടുക്കുന്നവ ദൈവം ഏറ്റെടുക്കും

ഒരു പ്രഭാതത്തിൽ ഉണർന്നപ്പോൾ എന്റെ മനസ്സിലേക്കു കടന്നു കയറിയ ഒരു വാചകമിങ്ങനെയായിരുന്നു 'നീ എന്തു ഏല്പിച്ചുതരുന്നുവോ അത് ഞാൻ ഏറ്റെടുക്കും'. അതു ദൈവത്തിന്റെ പരിശുദ്ധാത്മാവു തന്ന ചിന്ത ആണെന്നു പിന്നീടെനിക്കു മനസ്സിലായി.

വിശ്വാസവും വിനയവും തമ്മിൽ ഇണങ്ങുന്നു

ഒരേസമയം വിശ്വാസവും താഴ്മയുമില്ലാതെ നമുക്കു ആത്മികമായി മുന്നേറുവാൻ കഴികയില്ല. താഴ്മയും സമർപ്പണവുമില്ലെങ്കിലും വിശ്വാസം ഉള്ള വ്യക്തിയാണ് എന്ന് ആരെക്കുറിച്ചെങ്കിലും പറഞ്ഞാൽ ആ വിശ്വാസം ഒരു ഭാവന മാത്രമായിരിക്കും. അതുപോലെ വിശ്വാസം ഇല്ലാതെയുള്ള താഴ്മയ്ക്ക് തലഉയർത്താനുള്ള ത്രാണി ഉണ്ടാവില്ല.

ദൈവീക വാഗ്ദത്തങ്ങൾ അവകാശമാക്കുക എന്നത് വിശ്വാസത്തിന്റെ ഒരു പ്രകൃതമാണ് എന്ന് പറയുന്നത് ഒരു പരിധിവരെ ശരിയാണ്. വാഗ്ദത്തനാട് അവകാശമാക്കുവാൻ യിസ്രായേലിന് കല്പന ലഭിച്ചു, വിശ്വാസത്തിന്റെ വഴിയിലൂടെ യാത്ര ചെയ്താണ് അത് കൈവശമാക്കിയത്. താഴെപ്പറയുന്ന വാക്യങ്ങൾ ശ്രദ്ധിക്കുക. ''എന്നാൽ വിശ്വാസം കൂടാതെ ദൈവത്തെ പ്രസാദിപ്പിക്കുവാൻ കഴിയുന്നതല്ല" (എബ്രായർ 11.6). ''...വിശ്വാസത്തിൽനിന്ന് ഉത്ഭവിക്കാത്തതെല്ലാം പാപം ആകുന്നു'' (റോമർ 14.23). വിശ്വാസം മനുഷ്യഹൃദയത്തെ ദൈവവുമായി ഘടിപ്പിക്കുന്നു. അങ്ങനെ പാപിയായ മനുഷ്യൻ ദൈവത്തിന്റെ നീതീകരണത്തിന് യോഗ്യനാകുന്നു, ആത്മികമായി മരിച്ചിരുന്നവർക്ക് ദൈവീക ജീവനുമായി ബന്ധമുണ്ടാകുന്നു. വിശ്വാസമില്ലാത്ത ക്രിസ്ത്യാനിത്വം കരണ്ടില്ലാത്ത ഒരു കമ്പ്യൂട്ടർ പോലെയേ ഉള്ളൂ. ആത്മികവിഷയങ്ങളിൽ നല്ല വിജ്ഞാനമുണ്ടായിരിക്കും, പക്ഷേ അതു പ്രകാശിക്കില്ല, പ്രവർത്തനക്ഷമമാകില്ല, പ്രയോജനപ്പെടുകയുമില്ല.

എവിടെ വിശ്വാസം പ്രസരിക്കുന്നുവോ അവിടെ താഴ്മ പ്രത്യക്ഷപ്പെടും. ഇക്കാര്യത്തിൽ ക്രിസ്തുവിനെ നമ്മുടെ മാതൃകയായി കാണുക. ഫിലിപ്പിയർ 2.10ൽ പറഞ്ഞിരിക്കുന്ന നാൾ വരുന്നു.''യേശുവിന്റെ നാമത്തിങ്കൽ സ്വർലോകരുടെയും ഭൂലോകരുടെയും അധോലോകരുടെയും മുഴങ്കാലൊക്കെയും മടങ്ങുകയും എല്ലാ നാവും യേശുക്രിസ്തു കർത്താവ് എന്ന് പിതാവായ ദൈവത്തിന്റെ മഹത്വത്തിനായി ഏറ്റുപറകയും ചെയ്യേണ്ടി വരും". അതുപോലെ വെളിപ്പാട് 11.15ൽ പറയുന്നു "ലോകരാജത്വം നമ്മുടെ കർത്താവിനും അവന്റെ ക്രിസ്തുവിനും ആയിത്തീർന്നിരിക്കുന്നു. അവൻ എന്നെന്നേയ്ക്കും വാഴും...". എന്നാൽ യേശുക്രിസ്തുവിന്റെ പ്രതികരണം എന്താണ്? "അവൻ എല്ലാ വാഴ്ചയ്ക്കും അധികാരത്തിനും ശക്തിക്കും നീക്കം വരുത്തിയിട്ട് രാജ്യം പിതാവായ ദൈവത്തെ ഏല്പിക്കും" (1 കൊരിന്ത്യർ 15.24).

അവൻ ജയിക്കുകയും കൈവശമാക്കുകയും ചെയ്യുന്നത് ഏല്പിച്ചു കൊടുക്കുന്നു. നമ്മുടെ സ്വഭാവമനുസരിച്ച് ആദ്യഭാഗത്തിനു നാം തയ്യാറാണ്; വിശ്വാസത്താൽ പലതും നേടിയെടുക്കും, എന്നാൽ ലഭിച്ചവ തിരിച്ചു ദൈവത്തിനു സമർപ്പി

ക്കുന്നതിൽ വൈമുഖ്യവും. എന്നാൽ ദൈവത്തെ യഥാർഥമായി അനുഗമിച്ചവർ ശരിയായ മാതൃക കാട്ടിയിട്ടുണ്ട്. അബ്രഹാമിനു വിശ്വാസത്താൽ യിസഹാക്കിനെ ലഭിച്ചു, താഴ്മയാൽ അവനെ ദൈവത്തിനു 'യാഗം കഴിച്ചു'. വിശ്വാസത്താൽ ദാവീദ് സീയോൻ കോട്ട പിടിച്ചു താഴ്മയാൽ അതിനെ ദൈവത്തിനു സമർപ്പിച്ചു 'ദൈവത്തിന്റെ നഗരം' എന്നു പേരിട്ടു.

വിശ്വാസത്താൽ നാം നേടിയെടുക്കുന്നവയെ തിരിച്ചു ദൈവത്തിനു സമർപ്പിക്കാൻ കഴിയുന്ന അളവു വരെയുള്ള ആത്മികവളർച്ച നാം നേടേണ്ടിയിരിക്കുന്നു. ഈ ലോകത്തിൽ എന്തെല്ലാം നേട്ടങ്ങൾ ഉണ്ടാക്കാൻ കഴിയും എന്നാതായിരിക്കരുത് നമ്മുടെ ലക്ഷ്യം, മറിച്ച് ദൈവരാജ്യത്തിന്റെ വിശാലതയ്ക്കായി എനിക്ക് എന്തു നേടുവാനും സമർപ്പിക്കാനും കഴിയും എന്നതായിരിക്കണം. വിശ്വാസത്താൽ സ്വർഗത്തിലെ നന്മകളെ ഭൂമിയിലേക്കു കൊണ്ടുവരാൻ നമുക്കു കഴിയും അപ്പോൾത്തന്നെ സമർപ്പണത്താൽ ദൈവസാന്നിധ്യം ആ നന്മകളിലേക്ക് കൊണ്ടുവരാൻകൂടെ കഴിയണം.

ദശാംശവും ദൈവത്തിന്റെ മനസ്സും

നാം ദൈവത്തിന് സമർപ്പിക്കുന്നവയെ ഏറ്റു കൊള്ളാമെന്ന് അവിടുന്നു വാക്കുപറഞ്ഞിരിക്കുന്നു. ഇവിടെയാണ് യഥാർഥ വിശ്വാസം വിശാലമായി ക്രിസ്തുതുല്യതയുടെ സീമകളിലേക്ക് ഉയരുന്നത്. നാം മനസ്സിലാക്കേണ്ട ഒരു കാര്യം: നാം ദൈവത്തിൽനിന്ന് മറച്ചു പിടിക്കുന്നവ ഒറ്റപ്പെട്ടു നില്ക്കുകയും വളരാനോ വിശാലമാകാനോ കഴിയാതെ അതു മുരടിക്കുകയും ചെയ്യുന്നു. അതുകൊണ്ടാണ് ദശാംശത്തെ ദൈവത്തിനു വിശുദ്ധമായി പഴയനിയമം പറയുന്നത്. ഇന്നും നാം എന്തു ദൈവത്തിനു സമർപ്പിക്കുന്നുവോ അവയെ അസാധാരണമാം വിധം വർധിപ്പിക്കുവാൻ അതിനാൽ ഇടവരുത്തുകയാണ്. അതെ, നാം ദൈവത്തിനു കൊടുക്കുന്നതിനെ ദൈവം ഏറ്റെടുക്കുന്നു.

ഞാൻ പണത്തെ പരാമർശിച്ചു മാത്രമല്ല സംസാരിക്കുന്നത്. വിശ്വാസവും സമർപ്പണവുമാണ് വിഷയം. നാം ദൈവത്തിനു കൊടുക്കുമ്പോൾ നമുക്കു ദൈവത്തിലുള്ള വിശ്വാസമാണ് വെളിപ്പെടുത്തുന്നത്. ദൈവീക കാര്യങ്ങൾക്കായി ചിലവിടുവാൻ പറയുന്നതിനാൽ ഞാൻ നിങ്ങളുടെ പോക്കറ്റിൽ എന്റെ കൈ ഇടുവാൻ ശ്രമിക്കുകയല്ല മറിച്ച് നിങ്ങളുടെ കൈ ദൈവത്തിന്റെ നിക്ഷേപങ്ങളിന്മേൽ വെയ്ക്കുവാൻ പറയുകയാണ്. അവിടെനിന്നുമാണ് നിങ്ങളുടെ വളർച്ചയും വിശാലതയും യാഥാർഥ്യമാകുന്നത്. സമ്പത്തോ സാമഗ്രികളോ കൂട്ടിവയ്ക്കുന്നതല്ല ജീവിതത്തിന്റെ വിജയം, ജീവിതത്തിന്റെ എല്ലാ മേഖലകളിലും ഉണ്ടാകുന്ന വിശാലതയാണ് കാര്യം. വിശ്വാസത്താൽ നാം നേടുന്നവ വിനയത്തോടെ ദൈവത്തിനു സമർപ്പിക്കുക, അതാണു വേണ്ടത്. ഒരുപക്ഷേ നിങ്ങൾ പറയുമായിരിക്കും 'ഞാൻ കടുത്ത സാമ്പത്തിക ഞെരുക്കത്തിലാണ് ദശാംശമായോ അല്ലാതെയൊ കൊടുക്കുവാൻ തക്കവണ്ണം ഒന്നും നേടുന്നില്ല'. ഞാൻ ഒന്നുപറയട്ടെ, കാലിയാകാൻ പോകുന്ന പേഴ്സാണു നിങ്ങളുടേതെങ്കിൽ ഉള്ളതുമായി അതു ദൈവത്തെത്തന്നെ ഏല്പിക്കുന്നതല്ലേ നല്ലത്. അതിനെ നിറയ്ക്കാൻ ദൈവത്തേക്കാൾ മികവ് നിങ്ങൾക്കുണ്ടോ? മലാഖി 3:10-12 വരെ വായിക്കുക.

നമ്മുടെ പണം മാത്രമല്ല ദൈവത്തിനു വേണ്ടത്, സമ്പുഷ്ടമായ ഒരു ജീവിതം ദൈവത്തിനു സമർപ്പിക്കാൻ നമുക്കു കഴിയണം. പലരും ആത്മിക വരൾച്ച അനുഭവിക്കുന്നവരാണ് എന്നതൊരു വസ്തുതയാണ്. നമുക്ക് ഊർജം, സമയം, സ്രോതസ്സുകൾ തുടങ്ങിയവ മതിയായ അളവിൽ ഇല്ല എന്ന പരിമിതിയാണ് പലപ്പോഴും കാണപ്പെടുന്നത്. നമുക്കുള്ളതിനെ ദൈവത്തിനു സമർപ്പിക്കുക, ദൈവം തന്റെ ഉറവയിൽനിന്ന് നമുക്കാവശ്യമുള്ള അളവ് പകർന്നു തരും. നമ്മെ നശിപ്പിക്കുവാനും ചോർത്തിക്കളയുവാനും ശ്രമിക്കുന്നവയെ ദൈവം നശിപ്പിക്കും.

ദൈവം ഒരു വിധവയെ ഉപയോഗിക്കുന്നു

വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും വ്യക്തമായ പഠനം നമുക്കു തരുന്ന ഒരു സംഭവമുണ്ടല്ലോ രാജാക്കന്മാരുടെ പുസ്തകം 17-ാം അധ്യായത്തിൽ. ഏലിയാവും സരെഫാത്തിലെ വിധവയും. ഏലിയാവിനു ഭക്ഷണം കൊടുക്കുവാൻ ദൈവം ധനികനായ ഒരു ബിസിനസ്സുകാരനോടല്ല പറഞ്ഞത്, മറിച്ച് ദരിദ്രയായ ഒരു വിധവയോട്. ഭക്ഷ്യക്ഷാമത്തിന്റെയും വരൾച്ചയുടെയും മൂർധന്യത്തിലെത്തി, ലഘുവായ ഒരു അവസാന ആഹാരം കഴിക്കാൻ തയ്യാറെടുത്തു നിന്ന അവൾ ഒരു യിസ്രായേൽക്കാരി പോലും അല്ലാതിരുന്നിട്ടും അവൾക്കു ദൈവത്തെ അറിയാമായിരുന്നു. "അതിന് അവൾ: നിന്റെ ദൈവമായ യഹോവയാണ, കലത്തിൽ ഒരു പിടി മാവും, തുരുത്തിയിൽ അല്പം എണ്ണയും മാത്രമല്ലാതെ

എനിക്ക് ഒരു അപ്പവും ഇല്ല...” (1 രാജാ. 17.12).

ദൈവത്തിന്റെ അത്ഭുതവഴി അവളുടെ മുമ്പിൽ തുറക്കുന്നതിനു മുമ്പ് അവൾക്കുണ്ടായിരുന്ന അല്പം ദൈവത്തിന് സമർപ്പിക്കേണ്ടിയിരുന്നു. ആദ്യം തനിക്ക് ചെറിയ ഒരു അട ഉണ്ടാക്കി കൊടുക്കുക എന്നു പറയുന്ന ഏലിയാവിന്റെ വാക്കുകൾ അപ്രായോഗികമാണെന്നും, കഠിനമാണെന്നും തോന്നിപ്പോകും. ദൈവം ചെയ്യാൻ പോകുന്നത് ഏലിയാവ് അറിയുന്നു എങ്കിലും വിധവ അറിയുന്നില്ലല്ലോ. എന്നിട്ടും വിധവയെ വിശ്വാസത്തിന്റെയും സമർപ്പണത്തിന്റെയും വഴിയെ നയിക്കുകയാണിവിടെ. ദൈവം അവളെ സമൃദ്ധിയിലേക്കാണു നടത്തിയത്. “...കലത്തിലെ മാവു തീർന്നുപോയില്ല, ഭരണിയിലെ എണ്ണ കുറഞ്ഞുപോയതുമില്ല...” (1 രാജാ. 17.16).

ദരിദ്രരായിരിക്കുമ്പോഴും കൊടുക്കുക

എന്റെ സ്വന്ത അനുഭവത്തിൽ തീരെ സാമ്പത്തിക ബുദ്ധിമുട്ടിലായിപ്പോയ ഒരു കാലയളവുണ്ടായിരുന്നു. അന്നും കർത്താവിനു കൊടുക്കുന്നതു ഞങ്ങൾ മുടക്കിയില്ല. ദൈവപ്രവൃത്തിയുടെ സാക്ഷ്യം പറയാൻ കുറെ അനുഭവങ്ങൾ ഞങ്ങൾക്ക് അന്നു ലഭിച്ചു എന്നതായിരുന്നു അത്ഭുതം. കർത്താവ് അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചപ്പോൾ ആ അപ്പം ലഭിച്ചത് ഒരു സാധാരണ ബാലന്റെ കയ്യിൽനിന്നും ആയിരുന്നു. അവൻ അതു കയ്യിൽ ഒതുക്കിവെയ്ക്കാതെ കർത്താവിന് ഏല്പിച്ചുകൊടുത്തതുകൊണ്ടാണല്ലോ അത് അത്ഭുതവിഷയമായത്.

‘നല്കുവാൻ എന്റെ പക്കൽ ഒന്നുമില്ല’ എന്നു ആരെങ്കിലും പറയുന്നതു കേട്ടാൽ ഞാൻ പറയാറുണ്ട്: ‘നിങ്ങൾക്കു കൊടുക്കാതിരിക്കാൻ സാധ്യമല്ല’ എന്ന്. നമ്മിൽ വിശ്വാസം സജീവമാകുകയും സമർപ്പണം ശക്തമാവുകയും ചെയ്യുമ്പോൾ ദൈവം നമ്മുടെ ജീവിതത്തിൽ ഇടപെടും. ദൈവം നന്മ നല്കി തുണച്ച അനുഭവ സാക്ഷ്യം നമുക്കു പറയാൻ കഴിയുന്നത് ചില വൈഷമ്യഘട്ടങ്ങളെ അനുസ്മരിച്ചായിരിക്കും. നമ്മുടെ വീണ്ടുവിചാരവും ബുദ്ധിയുമൊന്നും ഉപയോഗിക്കരുത് എന്നല്ല പറയുന്നത്, മറിച്ച് അതിനെല്ലാം ഉപരിയാണ് ദൈവത്തിന്റെ കരുതൽ എന്ന് ഓർക്കണമെന്നാണ്. വിധവയുടെ അല്പത്തെ ദൈവം വർധിപ്പിച്ചത് ക്ഷാമകാലത്താണ്. അഞ്ച് അപ്പത്തിന്റെ കാര്യവും അങ്ങനെതന്നെ. നമ്മുടെ ഇല്ലായ്മയുടെ സമയത്തായിരിക്കും വിശ്വാസവും സമർപ്പണവും ഏറെ പരീക്ഷിക്കപ്പെടുന്നതും, നാം വിജയിക്കേണ്ടതും. ഒരു രോഗിയുടെമേൽ കൈവെച്ചു സൗഖ്യത്തിനായി പ്രാർഥിക്കുമ്പോൾ നിങ്ങളിൽ വ്യാപരിക്കുന്ന വിശ്വാസം ഏതോ അതേ വിശ്വാസം തന്നെയാണ് ഇല്ലായ്മയിൽ നിന്ന് ദൈവകാര്യത്തിനായി കൊടുക്കുമ്പോഴും നിങ്ങളിൽ വ്യാപരിക്കേണ്ടത്. നമ്മുടെ സമ്പത്തിന്റെ കാര്യത്തിലുള്ള വിശ്വസ്തത നമ്മുടെ ആവശ്യനേരങ്ങളിൽ അത്ഭുതമായി നമ്മിലൂടെ വെളിപ്പെടും. അവിശ്വാസത്തിന്റെ കുരുക്കിലുടെ ഞെരുങ്ങിനീങ്ങാതെ വിശ്വാസത്തിന്റെ വിശാലവഴിയെ നടന്നു ശീലിക്കൂ. അപ്പോൾ സർവ്വശക്തന്റെ കരുതൽ ആസ്വദിക്കാം.

കർത്താവ് അഞ്ചപ്പം കൊണ്ട് അയ്യായിരത്തെ പോഷിപ്പിച്ചപ്പോൾ ആ അപ്പം ലഭിച്ചത് ഒരു സാധാരണ ബാലന്റെ കയ്യിൽനിന്നും ആയിരുന്നു. അവൻ അതു കയ്യിൽ ഒതുക്കിവെയ്ക്കാതെ കർത്താവിന് ഏല്പിച്ചുകൊടുത്തതുകൊണ്ടാണല്ലോ അത് അത്ഭുതവിഷയമായത്.

ക്രിസ്തുവാണു നമ്മുടെ മാതൃക

തനിക്ക് ആവശ്യമുള്ളവ ലഭ്യമാകേണ്ടതിന് യേശു കൈക്കൊണ്ടിരുന്ന മാർഗം എന്തായിരുന്നുവെന്ന് യോഹന്നാൻ 17.10 ൽ വെളിപ്പെടുത്തിയിട്ടുണ്ട്. പിതാവിനോടുള്ള പ്രാർഥനയിൽ യേശു ഉരുവിടുന്നത് “എന്റേത് എല്ലാം നിന്റേതും നിന്റേത് എന്റേതും ആകുന്നു’ എന്നാണ്. തന്നെത്തന്നെ പിതാവിനു പൂർണ്ണമായി സമർപ്പിച്ചവനാകയാൽ യേശുവിന് അങ്ങനെ പ്രാർഥിക്കാൻ കഴിയും. നമുക്കും അപ്രകരം സമർപ്പിക്കാൻ കഴിയുന്നുവെങ്കിൽ നിന്റേതെല്ലാം എന്റേത് എന്ന് വിശ്വാസത്തോടെ അവകാശപ്പെടാൻ കഴിയും.

പ്രിയരേ, നമുക്കുള്ളതെല്ലാം ദൈവം തന്നതാണെന്ന ബോധ്യം നമുക്കുണ്ടല്ലോ, ആയതിനാൽ എന്റേതെല്ലാം നിന്റേത് എന്നു പറഞ്ഞു ഏല്പിച്ചുകൊടുക്കാൻ കഴിയാത്തതെന്ത്? അങ്ങനെ ചെയ്യുമ്പോൾ നമുക്കുള്ള അല്പം വെച്ചുമാറി ദൈവത്തിന്റെ അധികധനത്തിന് അവകാശികളാകുകയല്ലേ നാം? നമ്മുടെ സമ്പത്ത്, കുടുംബം, ഭാവി എല്ലാം സമർപ്പിക്കപ്പെടണം. ആത്മികമായ അനന്തനന്മകളുടെ കലവറ തുറക്കാനുള്ള താക്കോൽ വിശ്വാസവും സമർപ്പണവുമാണ്. വിശ്വാസത്തോടെ എല്ലാം ദൈവത്തിനു സമർപ്പിക്കുക, ദൈവം എല്ലാം ഏറ്റെടുക്കും.





എൽസി ജോയ്

ആരും അപഹരിക്കാത്ത നല്ല അംശം

പുതുവർഷത്തിലൂടെ യാത്ര ആരംഭിച്ചിരിക്കുന്ന വാത്സല്യ സഹോദരങ്ങളെ, നിങ്ങൾക്ക് നല്ല ദിനങ്ങളും നല്ല അനുഭവങ്ങളും സർവ്വ കൃപാലുവായ കർത്താവ് നൽകട്ടെ എന്ന് ആശംസിക്കുന്നു. ഈ വർഷാരംഭത്തിൽ എന്നിൽ കടന്നുവരുന്ന ചിന്ത കർത്താവ് മാർത്തയോട് പറഞ്ഞ കാര്യമാണ്. ഇത് പലവട്ടം നാം ഓരോരുത്തരും ചിന്തിച്ചിട്ടുള്ളതും കേട്ടിട്ടുള്ളതുമാണെന്ന് എനിക്കറിയാം. ഞാൻ തന്നെ മറിയയെക്കുറിച്ച് കഴിഞ്ഞ ലക്കങ്ങളിൽ എഴുതിയിട്ടുമുണ്ട്. എങ്കിലും വചനത്തിലെ ഈ ചിന്തകൾ പുതുവർഷത്തിൽ ജീവിതത്തിനു പുതുമ നൽകി ഹൃദയത്തിൽ നിറഞ്ഞു നിൽക്കുവാൻ ഇടയാകട്ടെ.

"എന്നാൽ അല്പമേ വേണ്ടൂ; അല്ല ഒന്ന് മതി. മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അത് ആരും അവളോട് അപഹരിക്കയുമില്ല" (ലൂക്കോസ് 10 : 42). അപഹരിക്കപ്പെടുന്നതും അപഹരിക്കപ്പെടാത്തതും ഏവ എന്ന ചിന്ത നമ്മിൽ ശക്തമായി വേരൂന്നട്ടെ. നാം ഈ ലോക ജീവിതത്തിൽ നേടുന്നത് എല്ലാം ഈ രണ്ടിൽ ഒരു ഗണത്തിൽപ്പെടുന്നവയാണ്. 'അപഹരിക്കപ്പെടാത്തവയെ' തിരഞ്ഞെടുക്കുവാനുള്ള വിവേചനശക്തിയും ഇച്ഛാശക്തിയും നമുക്ക് ഉണ്ടാകണം. മറിയയെ കർത്താവ് അനുമോദിക്കുന്നത് അവളുടെ തിരഞ്ഞെടുപ്പിനെക്കുറിച്ചാണ്. "മറിയ നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു; അത് ആരും അവളോട് അപഹരിക്കയുമില്ല".

അപഹരിക്കപ്പെടുന്നതും അപഹരിക്കപ്പെടാത്തതും തമ്മിലുള്ള വ്യത്യാസം എന്താണ്? അവയെ എങ്ങനെയാണ് നാം തിരിച്ചറിയുക? കർത്താവ് തന്റെ ഗിരിപ്രഭാഷണത്തിൽ ഇതേക്കുറിച്ചു വളരെ വ്യക്തമായ ഉപദേശം തന്നിട്ടുണ്ട്. മത്തായി 6 : 19 – 34 വരെയുള്ള വേദഭാഗങ്ങൾ ഈ വിഷയത്തിൽ നമുക്ക് വെളിച്ചം പകർന്നുനൽകുന്നുണ്ട്.

ഭൂമിയിൽ നിക്ഷേപം സ്വരൂപിക്കരുത് എന്നും സ്വർഗത്തിൽ നിക്ഷേപം സ്വരൂപിച്ചുകൊൾവീൻ എന്നുമാണ് കർത്താവ് നൽകുന്ന നിർദ്ദേശം. നാം ഈ ഭൂമിയിൽ ജീവിക്കുമ്പോൾ ഭൂമിയിൽ ഉള്ളവയെക്കുറിച്ചുള്ള ചിന്തയും ഈ ഭൂമിയിൽ ആവശ്യമുള്ളവയെക്കുറിച്ചുള്ള അന്വേഷണവുമാണ് ജീവിതത്തിൽ ഉടനീളം എല്ലാവർക്കും ഉള്ളത്. ഇതിനൊരു മാറ്റം ഉണ്ടാകുന്നതാണ് യഥാർത്ഥ മാനസാന്തരത്തിന്റെ അനന്തരഫലം. മാനസാന്തരപ്പെടുന്നതുവരെ നമ്മുടെ കർത്തൃത്വം നമ്മിൽ തന്നെയായിരുന്നു, അഥവാ നാം നമുക്കായി തന്നെ ജീവിക്കുന്നവരായിരുന്നു. മാനസാന്തരപ്പെട്ടപ്പോൾ നമ്മുടെ മേൽ ഉള്ള കർത്തൃത്വം ക്രിസ്തുവിന് വിട്ടുകൊടുത്ത് നാം യേശുവിനെ നമ്മുടെ കർത്താവായി ഏറ്റു പറഞ്ഞ് സ്വീകരിച്ചു. ഇനി നമ്മുടെ ജീവിതത്തിന്റെ കേന്ദ്ര ബിന്ദു ക്രിസ്തുവാണ്. ക്രിസ്തുവിനെ അനുകരിക്കുന്നത് നമ്മുടെ ജീവിതശൈലിയായിത്തീർന്നിരിക്കുന്നു. അതേ, നാം നല്ല അംശം തിരഞ്ഞെടുത്തിരിക്കുന്നു.

ഈ ഭൂമിയിലെ ജീവിതത്തെ പരദേശവാസമായി കാണുവാൻ കഴിയുന്നതാണ് ശരിയായ ആത്മീക വീക്ഷണം. തങ്ങളുടെ നിത്യവൃത്തിക്കുള്ളത് ചിലവഴിച്ചിട്ട് ബാക്കിയുള്ളത് മുഴുവനും സ്വദേശത്തേക്ക് നിക്ഷേപിക്കുന്നതാണ് ബുദ്ധിയായി പരദേശികൾ കാണുന്നത്. ഗൾഫിലും മറ്റും ജോലി ചെയ്യുന്നവർ അങ്ങനെ ആണല്ലൊ ചെയ്യാറുള്ളത്. ഭൂമിയിലുള്ള ജീവിതത്തെയും അങ്ങനെ കാണുവാൻ കഴിയുക എന്നത് ആത്മീകജീവിതത്തിൽ പ്രധാനമാണ്. "ശരീരത്തിന്റെ വിളക്ക് കണ്ണ് ആകുന്നു; കണ്ണു ചൊവ്വുള്ളതെങ്കിൽ നിന്റെ ശരീരം മുഴുവനും പ്രകാശിതമായിരിക്കും. കണ്ണു കേടുള്ളതെങ്കിലോ നിന്റെ ശരീരം മുഴുവനും ഇരുണ്ടതായിരിക്കും; എന്ന് കർത്താവ് പറയുന്നത് ജീവിതത്തെക്കുറിച്ചുള്ള

കാഴ്ചപ്പാടിനെക്കുറിച്ചാണ്. അതിൽ പ്രധാനപ്പെട്ടതാണ് നമ്മുടെ നിക്ഷേപം അഥവാ ധനം എന്നത്. നിക്ഷേപം എവിടെ സ്വരൂപിക്കുന്നു എന്നത് നമ്മുടെ തിരഞ്ഞെടുപ്പാണ്.

ഈ ഭൂമിയിൽ നിക്ഷേപിക്കുന്നതെല്ലാം ജീർണ്ണതയ്ക്കും നഷ്ടങ്ങൾക്കും അധീനപ്പെട്ടിരിക്കുന്നു. പുഴുവും തുരുമ്പും കെടുക്കയും കള്ളന്മാർ മോഷ്ടിക്കയും ചെയ്യും. നിക്ഷേപകന് നിത്യ നഷ്ടവും നിത്യ ദു:ഖവും മാത്രം. മഹാകഷ്ടം എന്നല്ലേ പറയേണ്ടൂ! കർത്താവ് നമുക്ക് ഇത്ര വ്യക്തമായി പറഞ്ഞ് തന്നിട്ടും നമുക്ക് മനസ്സിലാകുന്നില്ല എങ്കിൽ എത്ര കഷ്ടം! ഇത് നമുക്ക് മനസ്സിലാകുന്നു എങ്കിൽ ഈ ഭൂമിയിൽ നിക്ഷേപിക്കുവാൻ ഒരുങ്ങുമോ? നമ്മുടെ ഈ ഭൂമിയിലെ ജീവിതം, ശരിയായ നിക്ഷേപത്തിനുള്ള സുരക്ഷിതമായ ഇടം തിരഞ്ഞെടുക്കുവാൻ ദൈവം തന്നിരിക്കുന്ന അവസരങ്ങൾ ആണ്.

സ്വർഗത്തിൽ നിക്ഷേപിക്കുന്നതെല്ലാം നിത്യമായി സുരക്ഷിതമാണ്. സ്വദേശത്ത് അഥവാ സ്വർഗത്തിൽ ചെല്ലുമ്പോൾ മാത്രമല്ല അത് ഉപകരിക്കപ്പെടുക. ഈ ഭൂമിയിലും അതിന്റെ ആനുകൂല്യം നമുക്ക് ലഭിക്കും. നിക്ഷേപങ്ങൾക്ക് പ്രതിമാസം പലിശ കൈപ്പറ്റുവാൻ കഴിയുന്നതുപോലെ! ആവശ്യങ്ങൾ നിവർത്തിക്കപ്പെടുമ്പോഴെല്ലാം ദൈവകൃപ നമുക്ക് അനുഭവിക്കുവാൻ കഴിയും. അഥവാ ദൈവമാണ് നമ്മുടെ ആവശ്യങ്ങൾ നിവർത്തിക്കുന്നതെന്ന് രുചിച്ചറിയുവാൻ കഴിയും.

ഈ ഭൂമിയിലെ ജീവിതത്തിൽ ആവശ്യങ്ങളുടെ സമ്മർദ്ദം നാം അനുഭവിക്കുന്നു. ഭാവിയെക്കുറിച്ചുള്ള ഉത്കണ്ഠകളും കാര്യങ്ങൾ എങ്ങനെ നടക്കും എന്ന ആകുലങ്ങളും നമുക്ക് നൽകുന്ന വെല്ലുവിളികൾ വളരെയാണ്. ഇവിടെയാണ് ധനത്തിന് അമിത പ്രാധാന്യം നൽകി നമ്മെ വഴിതെറ്റിക്കുവാനുള്ള സാത്താന്റെ തന്ത്രം പ്രയോഗിക്കപ്പെടുന്നത്. ഈ വെല്ലുവിളികൾ 'നല്ല അംശം' തിരഞ്ഞെടുക്കുവാനുള്ള അവസരമായി നാം കാണണം. ക്രിസ്തുവിനെ നാം ജീവിതത്തിൽ എല്ലാമെല്ലാമായി കാണുമ്പോൾ ദൈവത്തെ നാം നമ്മുടെ യജമാനനായി ഏറ്റു പറയുന്നു.

ആകാശത്തിലെ പറവകളും വയലിലെ താമരയുമൊക്കെ ദൈവത്തിന്റെ കരുതലിന്റെയും പരിപാലനത്തിന്റെയും കഥകൾ നമുക്ക് പറഞ്ഞുതരുന്നവയാണ്. അവയെല്ലാം സ്രഷ്ടാവിന്റെ കരുതലിൽ ആശ്രയിക്കുന്നവയാണ്. ദൈവം അവയെ പുലർത്തുന്നു; അണിയിച്ചൊരുക്കുന്നു. ദൈവം ചെയ്യുന്നതുപോലെ മനുഷ്യന് ഒരിക്കലും തന്റെ സ്വന്ത കഴിവിൽ ചെയ്യുവാൻ കഴികയില്ല. പറവജാതികൾക്ക് എന്തു തിന്നും എന്തു കുടിക്കും എന്ന ആകുല ചിന്തയില്ല. കാരണം, അതിനുള്ളത് എവിടെയോ ഒരുക്കപ്പെട്ടിട്ടുണ്ടെന്നുള്ള ഉറപ്പുണ്ട്. അതിരാവിലെ ഉണരുന്ന അവ സ്രഷ്ടാവിന് മഹത്വം കൊടുത്തുകൊണ്ട് പാടി പറന്ന് നടന്ന് ജീവിതം ആസ്വദിക്കുന്നതിനോടൊപ്പം തങ്ങളുടെ ആഹാരവും കണ്ടെത്തുന്നു. കാരണം, സ്വർഗസ്ഥനായ നമ്മുടെ പിതാവ് അവയെ പുലർത്തുന്നു.

നമുക്കുള്ളതുപോലെ ചിന്തിക്കുവാനുള്ള ബുദ്ധി അവയ്ക്കില്ല എന്ന് നാം പറയും. നമുക്ക് ബുദ്ധി തന്നിരിക്കുന്നത് വിചാരപ്പെട്ട് മനം കലങ്ങുവാനാണോ? അല്ലേ അല്ല! അവിടെയാണ് മാർത്തയ്ക്ക് തെറ്റ് പറ്റിയത്. നല്ല അംശം തിരഞ്ഞെടുക്കുവാൻ നമ്മുടെ ബുദ്ധി നമ്മെ സഹായിക്കുന്നില്ലെങ്കിൽ ബുദ്ധി നമ്മെ ചതിക്കയല്ലെ ചെയ്യുന്നത്? സ്രഷ്ടാവിനെ കണ്ടെത്തുവാനും സ്രഷ്ടാവിൽ പൂർണ്ണമായും ആശ്രയിക്കുവാനുമാണ് ബുദ്ധി ഉപയോഗപ്പെടേണ്ടത്. സ്രഷ്ടാവായ ദൈവത്തിന്റെ പരിപാലനം തിരിച്ചറിയുന്നവർക്ക് ആകുലങ്ങൾക്കും ഉത്കണ്ഠകൾക്കും കാരണം കാണുവാൻ കഴികയില്ല. ഏതിനും എന്തിനും എപ്പോഴും ദൈവത്തിൽ ആശ്രയിക്കുക എന്നത് നമ്മുടെ സ്വഭാവം ആകണം. അപ്പോൾ സകല ബുദ്ധിയേയും കവിയുന്ന ദൈവീക സമാധാനം നമ്മുടെ ഹൃദയങ്ങളിൽ വാഴും.

മാർത്ത ക്രിസ്തുവിന് ആതിഥേയത്വം നൽകി സൽക്കരിക്കുവാൻ ആഗ്രഹിച്ചപ്പോൾ, മറിയ ക്രിസ്തുവിന്റെ ആതിഥേയത്വം സ്വീകരിച്ച് തന്നിൽ നിന്നും നിത്യജീവന്റെ മൊഴികളെ ആവോളം സ്വീകരിക്കുവാൻ ആഗ്രഹിച്ചു. എല്ലാം നിറയ്ക്കുന്നവന്റെ നിറവായ അവനിൽ നിന്നും പ്രാപിക്കുന്നതാണ് കർത്താവിനെ ഏറ്റവും സന്തോഷിപ്പിക്കുന്നത്. അവനിൽ നിന്നും പ്രാപിക്കുന്നവർക്ക് മാത്രമെ അവസരം ലഭിക്കുന്നതുപോലെ അവനായി ചെയ്യുവാൻ കഴിയൂ. നമ്മുടെ സ്വയത്തിൽ നിന്നും ഒന്നും നമുക്ക് അവനായി ചെയ്യുവാൻ കഴികയില്ല. അവനിൽ നിന്നും പ്രാപിക്കുന്നത് അവൻ നൽകുന്ന അവസരങ്ങളിൽ അവന്റെ മഹത്വത്തിനായി ചിലവാക്കുകയാണ് വേണ്ടത്. അതാണ് സ്വർഗത്തിൽ നിക്ഷേപമായിത്തീരുന്നതും.

ആരും അപഹരിക്കാത്തതിനെ നേടുന്നതിനായി നമ്മുടെ ജീവിതം സമർപ്പണത്തോടെ നയിക്കാം. യേശുകർത്താവ് നമുക്ക് എല്ലാമായിരിക്കട്ടെ. അവനിൽ നിന്നും പ്രാപിക്കുവാൻ നമുക്ക് അവന്റെ പാദപീഠത്തിൽ ഇരുന്ന് കേൾക്കാം. നല്ല അംശം തിരഞ്ഞെടുക്കുക എന്നത് നമ്മുടെ ജീവിത ശൈലി ആയിരിക്കട്ടെ. ഈ പുതുവർഷത്തിന്റെ ദിനങ്ങൾ എല്ലാം നിങ്ങൾക്ക് ഓരോരുത്തർക്കും ജയോത്സവമായി നടക്കുന്ന അനുഭവമാകട്ടെ. ■



മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

ശിഷ്യത്വത്തിനു നൽകേണ്ട വില

"ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്; സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്. മനുഷ്യനെ തന്റെ അപ്പനോടും മകളെ അമ്മയോടും മരുമകളെ അമ്മാവിയമ്മയോടും ഭേദിപ്പിപ്പാനത്രേ ഞാൻ വന്നത്. മനുഷ്യന്റെ വീട്ടുകാർ തന്നേ അവന്റെ ശത്രുക്കൾ ആകും. എന്നെക്കാൾ അധികം അപ്പനേയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാൾ അധികം മകനെയോ മകൾളേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല. തന്റെ ക്രൂശു എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല; തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും" (മത്തായി 10 : 34-39)

തന്നെത്തന്നെ നമുക്കായി നൽകിയവനാണ് നമ്മുടെ ഗുരു. അതിനാൽ കർത്താവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന ഓരോ ശിഷ്യനും തന്നെത്തന്നെ യേശുകർത്താവിനായി നൽകണം. കർത്താവിനോടുള്ള നമ്മുടെ സമർപ്പണം എത്ര ആത്മാർത്ഥതയുള്ളതാണെന്നും പരിശോധിക്കപ്പെടും. ശിഷ്യത്വത്തിനു വില നൽകുവാൻ തയ്യാറുള്ളവർ പരിശോധനകളിൽ തളരാതെ അവരുടെ സമർപ്പണത്തിന്റെ മാറ്റ് തെളിയിക്കും. മുകളിൽ കുറിക്കപ്പെട്ട വേദഭാഗത്തു നിന്നു മൂന്നുവിധ കാര്യങ്ങൾ നമ്മുടെ പഠനത്തിനു വിധേയമാക്കാം.

തന്നെത്തന്നെ നമുക്കായി നൽകിയവനാണ് നമ്മുടെ ഗുരു. അതിനാൽ കർത്താവിനെ അനുഗമിക്കുവാൻ ആഗ്രഹിക്കുന്ന ഓരോ ശിഷ്യനും തന്നെത്തന്നെ യേശുകർത്താവിനായി നൽകണം.

1. ഏറ്റുമുട്ടലിന്റെ (confrontation) അനിവാര്യത

"ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്; സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്" എന്നു കർത്താവു പറയുമ്പോൾ എന്താണ് അർഥമാക്കുന്നത്? മുമ്പ് കർത്താവു പറഞ്ഞുവന്ന കാര്യങ്ങളുടെ തുടർച്ചയായിട്ടാണ് ഈ കാര്യം പറയുന്നത്. കർത്താവ് ഏല്പിച്ച ദൗത്യങ്ങൾ നിർവ്വഹിക്കുമ്പോൾ പ്രതികൂലങ്ങളെ അഭിമുഖീകരിക്കേണ്ടി വരും എന്നു വ്യക്തമാക്കിയതിനുശേഷം തന്റെ ശിഷ്യനായിരിക്കുക എന്നതുതന്നെ വില നൽകേണ്ട ഒന്നാണെന്നു ഓർമ്മിപ്പിക്കുന്നു. റോമൻ സാമ്രാജ്യത്തിന്റെ കീഴിൽ നിന്നും യിസ്രായേലിനെ സ്വതന്ത്രമാക്കി മശിഹാ തന്റെ രാജ്യം സ്ഥാപിക്കുകയും, ആ രാജ്യത്തിൽ പൂർണ്ണ സ്വസ്ഥത തങ്ങൾക്കുണ്ടാകും എന്നും സ്വപ്നം കാണുന്ന തന്റെ ശിഷ്യന്മാരെ കർത്താവു ഓർമ്മിപ്പിക്കുന്നു, "ഞാൻ ഭൂമിയിൽ സമാധാനം വരുത്തുവാൻ വന്നു എന്നു നിരൂപിക്കരുത്."

നമ്മുടെ കർത്താവു സമാധാനത്തിന്റെ പ്രഭു വാണ്. യേശുവിന്റെ ജനനത്തിങ്കൽ ദൂതന്മാർ പാടി:"അത്യുന്നതങ്ങളിൽ ദൈവത്തിനു മഹത്വം. ഭൂമിയിൽ ദൈവപ്രസാദമുള്ള മനുഷ്യർക്കു സമാധാനം" (ലൂക്കോസ് 2 : 14). ആർക്കാണ് സമാധാനം? ദൈവപ്രസാദമുള്ള മനുഷ്യർക്ക്! ദൈവവുമായുള്ള ബന്ധം പുന:സ്ഥാപിക്കപ്പെടുകയും ദൃഢപ്പെടുകയും ചെയ്യുമ്പോഴാണ് ഒരു വ്യക്തിയിൽ ദൈവം പ്രസാദിക്കുന്നത്. ദൈവത്തോടു സമാധാനം (നിരപ്പ്) പ്രാപിച്ച് ആ വ്യക്തിയുടെ ഉള്ളിൽ സമാധാനം ഉണ്ടാകും. കർത്താവു തന്റെ ശിഷ്യന്മാരെ ഈരണ്ടായി പറഞ്ഞയക്കുമ്പോഴും ഇപ്രകാരമാണ് പറഞ്ഞത്. "ഏതു വീട്ടിൽ എങ്കിലും ചെന്നാൽ; ഈ വീട്ടിനു സമാധാനം എന്നു ആദ്യം പറവിൻ. അവിടെ ഒരു സമാധാന പുത്രൻ ഉണ്ടെങ്കിൽ നിങ്ങളുടെ സമാധാനം അവന്മേൽ വസിക്കും; ഇല്ലെന്നുവരികിലോ നിങ്ങളിലേക്കു മടങ്ങിപ്പോരും" (ലൂക്കോസ് 10 : 5, 6). "അവന്മേൽ വസിക്കും" എന്ന പ്രയോഗം ശ്രദ്ധിക്കുക. സമാധാനം വ്യക്തികളിലാണ് അനുഭവപ്പെടുന്നത്. വ്യക്തികൾ സമാധാനം ഉള്ളവരാകുമ്പോഴാണ് കുടുംബം സമാധാനമുള്ളതാകുന്നത്, സമൂഹം സമാധാനമുള്ളതാകുന്നതും. കർത്താവു നൽകുന്ന സമാധാനം വ്യക്തികൾക്കാണ്.

യേശുകർത്താവ് ലോകത്തിൽ വന്നതു തന്റെ ജനത്തെ അവരുടെ പാപങ്ങളിൽ നിന്നും രക്ഷിപ്പാനാണ്. യേശുവിനെ സ്വീകരിച്ചു രക്ഷ കൈക്കൊള്ളുന്നവരെ പാപത്തിന്റെ അധീനതയിൽ അന്ധതയിലും അജ്ഞതയിലുമായിരിക്കുന്നവർക്കു ഉൾക്കൊള്ളുവാനോ മനസ്സിലാക്കുവാനോ കഴിയുന്നില്ല. അങ്ങനെ അവിടെ ഒരു സംഘർഷം (conflict) ഉണ്ടാകുന്നു. ഇതു ഒഴിവാക്കാൻ സാധ്യമല്ലാത്തതാണ്. അതിനാലാണ് കർത്താവ് "സമാധാനം അല്ല, വാൾ അത്രേ വരുത്തുവാൻ ഞാൻ വന്നത്" എന്നു പറഞ്ഞത്. തുടർന്ന് കർത്താവു താൻ പറഞ്ഞതിന്റെ അർഥം വിശദമാക്കുന്നു. "മനുഷ്യനെ തന്റെ അപ്പനോടും മകളെ അമ്മയോടും മരുമകളെ അമ്മാവിയമ്മയോടും ഭേദിപ്പിപ്പാനത്രേ ഞാൻ വന്നത്. മനുഷ്യന്റെ വീട്ടുകാർ തന്നേ അവന്റെ ശത്രുക്കൾ ആകും." കുടുംബത്തിൽ ഒരാൾ കർത്താവിനെ സ്വീകരിക്കുമ്പോൾ മറ്റുള്ളവർ ശത്രുക്കളായി പെരുമാറുന്നതു നാം കാണുന്ന യഥാർത്ഥ്യമാണല്ലോ. ഇപ്രകാരമുണ്ടാകുന്ന പ്രതികൂല സാഹചര്യം ഒരു ക്രിസ്തുശിഷ്യനു ക്രിസ്തുവിനെ വെളിപ്പെടുത്തുവാനുള്ള അനുകൂല അവസരമാണ്. ക്രിസ്തുവിന്റെ സ്നേഹ വും ക്ഷമയും സഹനത്തിലൂടെ വെളിപ്പെടുത്തുവാനുള്ള അവസരം! അങ്ങനെ ചെയ്യുമ്പോൾ എതിർക്കുന്നവർക്കു ക്രിസ്തുവിന്റെ സ്നേഹം ഗ്രഹിക്കുവാനും മാനസാന്തരം ഉണ്ടാകുവാനും ഇടവരുന്നു. പ്രതികൂലങ്ങളെയും എതിർപ്പുകളെയും ക്രിസ്തുവിന്റെ സ്നേഹത്തിൽ അഭിമുഖീകരിക്കുമ്പോഴാണ് ക്രിസ്തു വെളിപ്പെടുന്നത്!

2. മുൻഗണനാക്രമത്തിന്റെ അത്യാവശ്യം

മുകളിൽ നാം ചിന്തിച്ചതുപോലെയുള്ള ആശയസംഘർഷങ്ങളും തുടർന്നുള്ള എതിർപ്പുകളും എല്ലാം നമ്മുടെ മുൻഗണന നിശ്ചയിക്കുവാൻ നമ്മെ നിർബന്ധിക്കുന്ന വസ്തുതകളാണ്. അപ്പനും അമ്മയും, അല്ലെങ്കിൽ മക്കൾ വേണ്ടപ്പെട്ടവർ ഒക്കെ പിണങ്ങുന്ന, മുറിവേല്ക്കുന്ന സാഹചര്യം ശരിക്കും മാനസിക സംഘർഷം വളരെ അനുഭവിക്കുന്ന സമയമാണ്. ഈസമയത്താണ് മുൻഗണന ആർക്ക് എന്ന ചോദ്യം ഉയരുന്നത്. മുൻഗണനാ ക്രമീകരണത്തിനുള്ള സമയമാണിത്. എല്ലാവരെക്കാളും എല്ലാറ്റിനെക്കാളും അധികം യേശുവിനെ സ്നേഹിക്കുന്നു എന്നു പറയുവാൻ എളുപ്പമാണ്. അതു പ്രവൃത്തിപഥത്തിൽ കൊണ്ടുവരുവാൻ ഇങ്ങനെയുള്ള സന്ദർഭങ്ങൾ നമ്മെ നിർബന്ധിക്കുന്നു. യേശു പറയുന്നു, " എന്നെക്കാൾ അധികം അപ്പനേയോ അമ്മയേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല; എന്നെക്കാൾ അധികം മകനേയോ മകളേയോ പ്രിയപ്പെടുന്നവൻ എനിക്കു യോഗ്യനല്ല."

അപ്പനേയോ അമ്മയേയോ മക്കളേയോ പ്രിയപ്പെട്ടവരെയോ ഒന്നും ഉപേക്ഷിക്കുവാനല്ല കർത്താവു പറയുന്നത്. എന്നാൽ അവരുടെ കാരണത്താൽ ക്രിസ്തുവിനോടുള്ള ആത്മബന്ധത്തിനു കോട്ടം വരരുതെന്നാണ്. ക്രിസ്തുവുമായുള്ള ആത്മബന്ധമാണ് നിത്യജീവനു ആധാരം. ആ ബന്ധത്തിനു മുൻതൂക്കം കൊടുത്തുകൊണ്ട് മറ്റ് ബന്ധങ്ങൾ എല്ലാം ആ ബന്ധത്തിന്റെ കീഴിൽ ആകുമ്പോഴാണ് ബന്ധങ്ങൾ ശരിയാകുന്നത്. ഈ ആത്മീക ജ്ഞാനം പ്രാപിക്കുമ്പോൾ മാത്രമേ കർത്താവു പറഞ്ഞതിന്റെ സാരം നമുക്കു ഗ്രഹിക്കുവാൻ കഴിയുകയുള്ളൂ.

3. ശരിയായ ജീവിത വീക്ഷണത്തിന്റെ അത്യാവശ്യം.

ക്രൂശ് ഒഴിവാക്കി ക്രിസ്തുവിനെ അനുഗമിക്കുവാൻ ഒരു ശിഷ്യനും സാധ്യമല്ല. യേശു വ്യക്ത

മാക്കുന്നു, "തന്റെ ക്രൂശ് എടുത്തു എന്നെ അനുഗമിക്കാത്തവനും എനിക്കു യോഗ്യനല്ല." ക്രൂശ് മരണത്തിന്റെ ചിഹ്നമാണ്. ക്രിസ്തുവിനെ അനുഗമിക്കുന്നതിന്റെ ആദ്യപടി ക്രൂശ് എടുക്കുക എന്നതാണ്. എന്നു പറഞ്ഞാൽ യഥാർത്ഥ മാനസാന്തരം! പാപിയാണെന്നു തുറന്നു സമ്മതിച്ചു രക്ഷകനിൽ അഭയം പ്രാപിക്കുക. നടന്നു വന്നിരുന്ന പാപവഴികളിൽ നിന്നും 'മരിച്ച്" വേർപെടുക. ലോകസ്നേഹത്തിൽ നിന്നും മോഹങ്ങളിൽ നിന്നും മരിച്ചു വേർപെടുക. മരിച്ചു വേർപെടുന്ന ബന്ധം പിന്നെ പു:നസ്ഥാപിക്കപ്പെടുവാൻ കഴിയുന്നതല്ലല്ലൊ. ഇതാണ് തന്റെ ക്രൂശ് എടുക്കുക എന്നതിന്റെ ആശയം.

തന്റെ ക്രൂശ് എടുത്തു യേശുവിനെ അനുഗമിക്കണം. ഇനി ഗുരുവും കർത്താവും യേശുവാണ്. ജീവിതത്തിന്റെ കേന്ദ്ര ബിന്ദു യേശുവാണ്. യേശുവിനു ഒന്നാം സ്ഥാനം കൊടുത്തുള്ള ജീവിതവീക്ഷണമാണ് ശരിയായിട്ടുള്ളത്. കർത്താവിന്റെ കല്പനകൾ അനുസരിക്കുന്നതു ജീവിതപ്രമാണമാകുമ്പോഴാണ് നാം യേശുവിനു ഒന്നാം സ്ഥാനം കൊടുക്കുന്നത്. ഇതാണ് ശരിയായ അനുഗമനം. അപ്രകാരം അനുഗമിക്കാത്തവർ ആരും കർത്താവിന്റെ ശിഷ്യന്മാരല്ലെന്നു കർത്താവു തീർത്തു പറഞ്ഞിരിക്കുന്നു.

നമ്മുടെ ജീവിത വീക്ഷണത്തിൽ നിന്നാണ് ജീവിത ശൈലി രൂപപ്പെടുന്നത്. ഒന്നുകിൽ നാം "ജീവനെ കണ്ടെത്തുന്നവൻ" എന്ന ഗണത്തിൽ അല്ലെങ്കിൽ "ക്രിസ്തു നിമിത്തം ജീവനെ കളഞ്ഞവൻ" എന്ന ഗണത്തിൽപെടും. നാം ഏതു ഗണത്തിൽപ്പെടുന്നു എന്നു ബോധ്യം വരുത്തണം. ജീവനെ കണ്ടെത്തിയവൻ തനിക്കായി മാത്രം ജീവിക്കുന്നവനാണ്. അവൻ ലോകത്തിലെ താല്ക്കാലിക ജീവിതത്തെക്കുറിച്ചു മാത്രം ചിന്തിക്കുന്നവനും ലോക സുഖങ്ങളുടെ മോഹങ്ങളിൽ സന്തുഷ്ടി കണ്ടെത്തുവാൻ ശ്രമിക്കുന്നവനുമാണ്. എന്നാൽ ക്രിസ്തു നിമിത്തം ജീവനെ കളയുന്നവൻ ലോകത്തിൽ എന്തിനെയും ക്രിസ്തുവിനെ നേടേണ്ടതിനു, ദൈവഇഷ്ടം ചെയ്യുന്നതിനു നഷ്ടപ്പെടുത്തുന്നതിൽ സന്തോഷിക്കുന്നവനാണ്.

ജീവനെ കണ്ടെത്തിയവൻ അതിനെ കളയും. തന്റെ ഭൂമിയിലെ താല്ക്കാലിക ജീവിതത്തിനു ശേഷം മരണവും നിത്യമരണവും മാത്രമാണ് അവകാശം. എന്നാൽ ക്രിസ്തുവിനുവേണ്ടി ജീവനെ കളഞ്ഞവൻ ക്രിസ്തുവിൽ ജീവനെ കണ്ടെത്തുന്നു. അവൻ നിത്യജീവന്റെ അവകാശിയാകയാൽ ക്രിസ്തുവിനോടു കൂടെ, ദൈവത്തോടു കൂടെയുള്ള നിത്യതയുടെ അവകാശിയായിത്തീരുന്നു. എവിടെ ചെല്ലും എന്നു തീരുമാനിക്കുന്നതു നാം തിരഞ്ഞെടുത്തു സഞ്ചരിക്കുന്ന വഴിയല്ലേ? നമ്മുടെ നിത്യതയുടെ ഉറപ്പു നാം ഇന്നു നിത്യതയുടെ പാതയിൽ സഞ്ചരിക്കുന്നതാണെന്നു ഓർക്കുക. അതിനാൽ കർത്താവിന്റെ വാക്കുകളെ നമുക്കു കുറിക്കൊള്ളാം. "തന്റെ ജീവനെ കണ്ടെത്തിയവൻ അതിനെ കളയും; എന്റെ നിമിത്തം തന്റെ ജീവനെ കളഞ്ഞവൻ അതിനെ കണ്ടെത്തും."

പുതുവർഷ ചിന്തകൾ

പോയ വർഷത്തെ വിദ്വേഷങ്ങളുമായി പുതുവർഷത്തിലേക്കു പോകരുത്. മനസ്സിനേറ്റ മുറിവുകളും അസംതൃപ്തിയുമെല്ലാം ഇവിടെ ഉപേക്ഷിക്കുക. - **ജോയൽ ഓസ്റ്റീൻ**

നിങ്ങൾ എവിടെനിന്നു വന്നു എന്നതിനേക്കാൾ പ്രസക്തം എവിടേയ്ക്കു പോകുന്നു എന്നതിനാണ് - **ബ്രെയ്ൻ ട്രേസി**

ഒരു വർഷം വിരമിക്കയും പുതുവർഷം പിറക്കുകയും ചെയ്യുമ്പോൾ നാം നമ്മെ സ്രഷ്ടവിന്റെ കരങ്ങളിലേയ്ക്കു പുനരർപ്പിക്കുകയാണ്. കഴിഞ്ഞുപോയതിനെ ദൈവകരങ്ങളിൽ കൊടുത്തിട്ട് പുതിയതിനെ ഏറ്റുവാങ്ങുന്നു. - **പി.റ്റി. ഹോർട്ടൺ**

കൊയ്ത്തുണ്ട് എന്നതു സത്യമാണ്. പക്ഷേ പുതുവർഷത്തിൽ കൊയ്യാനാഗ്രഹിക്കുന്നതിന്റെ വിത്ത് ഇപ്പോഴേ വിതയ്ക്കാനോർക്കണം. കാരണം കൊയ്ത്തിന്റെ കാലം സമീപമാണ് **- ബാമിംഗ്ബോയ് ഒ.**

പുതുവർഷം ആശംസകൾക്കും അറിയിപ്പുകൾക്കും ആഗ്രഹങ്ങൾക്കും ഉള്ളതല്ല. എല്ലാം നേടുവാനുള്ളതാണ് - **എറിക്ക് തോമസ്**

വിശ്വസ്തനാണെന്ന് അദ്ദേഹത്തിനറിയാമായിരുന്നു" എന്നൊക്കെ വീമ്പിളക്കാൻ തുടങ്ങിയാൽ എന്താവും ഗതി?

രണ്ടു കാര്യങ്ങൾ യിസ്രായേൽ പറയുന്നു. ഒന്ന്, ഞങ്ങൾ നീതിമാന്മാരാണ്. "ഞാൻ ദൈവത്തിനു നിരക്കാത്തതൊന്നും ചെയ്തിട്ടില്ല" എന്നാണ് ഇതിന്റെ വാച്യാർഥം. രണ്ട്, "ഞങ്ങൾ ഹൃദയപരമാർഥികളാണ" ദൈവമല്ലാതെ മറ്റൊന്നും ഞങ്ങളുടെ ഹൃദയത്തിൽ കയറിയിട്ടില്ല എന്നാണ് അടുത്ത അവകാശവാദം.

നമ്മിൽ - വിശ്വാസികളിൽ - പലരും പറയുന്ന വ്യാജ അവകാശവാദങ്ങളാണിത്. "എന്റെ വീട്ടുകാരും നാട്ടുകാരുമൊക്കെ പാപത്തെ പച്ചവെള്ളംപോലെ കുടിച്ച് അധമരായി കഴിഞ്ഞിടത്തു ഞാൻ അത്ര വലിയ ഭക്തനൊന്നുമായിരുന്നില്ലെങ്കിലും ദൈവത്തിനു നിരക്കാത്തത് ഒന്നും ചെയ്യാതെ ജീവിക്കുകയായിരുന്നു. എന്റെ ദൈവം അതു കണ്ട് എന്നെ വീണ്ടെടുത്തു" എന്നൊക്കെ നാം പറയുമ്പോൾ എന്റെ യോഗ്യതകൊണ്ടു ദൈവം എന്നെ രക്ഷിച്ചു എന്നു നാം പറയുകയല്ലേ?

അതല്ലെങ്കിൽ നാം പറയുന്നത് "ഞാൻ കള്ളുകുടിക്കുകയുമൊക്കെ ചെയ്യുമായിരുന്നെങ്കിലും, എന്റെ ഹൃദയത്തിൽ ഒരു നേരുണ്ടായിരുന്നു... അതു ദൈവം കണ്ടു" എന്നായിരിക്കും. ഈ രണ്ടുപ്രസ്താവനകളിലും ഒളിഞ്ഞിരിക്കുന്നത് 'ഞാൻ അത്ര മോശക്കാരനൊന്നുമല്ല' എന്ന അഹങ്കാരമാണ്. നാം അറിയാതെ പറഞ്ഞുപോകുന്ന അഹങ്കാരത്തിന്റെ വാക്കുകളാണിവ. എന്നാൽ അതിനു മേമ്പൊടിയായി "എല്ലാം ദൈവകൃപ" എന്നിങ്ങനെയുള്ള ആത്മീയവാക്കുകൾ നാം വിതറിക്കൊടുക്കുന്നുവെന്നേയുള്ളൂ.

ഈ "നീതിയും" "ഹൃദയപരമാർഥത" യുമൊക്കെ പൊതുജനങ്ങൾക്കു മുമ്പിൽ വിളമ്പാൻ പരിശ്രമിക്കുന്നവരുടെ ചിന്ത ദൈവം അങ്ങനെയുള്ളവരെ മാത്രമേ ഉപയോഗിക്കുകയുള്ളൂ എന്നാണ്. അങ്ങനെ ചിന്തിച്ചാൽ ദൈവകൃപ വ്യർഥമായിപ്പോയി . ദൈവം പറയുന്നത് നീ ദുഷ്ടനും വഞ്ചകനും ഹൃദയപരമാർത്ഥതയില്ലാത്തവനും ആണെന്ന് അറിഞ്ഞുകൊണ്ടുതന്നെയാണ് ഞാൻ നിന്നെ വിളിച്ചതെന്നാണ്. "നീ ദുശാഠ്യമുള്ള ജനമല്ലോ" (ആവർത്തനം 9 : 6).

തെരുവിൽ വളർന്ന സഹോദരങ്ങളായ രണ്ടു

രണ്ടു കാര്യങ്ങൾ യിസ്രായേൽ പറയുന്നു. ഒന്ന്, ഞങ്ങൾ നീതിമാന്മാരാണ്. "ഞാൻ ദൈവത്തിനു നിരക്കാത്തതൊന്നും ചെയ്തിട്ടില്ല"
രണ്ട്, "ഞങ്ങൾ ഹൃദയപരമാർഥികളാണ" ദൈവമല്ലാതെ മറ്റൊന്നും ഞങ്ങളുടെ ഹൃദയത്തിൽ കയറിയിട്ടില്ല

കുട്ടികൾ മോഷണക്കേസിൽ പോലീസ് കസ്റ്റഡിയിലായി. പത്രത്തിൽ വാർത്ത കണ്ടു ഒരു സുവിശേഷകൻ കോടതിയിലെത്തി ഈ കുട്ടികളെ ദത്തെടുക്കുവാനുള്ള കാര്യങ്ങൾ ചെയ്തു. അവരെയും കൊണ്ട് തന്റെ കാറിൽ ഭവനത്തിലേക്കു യാത്ര ചെയ്യുമ്പോൾ പുറകിൽ ഇരുന്നു ചേട്ടൻ അനിയനോടു പറഞ്ഞു: "എടാ നമ്മൾ എങ്ങനെയുള്ളവർ ആണെന്നു ഇങ്ങേർക്കു അറിയത്തില്ലെന്നു തോന്നുന്നു. അല്ലെങ്കിൽ ഇങ്ങേർ നമ്മളെ മക്കളാക്കുമോ? എന്തായാലും അങ്ങേരുടെ വീട്ടിൽ ചെന്നാൽ പിന്നെ നമ്മൾ പഴയ ജീവിതരീതിയൊന്നും പുറത്തെടുത്തേക്കരുത്. അങ്ങേർ നമ്മെ പുറത്താക്കിയാലോ?

ഇതു സുവിശേഷകനും കേൾക്കുന്നുണ്ടായിരുന്നു. "ഞാൻ അബദ്ധം പറ്റി ഇവരെ ദത്തെടുത്തതാണ് എന്നാണ് അവരുടെ ചിന്ത. ഇല്ല... ഞാൻ എല്ലാം അറിഞ്ഞുകൊണ്ടാണ് അതു ചെയ്തത്. ഞാൻ അവർക്കു ഒരു ജീവിതം കൊടുക്കാൻ ആഗ്രഹിച്ചു.... ഒരു പുതിയ ലോകം തന്നെ" ഇതുപോലെ, ദൈവം നമ്മെ വീണ്ടെടുത്തതു നമ്മുടെ ഹൃദയത്തിന്റെ ദുഷ്ടത അറിയാതെയൊന്നുമല്ല. ദൈവത്തിനു അബദ്ധം പറ്റിയതുമല്ല. നമുക്കൊരു പുതിയ ജീവിതം തരാൻ അവിടുന്നു നമ്മുടെ പ്രവൃത്തിയെയും ഹൃദയദുഷ്ടതയെയും മറന്നു. എന്നാൽ അവിടുന്നു നമ്മിൽ നിന്നു ഒരു രൂപാന്തരം പ്രതീക്ഷിക്കുന്നുണ്ട്.

സ്വയം നീതീകരിച്ചു നാം പറയുന്ന ഓരോ സാക്ഷ്യങ്ങളും നമ്മുടെ യോഗ്യതകൊണ്ടു ദൈവം നമ്മെ സഹായിച്ചു എന്നു പറയുന്നതിനു തുല്യമാണ്. അത് അഹങ്കാരവും ദൈവകൃപയുടെ നിഷേധവുമാണ്. നമ്മെ നാമായിത്തന്നെ സ്വീകരിക്കാൻ ദൈവം തയ്യാറായെങ്കിൽ എന്തിന് നാം അഹങ്കരിച്ച് നീതിമാൻ കളിക്കണം?

തിരിച്ചറിവില്ലാത്ത ലോകത്തെ വിവേചിച്ചറിയണം

നല്ലതും തീയതും തിരിച്ചറിയാൻ നമ്മിലെ ഇന്ദ്രിയങ്ങൾ പ്രവർത്തനക്ഷമമായിരിക്കണം. അതോടൊപ്പം നല്ല ശ്രദ്ധയും വിവേചിച്ചറിയാനുള്ള കഴിവും, യോഗ്യമല്ലാത്തതിനെ വർജിക്കാനുള്ള നിശ്ചയദാർഢ്യവും ഉണ്ടായിരിക്കണം. എന്തും ഏതും ആസ്വദിക്കാനുള്ള അനുവാദത്തോടെയല്ല ഇന്ദ്രിയങ്ങളെ നമ്മിൽ ദൈവം പ്രവർത്തനക്ഷമമാക്കിയിരിക്കുന്നത്. നന്മതിന്മകളെ തിരിച്ചറിയാനുള്ള കഴിവു ഏതെനിൽവെച്ചു നേടിയ മനുഷ്യൻ, തിന്മ ഏതെന്നു തിരിച്ചറിഞ്ഞ് ഉപേക്ഷിക്കാനുള്ള ഉത്തരവാദിത്തം കൂടിയാണ് അന്ന് സ്വയം ഏറ്റെടുത്തത്. ഇന്ദ്രിയങ്ങൾക്ക് ആസ്വാദ്യകരമായതെല്ലാം ആരോഗ്യത്തിനും നിലനില്പിനും ഗുണം ചെയ്യുന്നവയായിരിക്കണമെന്നില്ല. പുറമെയുള്ള മനുഷ്യന്റെ കാര്യത്തിൽ അങ്ങനെയാണെങ്കിൽ അകത്തെ മനുഷ്യന്റെ കാര്യം എത്ര ഗൗരവത്തോടെ കാണണം. ഇന്ദ്രിയസുഖത്തെക്കാൾ ആത്മമനുഷ്യന്റെ ആരോഗ്യമാണ് നമുക്കു പ്രധാനം.

നമ്മുടെ നിലപാടുകളെ സ്വാധീനിക്കുന്ന ശക്തി നമ്മുടെ ഇച്ഛകൾ മാത്രമല്ല, നമുക്കു ചുറ്റുമുള്ള ആളുകളും നമ്മെ തെറ്റിക്കാൻ സാധ്യതയുണ്ട്. നമ്മുടെ പ്രകടനങ്ങളെയും പ്രതിഭകളെയും ആളുകൾ അംഗീകരിക്കയും വാക്കുകൊണ്ടു പ്രോത്സാഹിപ്പിക്കയും ചെയ്യുന്നു എന്നതിനാൽ മാത്രം അവ നമുക്കു അനുയോജ്യമായിരിക്കണമെന്നില്ല. ആളുകളുടെ അംഗീകാരത്തെക്കാളുപരി വചനത്തിന്റെ ഉരകല്ലിൽ ഉരച്ചാൽ മാറ്റുവെളിപ്പെടുന്നവയാണ് നമുക്ക് ആശാസ്യമായിട്ടുള്ളവ. എല്ലാവരും പോകുന്ന വിശാലവഴിയല്ലല്ലോ നമ്മുടെ വഴി. നന്മതിന്മകളെ തിരിച്ചറിയാനുള്ള അളവുകോൽ നമുക്കും ലോകത്തിനും വേറേയാണ്.

ഭോഗേച്ഛകളിലേക്കും സ്വയപ്രശംസയിലേക്കും മറ്റും നയിക്കുന്ന ബാഹ്യശക്തികളെ ത്യജിക്കേണ്ടതാവാശ്യമായിരിക്കുന്നതുപോലെതന്നെ, വചനത്തിന്റെ നേർവഴിയിലേക്കു വിരൽചൂണ്ടാൻ ദൈവം നിയോഗിക്കുന്ന ആത്മമനുഷ്യരെ തിരിച്ചറിയാനും അനുസരിക്കാനുമുള്ള വിവേചനശക്തിയും നമുക്കു വേണം. നിർബന്ധത്താലുള്ള അനുസരണമല്ല സ്വയനിർണയത്തിൽനിന്നുള്ള അനുസരണമാണു വേണ്ടത്. പരിശുദ്ധാത്മാവിനാൽ സംസാരിക്കുന്നവരുടെ നിർബന്ധപൂർവ്വമായ പ്രോത്സാഹനം സ്വയനിർണയത്തിലേക്കു നടക്കാൻ നമ്മെ സഹായിക്കും എന്നതു സത്യമാണ്. ഏതായാലും ഇച്ഛാഭംഗത്തോടെയുള്ള അനുസരണവും അനുഗമനവും അർഥരഹിതമാണ്. തികഞ്ഞ ദൈവാശ്രയത്താൽ നേർവഴിയെ മാത്രം നടക്കാൻ നാം പ്രാപ്തരാകും. ദൈവാശ്രയം നല്കുന്ന സുരക്ഷിതത്വബോധത്തിലൂന്നി ഊർജസ്വലമായി ജീവിക്കാനും പ്രവർത്തിക്കാനും ഏവർക്കും കഴിയട്ടെ.



കെ.വി. രാജു

Bank Account Details:

SOUTH INDIAN Bank

Righteous Path Publication Trust
A/c No. 0315053000011215
IFS Code: SIBL 0000315
South Indian Bank,
Kanjikuzhy - Kottayam.

വാർഷിക വരിസംഖ്യ 200 രൂപ

നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ
ഉത്തമ സുഹൃത്തുമായ നേർവീഥി
നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ....


അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം
ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും
കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.01.2020

NERVEEDHI JANUARY 2020
Annual Subscription ₹ 200.00
(Per copy ₹ 20.00)

Postal Registration No. KL/KTM/106/2019-2021
Licence No. KL/CR/KTM/WPP-05/2019-2021
Licensed to Post Without Prepayment

ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ





കുടുംബജീവിതത്തിൽ നിങ്ങൾ സന്തുഷ്ടരോ?
നിങ്ങളുടെ പ്രശ്നങ്ങൾ നിങ്ങൾക്ക് പരിഹരിക്കാൻ കഴിയുന്നവയാണ്.
ഊഷ്മളതയുള്ള കുടുംബ ബന്ധത്തിന് നിങ്ങൾ
ആഗ്രഹിക്കുന്നു എങ്കിൽ ഇതാ...
കുറെ പ്രായോഗിക നിർദ്ദേശങ്ങൾ!

സുരഭിലഭവനം
അനുഗ്രഹീതവും
സന്തുഷ്ടി നിറഞ്ഞതുമായ
കുടുംബജീവിതത്തിന്
ആവശ്യമായ പ്രായോഗിക ഉപദേശങ്ങൾ.

മരിക്കുമ്പോൾ എന്തു സംഭവിക്കുന്നു? മരിച്ചവർ എങ്ങോട്ടു പോകുന്നു?

ആശങ്ക വർധിപ്പിക്കുന്ന അനുമാനങ്ങളും ധാരണകളുമാണ് ലോകത്തിലെ ചിന്തകന്മാർ നൽകുന്ന മറുപടി എന്നാൽ തിരുവചനം ഈ ചോദ്യങ്ങൾക്കു വ്യക്തമായ മറുപടി നല്കുന്നു. വചനത്തിലുടനീളം ഈ അറിവുകൾ വിലപ്പെട്ട മുത്തുകളായി ചിതറിക്കിടക്കുന്നു.
അവയെ തിരഞ്ഞു കണ്ടെടുത്ത് ചിട്ടപ്പെടുത്തിയ പഠനങ്ങളാക്കി നല്കിയിരിക്കുന്ന ആത്മിക പഠന ഗ്രന്ഥമാണ്

പ്രത്യാശ മരണത്തിനപ്പുറം.

ഈ പുസ്തകം ശ്രദ്ധയോടെ വായിച്ചാൽ അറിവു മാത്രമല്ല നിത്യതയ്ക്കായി ഒരുങ്ങാനുള്ള പ്രേരണയും ലഭിക്കും എന്നതു സുനിശ്ചിതമാണ്. പ്രിയപ്പെട്ടവരുടെ മരണം വരുത്തിയ മുറിവുകൾ ഉണങ്ങാനുള്ള ഔഷധമായും ഇതിലെ പ്രത്യാശാവചനങ്ങൾ ഫലകരമായിത്തീരും. അനുഗ്രഹീത ദൈവദാസൻ **ജോയ് എം തോമസ്** എഴുതിയ ഈ ഗ്രന്ഥം ഈ വിഷയത്തിലുള്ള സംശയങ്ങൾക്ക് തൃപ്തികരമായ മറുപടിയാണ്.

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building, Oravakal
Amayannoor P.O
Kottayam - Kerala 686019
Mob: 08547916678
www.nerveedhi.com

Edited, Printed and Published by K.V Raju on behalf of the Righteous Path Publication Trust and printed at Penta Offset Press, Kanjikuzhy, Kottayam–686004 and published at Mackal Building, Amayannoor P.O, Kottayam - 686019.